# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/റ്റി.വിഎം./ജിപി.14/1523/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 09/11/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/റ്റി.വിഎം./ജിപി.14/1523/2023 തീയ്യതി: 09/11/2023

## തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 10-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 11-09-2023 | 19-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-09-2023 | 19-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ബിന്ദു.ഒ, ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീജിത്ത് എസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അൻവർ രാജ്.എം, സീനിയർ ഓഡിറ്റർ
ശ്രീ.രഞ്ജിത്ത്.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഹരികുമാർ.എസ്. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സി.അശോക് | സെക്രട്ടറി | 01-04-2022 | 04-07-2022 |
| ശ്രീമതി.സന്ധ്യ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-07-2022 | 12-10-2022 |
| ശ്രീ. ബി.സജികുമാർ | സെക്രട്ടറി | 13-10-2022 | 27-11-2022 |
| ശ്രീ.ചന്ദ്രബാബു എസ്.എസ്. | സെക്രട്ടറി | 28-11-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷിബു.എം.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 13-09-2022 |
| ശ്രീ.ജിനു അരവിന്ദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 13-09-2022 | 31-03-2023 |
| ഡോ. രമ.എൽ | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി. | 01-04-2022 | 01-06-2022 |
| ഡോ.എലിസബത്ത് ചീരാൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 01-06-2022 | 31-03-2023 |
| ഡോ.അരുണോദയ | വെറ്ററിനറി സർജൻ | 01-04-2022 | 06-08-2022 |
| ഡോ.മനോജ് | വെറ്ററിനറി സർജൻ | 07-08-2022 | 31-03-2023 |
| ശ്രീമതി ശരണ്യ.എസ്.എസ്. | കൃഷി ഓഫീസർ | 01-04-2022 | 05-01-2023 |
| ശ്രീമതി.ലക്ഷ്മി.വി | കൃഷി ഓഫീസർ | 06-01-2023 | 31-03-2023 |
| ശ്രീ. കൃഷ്ണദത്ത്.പി.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 08-04-2022 |
| ശ്രീമതി.സന്ധ്യ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 09-04-2022 | 31-03-2023 |
| കുമാരി ശ്രീദേവി.സി.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷെറീന.വൈ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.സലീന | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ.ലിമ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.നജ്മുദ്ദീൻ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-05-2022 |
| ശ്രീമതി.ഷൈമ.എസ് | ഹെഡ്മിസ്ട്രസ് | 01-07-2022 | 31-03-2023 |
| ശ്രീ.അരുൺ നിഗ്ലി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 01-04-2022 | 31-03-2023 |
| ശ്രീമതി.ഐശ്വര്യ മോഹൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 18-10-2022 | 31-03-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കൃത്യമായ കാലയളവിലുള്ള ധനകാര്യ പത്രിക ഓഡിറ്റിന് സമർപ്പിച്ചില്ല | 1-1-1 |
| 3 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | അസറ്റുകളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക ബാങ്ക് നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | കാലഹരണപ്പെട്ട ചെക്കുകൾ റിക്കൺസിലിയേഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. | 1-1-7 |
| 9 | 71,746/- രൂപ ബാലൻസ് അവശേഷിക്കുന്ന അക്കൗണ്ടുമായി ബന്ധപ്പെട്ട യാതൊരുവിധ രേഖയും ലഭ്യമല്ല | 1-1-8 |
| 10 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് ക്രെഡിറ്റ് ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-1-9 |
| 11 | ബാലൻസ്ഷീറ്റിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന 16,91,569/- രൂപ ട്രഷറി രേഖകൾ പ്രകാരം ഇല്ല | 1-1-10 |
| 12 | ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ ബാങ്ക് അക്കൗണ്ടുകളുടെയും വിവരം ബാലൻസ്ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-11 |
| 13 | ഡെപ്പോസിറ്റ് നൽകിയ തുകകൾ ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-12 |
| 14 | മുൻ വർഷങ്ങളിൽ കൈമാറിയ ഡെപ്പോസിറ്റ് തുകകൾ പ്രവൃത്തി പൂർത്തിയാക്കി നാളിതുവരെ ക്രമീകരിച്ചിട്ടില്ല. | 1-1-13 |
| 15 | അഡ്വാൻസ് തുക ക്രമീകരിക്കേണ്ടതാണ് | 1-1-14 |
| 16 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-15 |
| 17 | വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങൾ രജിസ്റ്ററുകളുമായും മറ്റ് രേഖകളുമായും പൂർണ്ണമായും പൊരുത്തപ്പെടുന്നില്ല. | 1-1-16 |
| 18 | ഗ്രാമപഞ്ചായത്തിന് ലഭിച്ച ചെക്ക് പണമാക്കി മാറ്റിയില്ല. നഷ്ടം 36629 രൂപ | 1-1-17 |
| 19 | മറ്റ് അപാകങ്ങൾ | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | ബജറ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-2-1 |

| | | |
|---|---|---|
| 22 | സാമ്പത്തിക വിശകലനം | 1-3 |
| 23 | ഗ്രാന്റ് വിനിയോഗം | 1-4 |
| 24 | മുൻവർഷം ചെലവഴിക്കാതെ അവശേഷിച്ച തുക തൻവർഷവും ചെലവഴിച്ചിട്ടില്ല | 1-4-1 |
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | ക്ഷേമ പദ്ധതികൾ | 1-6 |
| 27 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 28 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 29 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 30 | തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട കണക്കുകളിലെ അപാകങ്ങൾ | 1-9-1 |
| 31 | തൊഴിലുറപ്പ് പദ്ധതി- അപാകതകൾ | 1-9-2 |
| 32 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 33 | തനത് വരുമാനം സംബന്ധിച്ച നിരീക്ഷണം | 1-11 |
| 34 | ഭരണ സമിതി തീരുമാനത്തിന്മേൽ തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ് | 1-12 |
| 35 | കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-13 |
| 36 | വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-14 |
| 37 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വസ്തു നികുതി ഇനത്തിൽ ഇളവ് അനുവദിച്ചു | 1-14-1 |
| 38 | വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിപാലിക്കുന്നില്ല. | 1-14-2 |
| 39 | റസിഡൻഷ്യൽ ഹോം സ്റ്റേകൾക്കുള്ള നികുതി നിശ്ചയിച്ചിട്ടില്ല | 1-14-3 |
| 40 | വാടക ഇനത്തിലെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-15 |
| 41 | ഗ്രാമ പഞ്ചായത്തിന്റെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. | 1-16 |
| 42 | ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-17 |
| 43 | മുഴുവൻ വളർത്ത് നായ്ക്കൾക്കും ലൈസൻസ് അനുവദിച്ച് നൽകേണ്ടതാണ് | 1-17-1 |
| 44 | റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-17-2 |
| 45 | വാണിജ്യ കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് ഉറപ്പ് വരുത്തേണ്ടതാണ് | 1-17-3 |
| 46 | സാമൂഹ്യ ക്ഷേമ പെൻഷൻ - പെൻഷണറുടെ മരണശേഷവും ബാങ്കിൽ തുക നിക്ഷേപിച്ചു | 1-18 |

| | | |
|---|---|---|
| 47 | കരിച്ചാറ ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - നാളിതുവരെയായും മരുന്നുകൾ ലഭ്യമായിട്ടില്ല | 1-19 |
| 48 | പാലിന് സബ്സിഡി (സംയോജിത പ്രോജക്ട്) - അപേക്ഷകളിലേയും ഗുണഭോക്തൃ പട്ടികകളിലേയും പേരുകളിൽ വ്യത്യാസം വരുന്നു. | 1-20 |
| 49 | തെറ്റായ സ്പെസിഫിക്കേൻ നൽകി അധിക തുക അനുവദിച്ചു- 3,143/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-21 |
| 50 | റൂഫിംഗ് പ്രവർത്തികൾ തെറ്റായ സ്പെസിഫിക്കേഷൻ നൽകി - 9,804/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-22 |
| 51 | റോഡ് കോൺക്രീറ്റിൽ ഫോം വർക്ക് ഉൾപ്പെടുന്ന നിരക്ക് നൽകി- 12,694/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-23 |
| 52 | മെച്ചപ്പെട്ട വിറകടുപ്പ്-പ്രോജക്ട് നിർവ്വഹണം രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തടസപ്പെടുത്തുന്നു- 2,70,000/- രൂപ | 1-24 |
| 53 | അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-25 |
| 54 | അംഗൻ വാടി പ്രവർത്തന അവലോകനം | 1-26 |
| 55 | അംഗൻവാടികൾക്ക് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ് | 1-27 |
| 56 | രേഖകളും വിശദീകരണവും ലഭ്യമാക്കിയില്ല- തുക തടസപ്പെടുത്തുന്നു- 2,72,000 രൂപ | 1-28 |
| 57 | സ്ത്രീ പദവി പഠനം-പെൺ അടയാളം-പ്രോജക്ടിന്റെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-29 |
| 58 | ടെൻഡറിൽ രേഖപ്പെടുത്തിയതിലും അധികം തുക അനുവദിച്ചു- 1,797/- രൂപ തിരികെ അടവാക്കേണ്ടതാണ്. | 1-30 |
| 59 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസ് ഉപയോഗ ശൂന്യമായി മാറുന്നു- അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. | 1-31 |
| 60 | ജനകീയ ഹോട്ടൽ-നവീകരണ പ്രവൃത്തികൾ നടത്തിയിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. | 1-32 |
| 61 | എം.എൻ.ആർ.ജി.എസ് പ്രവർത്തനങ്ങൾക്ക് വാങ്ങിയ തൊഴിലുപകരണങ്ങളുടെ വിനിയോഗം, ചെലവ് തുക റൂക്കപ്പ് ചെയ്തതുമായി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-33 |
| 62 | രേഖകൾ ഹാജരാക്കിയില്ല-ചെലവ് തടസപ്പെടുത്തുന്നു- 60,43,300/- രൂപ | 1-34 |
| 63 | വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനവശേഷിക്കുന്നു. | 1-35 |
| 64 | ആശ്വാസ് പദ്ധതി - മാർഗ്ഗനിർദ്ദേശത്തിൽ നിന്ന് വിഭിന്നമായി പദ്ധതി നിർവ്വഹിച്ചു | 1-36 |
| 65 | അതിദാരിദ്ര്യം പ്രോജക്ട് നിർവ്വഹണം നടത്തിയിട്ടില്ല – തുടർ നടപടി അനിവാര്യം | 1-37 |

| | | |
|---|---|---|
| 66 | വിവിധ വാങ്ങലുകൾക്ക് സ്റ്റോഴ്സ് പർച്ചേസ് ചട്ടങ്ങൾ പാലിച്ചിട്ടില്ല. | 1-38 |
| 67 | അറിവിടം - പഠനകേന്ദ്രം - നൂതന പ്രോജക്ടിന് പ്രത്യേക അനുമതി വാങ്ങിയിട്ടില്ല | 1-39 |
| 68 | പച്ചക്കറി തൈ, വിത്ത് വിതരണം- പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ | 1-40 |
| 69 | ജലസേചന പമ്പ് സെറ്റ് വിതരണം - സ്ഥല പരിശോധന റിപ്പോർട്ട്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല | 1-41 |
| 70 | രജിസ്റ്ററുകൾ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല | 1-42 |
| 71 | അണ്ടർക്കോണം സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നുകൾ വാങ്ങൽ - മരുന്നുകൾ ലഭ്യമാകാൻ വൈകി | 1-43 |
| 72 | ഗവ. ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ഔഷധി കരാർ നിബന്ധന പാലിച്ചില്ല | 1-44 |
| 73 | ചാണകം ഉണക്കി പൊടിച്ച് ജൈവ വളമാക്കുന്ന യൂണിറ്റ് - ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത വ്യക്തിക്ക് പദ്ധതി അനുവദിച്ചു. | 1-45 |
| 74 | വയമ്പ് പുസ്തകം പ്രവർത്തന കലണ്ടർ - സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല. | 1-46 |
| 75 | മുറ്റത്തൊരു മീൻ തോട്ടം - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ നിലനിൽക്കുന്നു. | 1-47 |
| 76 | ബാങ്കിൽ നിന്നും പിൻവലിക്കുന്ന തുകകൾ അതാത് ദിവസത്തെ ബാങ്ക് ബുക്കിൽ പ്രതിഫലിക്കുന്നില്ല | 1-48 |
| 77 | കന്നുകുട്ടി പരിപാലന പദ്ധതി - തുക ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-49 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 15/07/2023 ലെ 1(5)-ാം നം. ജനറൽ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 1-08-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 കൃത്യമായ കാലയളവിലുള്ള ധനകാര്യ പത്രിക ഓഡിറ്റിന് സമർപ്പിച്ചില്ല

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ സെക്ഷൻ 9 (1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഒരു സാമ്പത്തിക വർഷത്തെ സംബന്ധിച്ച അക്കൗണ്ടുകൾ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും ഫോറത്തിലും എക്സിക്യൂട്ടീവ് അതോറിറ്റി തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യേണ്ടതും ആ സാമ്പത്തിക വർഷം അവസാനിച്ച ശേഷം നാലു മാസത്തിനകം ഓഡിറ്റിനായി സമർപ്പിക്കേണ്ടതുമാണ്. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ AIMS സോഫ്റ്റ്‌വെയർ മുഖേന ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക ലഭ്യമാക്കിയതിൽ 1-04-2022 മുതൽ 31-03-2023 വരെയുള്ള റസീപ്റ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂൾ ലഭ്യമാക്കുന്നതിന് പകരം 01-03-2022 മുതൽ 31-03-2023 വരെയുള്ള റസീപ്റ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂൾ ആണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 ന് റസീപ്റ്റ് ആൻഡ് പേയ്മെന്റ് പ്രിന്റ് എടുത്തപ്പോൾ ഡേറ്റ് തെറ്റിപ്പോയതാണെന്ന് മറുപടി അറിയിച്ചിട്ടുണ്ട്. കൃത്യമായ കാലയളവിലെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-2 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം

സമർപ്പിച്ചിട്ടില്ല. പ്രസ്തുത വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണം നം. 7 ന് തുടർന്നുള്ള വർഷങ്ങളിൽ പ്രസ്തുത രേഖകൾ തയ്യാറാക്കി സമർപ്പിക്കുന്നതാണെന്ന് മറുപടി അറിയിച്ചിട്ടുണ്ട്.

## 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalents" പ്രകാരമുള്ള തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് 16821895 രൂപ ആണെങ്കിലും "Net Cash Generated By Operating + Investing + Financing Activities (A+B+C)" പ്രകാരമുള്ള തുക9762115 രൂപ ആണ്. തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. പ്രസ്തുത അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7 ന് ടി റിപ്പോർട്ട് സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്നതാണെന്നും ഇതിന്റെ ആധികാരികത വ്യക്തമല്ല എന്നുമാണ് മറുപടി അറിയിച്ചിരിക്കുന്നത്

## 1-1-4 അസറ്റുകളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

B-11 ഷെഡ്യൂളിൽ Other Fixed Asset ഒഴികെയുള്ള Fixed Assetsകളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. ഇത് സ്ഥാപനത്തിന്റെ ആസ്തി ബാദ്ധ്യതയുടെ കൃത്യതയെ ബാധിക്കുന്നു. പ്രസ്തുത അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 ന് കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-5 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക ബാങ്ക് നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂൾ പ്രകാരം Sarva Siksha Abhiyan അക്കൗണ്ടിൽ 9,196 രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നതായി കാണിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ആവശ്യത്തിനായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ (Central Bank Of India-1243430665) 10,329 രൂപ നീക്കിയിരിപ്പായി അവശേഷിക്കുന്നു. ടി വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 32 ന് ഈ തുകയുടെ ഇന്ററസ്റ്റ് ലയബിലിറ്റി ഹെഡിൽ രേഖപ്പെടുത്താത്തത് കൊണ്ടാണ് വ്യത്യാസം നിലനിൽക്കുന്നതെന്നും ഇത് 2023-24 സാമ്പത്തിക വർഷം പരിഹരിക്കുന്നതാണ് എന്നും മറുപടി അറിയിച്ചിട്ടുണ്ട്. ആയത് ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന നികുതികൾ 2022-23 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി | ഡിമാന്റ് തുക |
|---|---|---|---|
| 110100101 | Property Tax On Residential Buildings | 42201405 / 31.03.2023 | 2756523 |
| 110100102 | Property Tax On Non Residential | 42201407 /31.03.2023 | 3186715 |
| 110200101 | Profession Tax - Institutions | 42201459/ 31.03.2023 | 113140 |
| 110200105 | Profession Tax - Traders | 42201458/ 31.03.2023 | 365530 |

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7 ന് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17 (2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ് , ജേണൽ എൻട്രി മുഖേന യഥാസമയം രേഖപ്പെടുത്താൻ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി അറിയിച്ചിട്ടുണ്ട്.

## 1-1-7 കാലഹരണപ്പെട്ട ചെക്കുകൾ റിക്കൺസിലിയേഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ട്സ് രേഖകൾ ILGMS സോഫ്റ്റ്‌വെയർ പ്രകാരമുള്ള രേഖകൾ എന്നിവ പരിശോധിച്ചതിൽ കാലഹരണപ്പെട്ട ചെക്കുകൾ റിക്കൺസിലിയേഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് നം. | ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | വ്യത്യാസം | റിക്കൺസിലിയേഷൻ വിവരങ്ങൾ |
|---|---|---|---|---|---|
| 1 | 38065062631, SBI Life | 8595549 | 8655549 | 60000 | (+)Cheque Issued But Not Presented To Bank-60000<br>ഇൻസ്ട്രുമെന്റ് നം. 126907, തീ. 30-09-2021<br>(വൗച്ചർ നം. 22000650, Dt. 25-11-2021) |
| 2 | CENTRAL BANK OF INDIA-OWN FUND-( 3012297087) | 26045042 | 27044105 | 999063 | (+)Cheque Issued But Not Presented To Bank<br>1,317,942 |
| | | | | | (+)Cash Or Cheque Withdrawal<br>5,500 |
| | | | | | (-)Cheque Deposited But Not Cleared-324379 |

A. SBI Life ന്റെ (38065062631) റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Issued But Not Presented To Bank ഇനത്തിൽ കാലഹരണപ്പെട്ട 60000/- രൂപയുടെ ചെക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. (ഇൻസ്ട്രുമെന്റ് നം. 126907, തീ. 30-09-2021. "ടി തുക ലൈഫ് പദ്ധതിയ്ക്കായി വി.ഇ.ഒ യ്ക്ക് കൈമാറിയതാണ്. ഇത് ചെലവിൽ രേഖപ്പെടുത്തിയെങ്കിലും ചെക്ക് മാറിയിട്ടില്ല. 2023 -24 സാമ്പത്തിക വർഷം കമ്മിറ്റി തീരുമാനം എടുത്ത് ക്രമപ്പെടുത്തുന്നതാണ് "എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 ന് ലഭിച്ച മറുപടി.

B. തനത് ഫണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Issued But Not Presented To Bank എന്ന ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ആകെ 40 ചെക്കുകളിൽ കാലഹരണപ്പെട്ട 27 ചെക്കുകൾ ഉൾപ്പെട്ടിട്ടുണ്ട്. 325014/- രൂപയുടെ ചെക്കുകളാണ് ഇത്തരത്തിൽ കാലഹരണപ്പെട്ടിട്ടുള്ളത്. അതുപോലെ Cheque Deposited But Not Cleared എന്ന ഇനത്തിൽ കാലഹരണപ്പെട്ട 6 ചെക്കുകൾ ഉൾപ്പെട്ടിട്ടുണ്ട് . 36629/- രൂപയുടെ ചെക്കാണ് (288527/ 25-02-2022) ഇത്തരത്തിൽ കാലഹരണപ്പെട്ടിട്ടുള്ളത്.

കാലഹരണപ്പെട്ട ചെക്കുകൾ ക്രമീകരിക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 ന് ടി ചെക്കുകൾ 2023-24 സാമ്പത്തിക വർഷം പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്ത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണ് എന്ന് മറുപടി അറിയിച്ചിട്ടുണ്ട്. വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്ത് നൽകിയിട്ടുള്ള ചെക്കുകൾ നിശ്ചിത സമയത്തിനുള്ളിൽ പണമാക്കിയിട്ടില്ലെങ്കിൽ പ്രസ്തുത തുക Liability In Respect Of Stale Cheques എന്ന ഹെഡിലേക്ക് മാറ്റേണ്ടതാണ്. മുൻവർഷ കാലാവധി കഴിഞ്ഞ പഞ്ചായത്തിന് ലഭിക്കേണ്ട തുകകൾ തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-8 71,746/- രൂപ ബാലൻസ് അവശേഷിക്കുന്ന അക്കൗണ്ടുമായി ബന്ധപ്പെട്ട യാതൊരുവിധ രേഖയും ലഭ്യമല്ല

ബാലൻസ്ഷീറ്റിലെ B-17 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള OLD VPFA A/C- (001) എന്ന അക്കൗണ്ടിന്റെ ട്രഷറി സ്റ്റേറ്റ്മെന്റ്, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 14 വഴി ആവശ്യപ്പെട്ടതിന് ടി അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിലും ട്രഷറിയിലും ലഭ്യമല്ല എന്നാണ് മറുപടി അറിയിച്ചിരിക്കുന്നത്. 71746/- രൂപയുടെ ബാലൻസ് അവശേഷിക്കുന്ന ടി അക്കൗണ്ടിന്റെ വിവരങ്ങൾ ലഭ്യമല്ലാത്തത് കാരണം ഗ്രാമപഞ്ചായത്തിന്റെ ടി ആസ്തി നഷ്ടപ്പെടാനുള്ള സാധ്യത നിലനിൽക്കുന്നു. ആയതിനാൽ ടി വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി നീക്കിയിരിപ്പ് തുക ഗ്രാമപഞ്ചായത്തിന്റെ നിലവിലെ ട്രഷറി അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-9 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് ക്രെഡിറ്റ് ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ചുവടെ ചേർക്കുന്ന തുകകൾക്ക് അനുസൃതമായ ചെക്കുകൾ ബാങ്കിൽ നിക്ഷേപിച്ചെങ്കിലും ആയത് 31-03-2023 പ്രകാരം ക്രഡിറ്റ് ആയിട്ടില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് | അക്കൗണ്ട് നം. | Cheque Deposited But Not Cleared (ആകെ തുക) |
|---|---|---|---|
| 1 | CANARA BANK Cfc E Gram KAZHAKUTTAM | 2762101013052 | 5500 (Cheque No. 039839 , 31-03-2023) |
| 2 | CENTRAL BANK OF INDIA-OWN FUND KANIYAPURAM | 3012297087 | 324379 |
| 3 | SBI-E PAY KAZHAKOOTTAM | 32956439953 | 2401 |
| 4 | LGTSB Sub Treasury Kazhakuttam KAZHAKKOOTTAM | 99013000000307 | 30000 |
| ആകെ | | | 362280 |

ടി തുകകൾ പൂർണ്ണമായും പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 ന് ടി തുകകൾ 2023-24 സാമ്പത്തിക വർഷം ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റ് ഓഡിറ്റ് വേളയിൽ ഹാജരാക്കാത്തതിനാൽ മറുപടിയുടെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല. ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-1-10 ബാലൻസ്ഷീറ്റിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന 16,91,569/- രൂപ ട്രഷറി രേഖകൾ പ്രകാരം ഇല്ല

ഗ്രാമപഞ്ചായത്തിന്റെ 701051400000010 നമ്പർ ട്രഷറി അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരമുള്ള ബാലൻസ് തുക 16,91,569/- രൂപയാണ്. എന്നാൽ BIMS ൽ നിന്നും ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 0 രൂപയാണ് ബാലൻസ് തുക. റിക്കൺസിലിയേഷൻ റിപ്പോർട്ടിൽ Directly Debited By Bank എന്ന ഇനത്തിൽ 1,691,569/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാനും ടി അക്കൗണ്ടുമായി ബന്ധപ്പെട്ട ട്രഷറി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 ന് "ടി തുക ട്രഷറി സ്റ്റേറ്റ്മെന്റിൽ വന്ന അപാകതയാണ്. 2020-21 സാമ്പത്തിക വർഷം മുതൽ നിലനിൽക്കുന്നു. ട്രഷറിൽ കത്ത് നൽകിയിട്ടുണ്ട്. ട്രഷറിയിൽ നിന്നും പരിഹരിക്കുന്ന മുറയ്ക്ക് സോഫ്റ്റ്വെയറിൽ ക്രമീകരിക്കുന്നതാണ്" എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ടി വിഷയവുമായി ബന്ധപ്പെട്ട പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുന്ന ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-1-11 ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ ബാങ്ക് അക്കൗണ്ടുകളുടെയും വിവരം ബാലൻസ്ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

ILGMS നിന്നും ലഭ്യമായ ഗ്രാമപഞ്ചായത്തിന്റെ ചുവടെ ചേർക്കുന്ന അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് സംബന്ധിച്ച വിവരം ബാലൻസ്ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല. ടി അക്കൗണ്ടുകളെ സംബന്ധിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റിന്റെ പകർപ്പോ, ബാങ്ക് പാസ്ബുക്കോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നം. |
|---|---|
| District Co-operative Bank | SB LB 15 |
| Indian Overseas Bank | 216201000008180 |
| CANARA Health Grant KL 280 | 110049180509 |
| CANARA QR CODE | 120024222455 |

പ്രസ്തുത അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 ന് ടി അക്കൗണ്ടുകളിൽ ട്രാൻസാക്ഷൻ ഇല്ലാത്തതിനാലാണ് ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്താത്തത് എന്നാണ് ലഭിച്ച മറുപടി. ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് നടപടി

സ്വീകരിക്കേണ്ടതും അല്ലാത്തവയുടെ വിവരം ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-1-12 ഡെപ്പോസിറ്റ് നൽകിയ തുകകൾ ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടില്ല.

സുലേഖ ചെലവ് പത്രിക പ്രകാരം നിക്ഷേപ പ്രവൃത്തികൾക്കായി 2022-23 വർഷം ചെലവ് ചെയ്ത തുകകൾ വാർഷിക ധനകാര്യ പത്രികയിലെ RP -49 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോ നം./ പേര് | നൽകിയ ഏജൻസി | തുക |
|---|---|---|
| 92/വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | കെ എസ് ഇ ബി | 100000 |
| 43/ ഗതാഗത തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്കൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | കെ എസ് ഇ ബി | 99302 |
| 231/ പള്ളിപ്പുറം ടേക്ക് എ ബ്രേക്കിന് വാട്ടർ കണക്ഷൻ- വാട്ടർ അതോറിറ്റിക്ക് തുക നൽകൽ | വാട്ടർ അതോറിറ്റി | 45725 |
| 154/ ആലുംമൂട് കോയ്ത്തൂർക്കോണം മാർക്കറ്റുകളിൽ കുഴൽകിണർ | ഭൂജല വകുപ്പ് | 186832 |
| ആകെ | | 431859 |

പ്രസ്തുത അപാകം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 14 ന് ഐ.എൽ.ജി.എം.എസ് ആയതിന് ശേഷം പേയ്മെന്റുകളെല്ലാം Amount Payable To Other Creditors എന്ന ഹെഡിലേക്കാണ് പോകുന്നതെന്നും ആയതിനാലാണ് റസീപ്റ്റ് ആൻഡ് പേയ്മെന്റിൽ ഉൾപ്പെടാത്തതെന്നും മറുപടി അറിയിച്ചിട്ടുണ്ട്.

## 1-1-13 മുൻ വർഷങ്ങളിൽ കൈമാറിയ ഡെപ്പോസിറ്റ് തുകകൾ പ്രവൃത്തി പൂർത്തിയാക്കി നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

ഡെപ്പോസിറ്റ് ഇനത്തിൽ മുൻവർഷങ്ങളിൽ വാട്ടർ അതോറിറ്റിയ്ക്കും ഇലക്ട്രിസിറ്റി ബോർഡിനും നൽകിയ തുകകൾ (2021-22 സാമ്പത്തിക വർഷത്തെ ബാലൻസ്ഷീറ്റിലെ B-18 പ്രകാരം) നാളിതുവരെ ക്രമീകരിച്ചിട്ടില്ല. 2022-23 വർഷത്തെ ബാലൻസ് ഷീറ്റിലെ B- 18 ഷെഡ്യൂളിൽ തൻവർഷം ഡെപ്പോസിറ്റ് ഇനത്തിൽ കൈമാറിയ തുകയ്ക്ക് പുറമേ ടി തുകയും മാറ്റമില്ലാതെ തുടരുന്നുണ്ട്

| സ്ഥാപനം | 2021-22 വർഷത്തെ B-18 പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയ തുക | 2022-23 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയ തുക | ആകെ (= തൻവർഷത്തെ B 18) |
|---|---|---|---|
| വാട്ടർ അതോറിറ്റി | 2140500 | 45725 | 2186225 |
| കെ.എസ്.ഇ.ബി | 2309766 | 199302 | 2509068 |

മുൻവർഷങ്ങളിൽ കൈമാറിയ തുകയ്ക്ക് അനുസൃതമായ വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായിട്ടുള്ള പക്ഷം ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്ത പക്ഷം പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം അടിയന്തിരമായി ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് സ്ഥാപനങ്ങൾക്ക് കത്ത് നൽകുന്നതാണെന്ന് മറുപടി അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കും മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കുന്നതിന് വേണ്ട നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

## 1-1-14 അഡ്വാൻസ് തുക ക്രമീകരിക്കേണ്ടതാണ്

ട്രയൽ ബാലൻസിൽ Advance To Other Accredited Agencies (460500499)എന്ന ഇനത്തിൽ 130620 രൂപയുടെ മുന്നിരിപ്പും Advance To Other Authorised Agencies (460500399) എന്ന ഇനത്തിൽ 797200 രൂപയുടെ മുന്നിരിപ്പും രേഖപ്പെടുത്തിയിട്ടുണ്ട്. തൻ വർഷം ഈ ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.ടി അഡ്വാൻസ് തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല. തുകയുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനും അല്ലാത്ത പക്ഷം പ്രവർത്തി അടിയന്തിരമായി പൂർത്തിയാക്കി തുക ക്രമീകരിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 41 ന് ടി തുക ഹെഡ് മാറി നൽകിയതാണ്, നടപ്പു സാമ്പത്തിക വർഷം പരിഹരിച്ച് നൽകുന്നതാണ് എന്നാണ് മറുപടി അറിയിച്ചിട്ടുള്ളത്. ടി മുൻകൂർ തുക നൽകിയതുമായി ബന്ധപ്പെട്ട പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-1-15 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

വിവിധയിനം വരവ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ അവ പ്രതിമാസം ക്ലോസ് ചെയ്ത് ലെഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുകകൾ വർഷാന്ത്യത്തിൽ രേഖപ്പെടുത്തി ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്ന രീതിയാണ് തുടർന്ന് വരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 32ന് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ വന്നതിന് ശേഷം ലെഡ്ജർ പ്രിന്റ് എടുത്ത് സൂക്ഷിക്കാറില്ല എന്നാണ് ലഭിച്ച മറുപടി. മറുപടി വ്യക്തവും തൃപ്തികരവുമല്ല. രജിസ്റ്ററുകളിലെ വിവരം ലെഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-16 വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങൾ രജിസ്റ്ററുകളുമായും മറ്റ് രേഖകളുമായും പൂർണ്ണമായും പൊരുത്തപ്പെടുന്നില്ല.

1. അസി . എഞ്ചിനീയർ ലഭ്യമാക്കിയ പാർട്ട് ബിൽ സംബന്ധിച്ച വിവരങ്ങൾ പ്രകാരം 614041 രൂപയാണ് 2022-23 സാമ്പത്തിക വർഷം പാർട്ട് ബിൽ ആയി നൽകിയിട്ടുള്ളത്. എന്നാൽ 2022-23 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരം 603,627 രൂപയാണ് പാർട്ട് ബിൽ ആയി നൽകിയിട്ടുള്ളത്. (Capital Work In Progress). ടി വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 32 എ.എഫ്.എസ് തയ്യാറാക്കുന്ന സമയത്ത് എ.ഇ ഓഫീസിൽ നിന്നും നൽകിയിട്ടുള്ള പാർട്ട് ബിൽ വിവരങ്ങൾ പ്രകാരമാണ് Capital Work In Progress ൽ തുകകൾ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നാണ് ലഭിച്ച മറുപടി.

2. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ ഡിമാന്റ്-കളക്ഷൻ-ബാലൻസ് റിപ്പോർട്ടും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്-കളക്ഷൻ-ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല . വിശദാംശം ചുവടെ ചേർക്കുന്നു.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | എ.എഫ്.എസ് പ്രകാരം | സഞ്ചയയിൽ നിന്നും ലഭ്യമായ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം | എ.എഫ്.എസ് പ്രകാരം | സഞ്ചയയിൽ നിന്നും ലഭ്യമായ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം | എ.എഫ്. എസ് പ്രകാരം | സഞ്ചയയിൽ നിന്നും ലഭ്യമായ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം |
| Residential Building (Current) | 2756523 | 3054206 (2905517+ 148689) | 2894349 | 3043573 (2895858+ 147715) | 0 | 3738 (3561+ 177) |
| Non-Residential Building (Current) | 3186715 | 3245617 (3090281+ 155336) | 3302799 | 3212973 (3059264+ 153709) | 45415 | 44448 (42331+ 2117) |
| Residential Building (Arrear) | 315780 | 282508 (268136+ 14372) | 265644 | 285335 (271576+13759) | 0 | 198 (181+17) |

| | | | | | | |
|---|---|---|---|---|---|---|
| Non-Residential Building (Arrear) | 383137 | 397567 (378370+ 19197) | 272773 | 238804 (227370+ 11434) | 171262 | 160032 (152403+ 7629) |
| ആകെ | 6642155 | | 6728980 | | 216677 | |

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 32 ന് സഞ്ചയ പ്രകാരമാണ് ഡിമാന്റുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. കളക്ഷൻ ഫ്രണ്ട് ഓഫീസ് വഴിയാണ് സ്വീകരിക്കുന്നത്. എന്നാൽ സഞ്ചയയിൽ ബുക്ക് അഡ്ജസ്റ്റ്മെന്റുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വ്യത്യാസമാണ് സഞ്ചയയും ഐ. എൽ.ജി. എം. എസ് ഉം തമ്മിൽ നിലനിൽക്കുന്നത് എന്നാണ് മറുപടി അറിയിച്ചിട്ടുള്ളത്

3. ഗ്രാമപഞ്ചായത്തിലെ വാടക രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തെ ആകെ ഡിമാന്റ്- കളക്ഷൻ- ബാലൻസ് തുകകൾ 0 ആണ്. കെട്ടിടങ്ങളിൽ മെയിന്റനൻസ് വർക്ക് നടന്നിരുന്നതിനാൽ പ്രവർത്തിച്ചിരുന്നില്ല എന്നാണ് ഇതിന് കാരണമായി അറിയിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ Rent Receivables From Buildings(Current) എന്ന ഹെഡിൽ 13432 രൂപയുടെ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതേ തുക തന്നെ ഡിമാന്റ് ആയും രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 32ന് മറുപടി നൽകിയിട്ടില്ല. വരവുതുകയുടെ ആധികാരികത ഉറപ്പുവരുത്തേണ്ടതാണ്.

4. Pension വിതരണം സംബന്ധിച്ച ഡി.ബി.റ്റി സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് (I-14-D) | ഡി-ബി-റ്റി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് |
|---|---|---|
| വാർദ്ധക്യ പെൻഷൻ | 27523400 | 31483600 |
| വികലാംഗ പെൻഷൻ | 3694600 | 4232400 |
| കർഷക പെൻഷൻ | 660800 | 749400 |
| വിധവാ പെൻഷൻ | 11080700 | 12820700 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 162000 | 185600 |

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ (ഓഡിറ്റ് എൻക്വയറി നം. 41) എ.എഫ്.എസ് തയ്യാറാക്കുന്ന വേളയിൽ സെക്ഷനിൽ നിന്നും ലഭ്യമായ ചെലവാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നാണ് മറുപടി ലഭ്യമാക്കിയത്.

5.ഗ്രാമ പഞ്ചായത്തിൽ പരിപാലിക്കുന്ന ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക വാർഷിക ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | ലോൺ രജിസ്റ്റർ പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | (കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല) * | 29152751 |
| 2022-23 | 1680000 | 1680000 |

| | | |
|---|---|---|
| സാമ്പത്തിക വർഷം ലഭിച്ച തുക | | |
| 2022-23 സാമ്പത്തിക വർഷം തിരിച്ചടച്ച തുക | 3292769 | 3292769 |
| ബാലൻസ് | 22195093 | 27539982 |

* 2022-23 സാമ്പത്തിക വർഷം വരെ ആകെ 30846000 രൂപ ലോണായി ലഭിച്ചെന്നും അതിൽ 8650907 രൂപ നാളിതുവരെ തിരിച്ചടച്ചെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ലോൺ രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കി സൂക്ഷിച്ചിട്ടുമില്ല . പ്രസ്തുത അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 43 ന് മറുപടി നൽകിയിട്ടില്ല. കൃത്യമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

6. ഗ്രാമപഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടെ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തിൽ Advance To Implementing Officers എന്ന ഹെഡിൽ 50000 രൂപയുടെ വരവ് ഉണ്ടെങ്കിലും (കേരളോത്സവത്തിനായി നൽകിയ അഡ്വാൻസ് തുക) പ്രസ്തുത തുക റീക്കപ്പ് ചെയ്ത വിവരം അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല . വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 ന് രജിസ്റ്റർ കാലികമാക്കി സമർപ്പിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. കാലികമാക്കിയ രജിസ്റ്റർ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-1-17 ഗ്രാമപഞ്ചായത്തിന് ലഭിച്ച ചെക്ക് പണമാക്കി മാറ്റിയില്ല. നഷ്ടം 36629 രൂപ

തനത് ഫണ്ട് ബാങ്ക് അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ (3012297087) Cheque Deposited But Not Cleared എന്ന ഇനത്തിൽ കാലഹരണപ്പെട്ട 36629/- രൂപയുടെ ചെക്ക് ഉൾപ്പെടുത്തിയിട്ടുണ്ട് (ചെക്ക് നം. 288527/25-02-2022). തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൌച്ചർ നം. | ചെക്ക് നം. | തീയതി | തുക |
|---|---|---|---|---|
| 1 | 1210104700 | 288527 | 25-02-2022 | 21,655 |
| 2 | 1210104701 | 288527 | 25-02-2022 | 14500 |
| 3 | 1210104704 | 288527 | 25-02-2022 | 282 |
| 4 | 1210104705 | 288527 | 25-02-2022 | 32 |
| 5 | 1210104706 | 288527 | 25-02-2022 | 124 |
| 6 | 1210104707 | 288527 | 25-02-2022 | 36 |
| | | | ആകെ | 36629 |

ലഭിക്കുന്ന ചെക്കുകളുടെ കാലാവധി 3 മാസമാണെന്നിരിക്കെ കൃത്യമായ സമയപരിധിയ്ക്കുള്ളിൽ പണമാക്കി മാറ്റാത്തതിനാൽ ടി തുക പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്. കാലഹരണപ്പെട്ട ചെക്കുകൾ ക്രമീകരിക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 ന് ടി ചെക്കുകൾ 2023-24 സാമ്പത്തിക വർഷം പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്ത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണ് എന്ന് മറുപടി അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന് ലഭിക്കേണ്ട 36629 രൂപ തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-18 മറ്റ് അപാകങ്ങൾ

1. 2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല . പ്രസ്തുത അപാകം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 7 ന് അടുത്ത വാർഷിക പത്രിക തയ്യാറാക്കുമ്പോൾ ആയത് ശ്രദ്ധിക്കുന്നതാണെന്ന് മറുപടി

അറിയിച്ചിട്ടുണ്ട്.

2. 2021-22 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരം Receivables For Profession Tax - Institutions എന്ന ഇനത്തിൽ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ 2022-23 സാമ്പത്തിക വർഷത്തെ റസീപ്റ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂൾ പ്രകാരം 9710 രൂപ Receivables For Profession Tax - Institutions (Arrears ) എന്ന ഇനത്തിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. ഡിമാന്റ് ഇല്ലാത്ത അരിയർ ഇനത്തിന് കളക്ഷൻ ലഭിച്ചത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 ന് ടി തുകയ്ക്ക് വൗച്ചർ നം. 42201460 എന്ന ജേണൽ എൻട്രി പ്രകാരം അരിയർ ഡിമാന്റ് രേഖപ്പെടുത്തിയിട്ടുണ്ട് എന്നാണ് ലഭിച്ച മറുപടി. മുൻവർഷത്തെ ബാലൻസ്ഷീറ്റിൽ പ്രസ്തുത തുക സംബന്ധിച്ച ഡിമാന്റ് രേഖപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2022-23 വർഷത്തെ ട്രയൽ ബാലൻസിൽ Outdoor Collection Control Account എന്ന ഹെഡിൽ 38869/- രൂപയുടെ ക്രഡിറ്റ് ബാലൻസ് കാണിക്കുന്നുണ്ട്. ടി തുക ഗ്രാമപഞ്ചായത്തിന്റെ ബാലൻസ്ഷീറ്റിൽ ഉൾപ്പെട്ടിട്ടുമില്ല. വിശദാംശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 ന് ട്രയൽബാലൻസ് സോഫ്റ്റ്വെയറിൽ നിന്നും ജനറേറ്റ് ആയി വരുന്ന റിപ്പോർട്ട് ആണിത്. ഇതിന്റെ ആധികാരികത വ്യക്തമല്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. തുക ക്രമീകരിച്ച് പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4.2021-22 സാമ്പത്തിക വർഷത്തെ ബാലൻസ്ഷീറ്റ് B-7 ഷെഡ്യൂളിൽ ഉൾപ്പെട്ടിരുന്ന ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റുകൾ 2022-23 വർഷവും ക്രമീകരിച്ചിട്ടില്ല

| ഹെഡ് കോഡ് | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 340100303 | Election Deposit | 94500 |
| 340200199 | Other Deposits | 705008 |
| 340800101 | Deposit Received From Others | 32350 |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 ന് അടുത്ത വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്ന അവസരത്തിൽ ഡെപ്പോസിറ്റുകൾ ക്രമീകരിക്കുന്നതാണെന്ന് മറുപടി അറിയിച്ചിട്ടുണ്ട്.

5.നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ് എന്നിവർക്ക് നൽകിയ തുക സംബന്ധിച്ച വിവരം ഹാജരാക്കിയ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 32 ന് ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സമർപ്പിക്കുന്നതാണ് എന്ന് മറുപടി നൽകിയെങ്കിലും രജിസ്റ്റർ ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച

വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസാക്കിയ തീയതി | 26-03-2022 | 23-03-2023 |
| ഭരണസമിതി തീരുമാനം | 01/ 01 | 1/ 1 |
| മുന്നിരിപ്പ് | 6372106 | 4716210 |
| പ്രതീക്ഷിത വരവ് | 479691500 | 361648500 |
| ആകെ | 486063606 | 366364710 |
| പ്രതീക്ഷിത ചെലവ് | 476081500 | 362216500 |
| നീക്കിയിരിപ്പ് | 9982106 | 4148210 |

## 1-2-1 ബജറ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ

ബജറ്റുമായി ബന്ധപ്പെട്ട പൂർണ്ണമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

എ) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ (Annexure 6)

3. പെർഫോമൻസ് ബജറ്റ് (Annexure 10)

4. ജെൻഡർ ബജറ്റ് (Annexure 11)

5. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

ബജറ്റുമായി ബന്ധപ്പെട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ മേൽപ്പറഞ്ഞ രേഖകൾ ഉൾപ്പെട്ടിട്ടില്ല.

ബി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രതിമാസ അവലോകനം നടത്തിയതുമായി ബന്ധപ്പെട്ട് മറ്റ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല

സി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള വാർഷിക അവലോകനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഡി) ബജറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്,

സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ഘടകസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഭാഗികമായ ആവശ്യകതാ പട്ടിക മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്.

ബജറ്റുമായി ബന്ധപ്പെട്ട പൂർണ്ണമായ രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 28 ന് മറുപടി നൽകിയിട്ടില്ല. പൂർണ്ണമായ രേഖകൾ ബജറ്റ് ഫയലിനൊപ്പം സൂക്ഷിക്കാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 29556077 |
| ഓഡിറ്റ് വർഷത്തെ വരവ് | 59949419 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 43127524 |
| നീക്കിയിരിപ്പ് | 46377972 |

വികസന ഫണ്ട്, സംരക്ഷണഗ്രാന്റ്, ധനകാര്യകമ്മിഷൻ ഗ്രാന്റ് (ട്രഷറി അലോട്ട്മെന്റ്) എന്നീ ഗ്രാന്റുകളുടെ വരവ്, ചെലവ് തുക രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം പഞ്ചായത്തിന്റെ വരവ് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കും വിധമാണ്

| ക്രമ നം. | ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ) | 0 | 21709011 | 21709011 | 22827464 | -1118453 |
| 2 | വികസനഫണ്ട് (എസ്.സി.പി) | 0 | 11827220 | 11827220 | 9398808 | 2428412 |
| 3 | വികസനഫണ്ട് (CFC Tied) | 0 | 6019000 | 6019000 | 2744916 | 3274084 |
| 4 | വികസനഫണ്ട് (CFC Untied | 0 | 4002822 | 4002822 | 3569772 | 433050 |
| 5 | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 6362000 | 6362000 | 4011770 | 2350230 |
| 6 | മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 4743000 | 4743000 | 2207541 | 2535459 |
| 7 | CSS | 0 | 0 | 0 | 1210000 | -1210000 |
| 8 | SSS | 0 | 0 | 0 | 628000 | -628000 |

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു

1. CSS Fund, SSS Fund എന്നിവയുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

2. ഗ്രാമ പഞ്ചായത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഗ്രാന്റുകളുടെ Allotment ഉത്പാദനം-സേവനം- പശ്ചാത്തലം എന്നീ മേഖലകളിൽ പ്രയോജനപ്പെടുത്തിയതിന്റെ വിശദാംശം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓരോ ഫണ്ടിന്റെയും ഈ 3 മേഖലകളിലുമുള്ള Allotment തുകയും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവും തമ്മിൽ അന്തരം നിലനിൽക്കുന്നുണ്ട് . ഇക്കാരണത്താൽ ഓരോ മേഖലയിലുമുള്ള ഓരോ ഫണ്ടിന്റെയും ചെലവ് ശതമാനം കൃത്യത പുലർത്തുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഉത്പാദനം | സേവനം | പശ്ചാത്തലം | ആകെ | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം യഥാർത്ഥ വരവ് |
|---|---|---|---|---|---|
| വികസനഫണ്ട്- പൊതു വിഭാഗം | 14119317 | 141111324 | 3187479 | 158418120 | 21709011 |
| വികസനഫണ്ട്- എസ്.സി.പി | - | 186538888 | - | 186538888 | 11827220 |

ചെലവ് ശതമാനം

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് (%) |
|---|---|---|---|---|
| ഉത്പാദനം | പൊതു വിഭാഗം | 14119317 | 5487826 | 38.00% |
| | പട്ടിക ജാതി വിഭാഗം | 0 | 0 | 0 |
| സേവനം | പൊതു വിഭാഗം | 141111324 | 15193821 | 10.70% |
| | പട്ടിക ജാതി വിഭാഗം | 186538888 | 9398808 | 5% |
| പശ്ചാത്തലം | പൊതു വിഭാഗം | 3187479 | 2145817 | 67.00% |
| | പട്ടിക ജാതി വിഭാഗം | - | - | - |

3. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ എ.സി.ആർ- ഉമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | എ. സി. ആർ പ്രകാരമുള്ള ചെലവ് |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 22827464 | 18887475 |
| വികസനഫണ്ട് (എസ്.സി.പി) | 9398808 | 8732028 |
| വികസനഫണ്ട് (CFC Tied) | 2744916 | 2889916 |

മേൽപ്പറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 45 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യമായ മറുപടി അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കാൻ താത്പര്യപ്പെടുന്നു.

## 1-4-1 മുൻവർഷം ചെലവഴിക്കാതെ അവശേഷിച്ച തുക തൻവർഷവും ചെലവഴിച്ചിട്ടില്ല

1. പ്രത്യേക ഉദ്ദേശങ്ങൾക്കായി മുൻവർഷങ്ങളിൽ ലഭിച്ച Grants / Contributions തുകകൾ 2022-23 സാമ്പത്തിക വർഷവും ചെലവഴിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2022-23 വർഷത്തെ വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320700104 | Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats | 1636 |
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 1746002 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats | 57830 |
| 320800101 | Beneficiary Contributions | 807418 |
| 320900102 | Donations Related To Pandemic/Epidemic Control | 12506 |

തുക ചെലവഴിക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7 ന് പൂർണ്ണവും വ്യക്തവുമായ മറുപടി ലഭ്യമാക്കിയിട്ടില്ല . ("മുൻവർഷങ്ങളിൽ ഗ്രാന്റ്സ്/ കോൺട്രിബ്യൂഷൻ ഇനങ്ങളിൽ ലഭിച്ച തുകയാണ് എ. എഫ്.എസ്- ഇൽ ഉൾപ്പെട്ടിരിക്കുന്നത്. 320900102 - കോവിഡ് ഡൊണേഷൻ ഇനത്തിൽ ലഭിച്ച തുകയാണ്.

ആയത് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണ്'" എന്നാണ് ലഭിച്ച മറുപടി)

2. ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ പിരിച്ചെടുത്ത 807418- രൂപ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. പ്രസ്തുത തുക ഏതൊക്കെ പ്രവർത്തികൾക്കായി ലഭിച്ചതാണെന്നും ആയത് ചെലവഴിക്കാത്തതിന്റെ കാരണവും ഓഡിറ്റ് എൻക്വയറി നം. 7 വഴി അന്വേഷിച്ചിരുന്നെങ്കിലും വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3. 2022-23 വർഷത്തെ ബാലൻസ്ഷീറ്റിൽ Grants, Funds & Contributions For Specific Purposes - Other Government Agencies എന്ന ഹെഡിൽ 5689298 രൂപയുടെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 875190 രൂപ മുൻ വർഷം ചെലവഴിക്കാതെ അവശേഷിച്ചിരുന്നതും 4814108 രൂപ തൻ വർഷത്തെ വരവുമാണ്. 2022-23 സാമ്പത്തിക വർഷം തുക ചെലവഴിച്ചിട്ടില്ല. പ്രസ്തുത തുക ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 14. വഴി ആവശ്യപ്പെട്ടതിന് ടി തുക ലൈഫ് സ്റ്റേറ്റ്ഷെയറിനു ലഭ്യമായ തുകയും അതിന്റെ പലിശയും ചേർന്ന തുകയാണ് . ലൈഫ് സ്റ്റേറ്റ് ഷെയറിന് 2022-23 സാമ്പത്തിക വർഷം ചെലവില്ലാത്തതിനാലാണ് തുക ഹെഡിൽ അവശേഷിക്കുന്നത് എന്നാണ് ലഭിച്ച മറുപടി. തുക ചെലവഴിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

4. 2021-22സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ Balance Sheet ലെ B9 ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന തുകകൾ 2022-23 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിലും മാറ്റമില്ലാതെ ഉൾപ്പെട്ടിട്ടുണ്ട്.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 350200119 | Recoveries Payable - Covid | 174250 |
| 350300103 | Government<br>And Other Dues Payable -<br>Value Added Tax | 25234 |

പ്രസ്തുത തുക സംബന്ധിച്ച് നാളിതുവരെ നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 7 വഴി ആവശ്യപ്പെട്ടതിന് 350200119 എന്ന ഹെഡിൽ കോവിഡ് സമയത്ത് മെമ്പർമാരുടെ ഹോണറേറിയത്തിൽ നിന്നും റിക്കവർ ചെയ്ത തുകയാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും ഇത് ക്രമീകരിക്കുന്നതിന് വേണ്ട നിർദ്ദേശം നാളിതുവരെ വന്നിട്ടില്ല, ഉത്തരവ് വരുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്നും ആണ് മറുപടി അറിയിച്ചത്. മറുപടി പൂർണ്ണമല്ല. VAT ഇനത്തിൽ അടവാക്കേണ്ട തുക സംബന്ധിച്ച വിശദീകരണം കൂടി ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം


ഫണ്ട് വിനിയോഗം

2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.


(എ)

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 25649000 | 22827464 | 2821536 |
| വികസനഫണ്ട് എസ്.സി.പി | 12494000 | 9398808 | 3095192 |
| മെയിന്റനൻസ് | 6362000 | 4011770 | 2350230 |

| | | | |
|---|---|---|---|
| ഗ്രാന്റ് നോൺറോഡ് | | | |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 4743000 | 2207541 | 2535459 |
| ആകെ | 49248000 | 38445583 | 10802417 |




ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം രേഖാ ചിത്രമായി ചേർക്കുന്നു.




(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് (ഗുണഭോക്തൃ വിഹിതം ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 9 | 1 | 2739019 | 2335878 | 85.28 |
| വെറ്ററിനറി സർജൻ | 4 | 4 | 0 | 1272500 | 1235546 | 97.09 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 6 | 6 | 0 | 2719886 | 2719886 | 100 |

| | | | | | | |
|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 1 | 1 | 0 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 3 | 3 | 0 | 1000000 | 1000000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 7 | 6 | 1 | 21608100 | 4485900 | 20.76 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 14 | 7 | 7 | 22207500 | 11467500 | 51.63 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 14 | 14 | 0 | 6876000 | 6045142 | 87.9 |
| സെക്രട്ടറി | 54 | 40 | 14 | 21617112 | 12152907 | 56.21 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 62 | 41 | 21 | 21404792 | 7074249 | 33.2 |
| ഹെഡ് മാസ്റ്റർ | 4 | 3 | 1 | 1969500 | 469074 | 23.8 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 6 | 6 | 0 | 2100852 | 1767859 | 84.14 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 6 | 2 | 4037560 | 2922544 | 72.38 |
| ഫിഷറീസ് ഇൻസ്ട്രക്ടർ | 1 | 1 | 0 | 32000 | 32000 | 100 |
| | 194 | 147 | 47 | | | |

(സി)ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 30163901 | 22827464 | 75.67 |
| എസ്.സി.പി. | 12529888 | 9398808 | 75.01 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 10355655 | 6314688 | 60.98 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 9620000 | 1210000 | 12.58 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 15792745 | 628000 | 3.98 |
| തനത് ഫണ്ട് | 4350208 | 2047049 | 47.05 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 8095173 | 1857279 | 22.94 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 7607936 | 2858500 | 37.57 |
| മെയിന്റനൻസ് റോഡ് | 4359929 | 2207541 | 50.63 |
| മെയിന്റനൻസ് റോഡിതരം | 6362000 | 4011770 | 63.05 |
| മറ്റുള്ളവ | 32546150 | 1987245 | 6.10 |

| | | | |
|---|---|---|---|
| ആകെ | 142330971 | 55895730 | 39.27 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴിവാക്കി) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 194 | 147 | 47 | 10,97,84,821 | 5,39,08,485 | 49.10 |

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1അനുസരിച്ച്, ഭരണസമിതിയുടെ 11.02.2022-ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 02/11.09.2023ന്റെ മറുപടി).

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, 2022-23 സാമ്പത്തിക വർഷ പദ്ധതിരൂപീകരണം, നിർവ്വഹണം എന്നിവയുമായി ബന്ധപ്പെട്ട് 21.01.2022, 24.02.22, 14.03.22, 18.03.22, 24.04.22, 21.05.22, 28.06.22 എന്നീ തീയതികളിൽ നടന്ന ആസൂത്രണ സമിതി യോഗങ്ങളിൽ പദ്ധതി രൂപീകരണത്തിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചർച്ചകൾ സംഘടിപ്പിക്കുകയും വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നടപടി കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)9 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ്

ഭരണസമിതി തീരുമാനം 1(6)/21.04.2022 പ്രകാരം, ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ പുനഃ സംഘടിപ്പിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളെല്ലാം തന്നെ തൻവർഷം നാല് യോഗങ്ങൾ വീതമാണ് കൂടിയിട്ടുള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുകയാണ് ചെയ്തിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പ് യോഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രോജക്ട് രൂപീകരിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി. നം.31/16.09.23)

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| 1 | പ്രാദേശിക സാമ്പത്തിക വികസനം | 21.05.22 | ഒരു പഞ്ചായത്ത്, ഒരു ഉല്പന്നം എന്ന പദ്ധതിയിൽ മരച്ചീനിയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള യൂണിറ്റ് |
| 2 | സാമൂഹ്യനീതി | 28.12.22<br>21.05.22 | 3-ാം നം. അംഗൻവാടി കെട്ടിടത്തിനു ചുറ്റും കുഴികൾ – ശോചനീയാവസ്ഥ പരിഹരിക്കണം |

| | | | |
|---|---|---|---|
| | | | 1-ാം നം. അംഗൻവാടി കെട്ടിടം ചോർച്ച ത്രക്ഷം<br>അംഗൻവാടി-ഖര, ദ്രവ മാലിന്യസംസ്കരണം |
| 3 | മൃഗസംരക്ഷണം ക്ഷീര വികസനം | 21.05.22<br>22.12.22<br>10.01.23 | തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തരിശു നിലത്തിൽ തീറ്റപ്പുൽകൃഷി<br>കുടുംബശ്രീ മുഖേന പാൽ അധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം<br>ഭിന്നശേഷിക്കാർക്ക് കിടാരി വിതരണം<br>കന്നുകുട്ടി വിതരണം<br>മുട്ടക്കോഴി വിതരണം (22.12.22, 10.01.23)<br>ആട്ടിൻകുട്ടി വിതരണം<br>ധാതുലവണ മിശ്രിതം ക്ഷീരകർഷകർക്ക് |
| 4 | കൃഷി അനുബന്ധ മേഖലകൾ | 28.06.22 | ജൈവവളം, കീടനാശിനി വിതരണം<br>തെങ്ങിന് കീടരോഗനിയന്ത്രണം |
| 5 | ദാരിദ്ര്യ ലഘൂകരണം | 21.05.22 | കുടുംബശ്രീ അംഗങ്ങൾക്ക് പ്ളംബിംഗ്, ഇലക്ട്രിക്കൽ തൊഴിൽ പരിശീലനം<br>തൊഴിലുറപ്പിൽ ഉൾപ്പെടുത്തി മേസൻ ട്രെയിനിംഗ് |

<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി, ഭരണ സമിതിയുടെ 01.07.2022-ലെ 1/1 നമ്പർ തീരുമാനപ്രകാരം അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഏതാനും പ്രശ്നങ്ങളും സ്വീകരിച്ച പരിഹാര നടപടികളും ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി 31/16.09.23-ന് മറുപടി)

| ക്രമ നം. | മേഖല | തീവ്രത | പ്രശ്നം | തുടർനടപടി |
|---|---|---|---|---|
| 1 | കൃഷി | ഗുരുതരം | ജലദൗർലഭ്യം | ജലസേചന പമ്പ് സെറ്റ് വിതരണം പദ്ധതി നടപ്പിലാക്കി |
| 2 | മൃഗസംരക്ഷണം ക്ഷീര വികസനം | അതീവഗുരുതരം | ക്ഷീരകർഷകർ മേഖലയിൽ നിന്ന് പിൻമാറുന്നു | പാലിന് സബ്സിഡി, കാലിത്തീറ്റ സബ്സിഡി, കന്നുകാലി ഇൻഷ്വറൻസ് |

| | | | | |
|---|---|---|---|---|
| | | | | പദ്ധതികൾ നടപ്പിലാക്കി |
| 3 | സാമൂഹ്യനീതി | ഗുരുതരം | വയോജന സംരക്ഷണം<br>ഓട്ടിസം സെന്റർ കെട്ടിടം ചോർച്ച | |
| 4 | പട്ടികജാതി വികസനം | ഗുരുതരം | ശുചിമുറി നിർമ്മാണം<br>തൊഴിലില്ലായ്മ | വ്യക്തിഗത ടോയ് ലെറ്റ് നിർമ്മാണം<br>സ്വയംതൊഴിൽ പ്രോത്സാഹനം - ബൾബ്, അരിമാവ് നിർമ്മാണ യൂണിറ്റുകൾ |
| 5 | ആരോഗ്യം | ഗുരുതരം | ഹോമിയോ ആശുപത്രി കെട്ടിടം-ശോചനീയാവസ്ഥ | കെട്ടിടം നവീകരണം പൂർത്തിയാക്കി |

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾക്കായി, ബാങ്ക് പ്രതിനിധികളുടെ മീറ്റിംഗ് വിളിച്ചുകൂട്ടിയിരുന്നിലും വായ്പകളൊന്നും ലഭ്യമായിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.02/11.09.2023ന്റെ മറുപടി)

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച്, തൻവർഷം പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.02/11.09.2023-നുള്ള മറുപടി)

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ, തൻവർഷം പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.02/11.09.2023-നുള്ള മറുപടി)

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടായി HM നിർവ്വഹണ ഉദ്യോഗസ്ഥനായി "വയമ്പ് " (പ്രോജ.നം.205/23) എന്ന പ്രോജക്ട് നിർവ്വഹിച്ചിട്ടുണ്ട്. (വിശദാംശം ഖ.1-46)

CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.02/11.09.2023-നുള്ള മറുപടി)

## 1-6 ക്ഷേമ പദ്ധതികൾ

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 660800 | 64 |
| 2 | വിധവ പെൻഷൻ | 11080700 | 1226 |
| 3 | വാർദ്ധക്യകാല പെൻഷൻ | 27523400 | 2828 |
| 4 | വികലാംഗ പെൻഷൻ | 3694600 | 356 |
| 5 | 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 162000 | 17 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.09.2023, 10AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 31442/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്. വായ്പാ രജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തി കാലികമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3) വാങ്ങലുകൾ,സ്റ്റോക്ക് പരിപാലനം എന്നിവയിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

4) വിവിധ നിർവ്വഹണോദ്യോഗസ്ഥൻ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് യഥാസമയം പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കുന്ന പ്രകാരം നിർവ്വഹിക്കേണ്ടതാണ്.

5) വിവിധ നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ പത്രിക സമയബന്ധിതമായി ലഭ്യമാക്കേണ്ടതും ബാലൻസ് തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

6) പദ്ധതി വിഹിത വിനിയോഗം വർദ്ധിപ്പിക്കാൻ നടപടി ഉണ്ടാകേണ്ടതുണ്ട്.

## 1-9 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 582958 | 2377445 | 2960403 | 1471059 | 1489344 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 80772533 | 80772533 | 80772533 | - |
| ആകെ | 582958 | 83149978 | 83732936 | 82243592 | 1489344 |

### 1-9-1 തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട കണക്കുകളിലെ അപാകങ്ങൾ

1. MGNREGS ന് മുൻകൂറായി അനുവദിച്ച തുക Advance To Mahatma Gandhi NREGA/AUEGS Administrative Expense (460500801) എന്ന ഹെഡിൽ രേഖപ്പെടുത്തുന്നതിന് പകരം | Advance To Others (460509901) എന്ന ഹെഡിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 41 സാഖ്യയിൽ Advance To Others ൽ രേഖപ്പെടുത്തിയിരുന്നതുകൊണ്ടാണ് ILGMS ലും പ്രസ്തുത ഹെഡിൽ ചെലവ് രേഖപ്പെടുത്തിയതെന്നും നടപ്പ് സാമ്പത്തിക വർഷം ഹെഡ് കറക്ഷൻ നടത്തി പരിഹരിക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്.

2. എം.ജി.എൻ.ആർ.ഇ.ജി.എസ് അഡ്വാൻസ് രജിസ്റ്റർ പ്രകാരം അഡ്വാൻസ് ഇനത്തിലെ 2022-23 സാമ്പത്തിക വർഷത്തെ മുന്നിരിപ്പ്, വരവ്, നീക്കിയിരിപ്പ് തുക എന്നിവ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| | ക്യാഷ്ബുക്ക് പ്രകാരം | ILGMS പ്രകാരം (Advance To Others ) |
|---|---|---|
| മുന്നിരിപ്പ് | 2187206 | 2056586 |
| 2022-23 സാമ്പത്തിക വർഷം അഡ്വാൻസായി കൈപ്പറ്റിയത് | 2158554 | 2054974 |
| ആകെ | 4345760 | 4111560 |
| 2022-23 സാമ്പത്തിക വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്ത തുക | 1471000 | ഉൾപ്പെടുത്തിയിട്ടില്ല. |
| 2022-23 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് | 2874760 | 4111560 |

പ്രസ്തുത അപാകം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 41ന് അഡ്വാൻസ് ഇനത്തിൽ റീക്ലപ്പ് ചെയ്ത തുക തനത് ഫണ്ടിൽ വരവായി രേഖപ്പെടുത്തിയെങ്കിലും അഡ്വാൻസ് ഹെഡിൽ നിന്നും കുറവ് ചെയ്തിട്ടില്ല. ടി വ്യത്യാസം ജേണൽ എൻട്രി നടത്തി നടപ്പ് സാമ്പത്തിക വർഷം പരിഹരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

3. MGNREGS ക്യാഷ്ബുക്കിൽ 2022-23 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഭരണ ചെലവിനത്തിൽ ചെലവഴിച്ച ആകെ തുക, ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ ആകെ തുക എന്നിവ സംബന്ധിച്ച വാർഷിക സ്റ്റേറ്റ്മെന്റ് പ്രത്യേകം എഴുതി സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 41 ന് 2023-24 സാമ്പത്തിക വർഷം മുതൽ പ്രത്യേകം എഴുതി സൂക്ഷിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

4. 2022-23 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഭരണ ചെലവായി

രേഖപ്പെടുത്തിയിരിക്കുന്നത് 59 രൂപ മാത്രമാണ്. ടി തുകയുടെ ആധികാരികത ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്ന വിവരം ഓഡിറ്റ് എൻക്വയറി നം. 41 വഴി ആവശ്യപ്പെട്ടതിന് 1471000 രൂപയാണ് ഭരണ ചെലവെന്നും ടി തുക ഹെഡ് മാറി അക്കൗണ്ട് ചെയ്തതിൽ വന്ന പിശകാണെന്നും നടപ്പ് സാമ്പത്തിക വർഷം ആയത് പരിഹരിക്കുമെന്നും മറുപടി അറിയിച്ചിട്ടുണ്ട്.

5. MGNREGS ന്റെ I-14 -C, I-14-F എന്നിവയുടെ ആകെ തുക I-6 പ്രകാരമുള്ള വരവുമായി പൊരുത്തപ്പെടുന്നില്ല.

| I-6 പ്രകാരമുള്ള വരവ് | EFMS ചെലവ് (I-14 - C) | Administrative Expense (I-14-F പ്രകാരം) | ആകെ ചെലവ് | വരവും ചെലവും തമ്മിലുള്ള വ്യത്യാസം |
|---|---|---|---|---|
| 82243592 | 80772533 | 59 | 80772592 | 1471000 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 41 അഡ്മിനിസ്ട്രേറ്റീവ് ചെലവായ 1471059 ഉം EFMS തുകയായ 80772533 ഉം ചേർന്ന തുകയാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്.സ്ഥാപനത്തിന്റെ ധനകാര്യ പത്രിക പ്രകാരം I-14 -F പ്രകാരമുള്ള അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് 59/- രൂപ മാത്രമാണ്. പ്രസ്തുത അപാകം ക്രമീകരിക്കേണ്ടതാണ്.

## 1-9-2 തൊഴിലുറപ്പ് പദ്ധതി- അപാകതകൾ

MNREGS മുഖേന നടപ്പിലാക്കിയ പ്രവർത്തികളുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന കാര്യങ്ങളിൽമേൽ വിശദീകരണം നൽകുന്നതിനായി 14.9.2023 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 21 നൽകിയിരുന്നു

I. MNREGS മുഖേന നടപ്പിലാക്കിയ പ്രവർത്തികളുമായി ബന്ധപ്പെട്ട് പൊതു പരിശോധന, സാങ്കേതിക പരിശോധന എന്നിവ ഉണ്ടായിരിക്കേണ്ടതാണെന്നും, ടി പരിശോധനകൾ പ്രവർത്തി ആരംഭിക്കുന്നതിനു മുമ്പ്, പ്രവർത്തി നടക്കുമ്പോൾ, പ്രവർത്തി പൂർത്തിയായി കഴിഞ്ഞ് എന്നീ അവസരങ്ങളിൽ നടത്തേണ്ടതാണെന്നും, ആയത് സംബന്ധിച്ച വിശദ വിവരങ്ങളും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 11.1.2021 തീയതിയിലെ നം.ഡി.ഡി2/336 /2020/ത.സ്വ.ഭ.വ ന്റെ സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്.2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രവർത്തികളിൽ ഇത്തരം പരിശോധനകൾ നടത്തിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ

II. MGNREGS പ്രവർത്തികളിൽ സിമന്റിന് SECURE Software ൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാർക്കറ്റ് നിരക്ക് നൽകാൻ പാടില്ലെന്നും യഥാർത്ഥ മാർക്കറ്റ് വിലമാത്രമേ നൽകാവൂ എന്നും, ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ FTO ജനറേറ്റ് ചെയ്യാൻ പാടുള്ളൂവെന്നും ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022 ലെ OMB/ALP/AW/20 /2022നമ്പർ ഉത്തരവിലൂടെ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സിമന്റ് ഒരു പാക്കേജ്ഡ് കമ്മോഡിറ്റി എന്ന നിലയിൽ പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ നൽകി വാങ്ങാൻ നിയമം അനുവദിക്കുന്നില്ല . ടെൻഡർ എടുക്കുന്ന കരാറുകാരൻ വിതരണം ചെയ്യുമ്പോൾ നൽകുന്ന ജി.എസ്.റ്റി ബില്ലിൽ , നൽകുന്ന ബ്രാൻഡിന്റെ പേര് (ഓരോ ബ്രാൻഡിനും വ്യത്യസ്ത വിലയായതിനാൽ), യൂണിറ്റ് പാക്കറ്റുകളുടെ എണ്ണം എന്നിവ ഉണ്ടായിരിക്കേണ്ടതാണെന്നും ഓരോ പ്രവർത്തിയുടേയും ബിൽ പാസാക്കുമ്പോൾ 2% GST കുറവ് ചെയ്ത ശേഷം ബാക്കി തുക FTOആയി നൽകേണ്ടതാണെന്നും, ടി 2% തുക GST നിയമപ്രകാരം അടക്കേണ്ടതും TDS File ചെയ്യേണ്ടതുമാണെന്ന് MGNREGS മിഷൻ ഡയറക്ടറുടെ 17.8.2022 ലെ File No.NREGA/724/2022-A3 കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 2022-23 ൽ കരാറുകാർക്ക് തുക അനുവദിച്ചിട്ടുള്ളതിൽ ടി വിധത്തിൽ രേഖപ്പെടുത്തിയ സിമന്റ് ബില്ലുകൾ ഉൾപ്പെട്ടു കാണുന്നില്ല. ആയത് സംബന്ധിച്ച വിശദാംശങ്ങൾ

ടി ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, ക്രമ നം (1) ന് പ്രവർത്തി വേളയിൽ പരിശോധനകൾ നടത്തുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.എന്നാൽ മേൽ സൂചിത സർക്കുലറിൽ പ്രതിപാദിക്കുന്ന തരത്തിലുള്ള പൊതു പരിശോധന, സാങ്കേതിക പരിശോധന എന്നിവ നടത്തുന്നതായി ഫയലിൽ കാണുന്നില്ല.കൂടാതെ ക്രമ നം (2) ന് ഭാവിയിൽ സിമന്റ് വാങ്ങലുകളിൽ ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ പ്രതിപാദിച്ച സർക്കാർ ഉത്തരവുകളിലെ നിർദേശങ്ങൾ പാലിക്കുന്നുവെന്നും ഭാവിയിൽ ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 24-07-2019 | 2018-19 | 24/07/19 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-7-2017 മുതൽ<br>8-3-2017 വരെ | 2011-12 മുതൽ 2015-16 വരെ | 10/04/17 |

## 1-11 തനത് വരുമാനം സംബന്ധിച്ച നിരീക്ഷണം

അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്തിലെ നികുതി- നികുതിയേതര വരവിന്റെ സമാഹരണത്തിലെ കാര്യക്ഷമതാ വിശകലനത്തിനായി ഗ്രാമ പഞ്ചായത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1 ന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവസ്ഥാ വിശകലനം ചുവടെ ചേർക്കുന്നു.

| A | തനത് വരുമാനം. | | |
|---|---|---|---|
| ക്രമനം. | വിഷയം | തദ്ദേശസ്ഥാപനത്തിന്റെ മറുപടി | ഓഡിറ്ററുടെ അഭിപ്രായം/ നിർദ്ദേശം |
| 1 | A.സാമ്പത്തിക വർഷാരംഭത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പുതിയ തനതുവരുമാന സ്രോതസ്സുകൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുക.<br>B.കണ്ടെത്തിയ സ്രോതസ്സുകൾ ബജറ്റിൽ ഉൾപ്പെടുത്തുകയും സമാഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുക. | A.ഉണ്ട് , ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 06-05-2022 ലെ തീരുമാനം നം.2<br>B. കണ്ടെത്തിയ വരുമാന സ്രോതസ്സുകൾ വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും ആയവ സമാഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് | പരാമർശിച്ചിരിക്കുന്ന തീരുമാനം ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡിലെയും കച്ചവട സ്ഥാപനങ്ങൾ പരിശോധിച്ച് ലൈസൻസ് ഇല്ലാത്തവയെ കണ്ടെത്തി അവയ്ക്ക് ലൈസൻസ് നൽകുന്നത് സംബന്ധിച്ചാണ്. ലൈസൻസ് ഇനത്തിലെ വരവ് പഞ്ചായത്തിന്റെ പരമ്പരാഗത വരുമാന മാർഗ്ഗമാണ്. ആയത് പുതിയ തനതുവരുമാന സ്രോതസ്സായി പരിഗണിക്കാൻ സാധിക്കില്ല. പുതിയ തനതുവരുമാന സ്രോതസ്സുകൾ കണ്ടെത്തി അധിക തുക തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ക്രിയാത്മകമായ ഇടപെടൽ നടത്തേണ്ടതാണ്. |
| 2 | തനതുവരുമാനങ്ങൾ (നിലവിൽ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്) പിരിച്ചെടുക്കാൻ ധനകാര്യസ്റ്റാൻഡിംഗ് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. | 2022-23 വർഷത്തിൽ 100 % നികുതി പിരിച്ചെടുത്തിട്ടുണ്ട്. | ഗ്രാമ പഞ്ചായത്തിന്റെ നികുതി പിരിവ് തൃപ്തികരമാണ്. |
| 3 | തനത് വരുമാനമായി ലഭിക്കുന്ന ഇനങ്ങളിൽ മാർച്ച് 31-ന് ലഭിക്കേണ്ട കുടിശ്ശികയായ തുകയുടെ വിവരം ഇനം, വർഷം തിരിച്ച് ലഭ്യമാക്കേണ്ടതാണ്. | 2022-23 വർഷത്തിൽ 100 % നികുതി പിരിച്ചെടുത്തിട്ടുണ്ട്. ആയതിനാൽ കടിശ്ശിക ഇല്ല | ഗ്രാമ പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റിൽ B-15 Sundry Debtors (Receivables) എന്ന ഹെഡിൽ 7895721 രൂപ ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്ന തുകയായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ Receivables Of Redemption എന്ന ഇനത്തിലെ തുകയായ 7603062 രൂപ കഴിച്ച് ബാക്കി 292659 രൂപ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. |
| 4 | 1-4-2023-ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാൻഡിംഗ് | ഉണ്ട്. 18-04-2023 ലെ 1 (2) നമ്പർ തീരുമാനം | നികുതി പരിഷ്കരിച്ച് തീരുമാനം എടുത്തിട്ടുണ്ട്. പരിഷ്കരിച്ച വസ്തു |

| | | | |
|---|---|---|---|
| | കമ്മിറ്റിയുടെ അംഗീകാരത്തോടെ നടപ്പിലാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുക | | നികുതി നിരക്ക് പ്രകാരമുള്ള തുക സമയബന്ധിതമായി ഡിമാന്റ് ചെയ്ത് പിരിച്ചെടുത്ത് തനത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. |
| 5 | നികുതി, നികുതിയേതര വരവുകളുടെ ഡിമാൻഡ്, പിരിവ് പുരോഗതി ധനകാര്യസ്റ്റാൻഡിംഗ്കമ്മിറ്റി വിലയിരുത്തിയ യോഗങ്ങളുടെ തിയതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുക? | നികുതി നികുതിയേതര വരവുകളുടെ ഡിമാന്റ്, പിരിവ്, പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ Receipt And Payment പ്രകാരം അവതരിപ്പിച്ച് ചർച്ച ചെയ്തിട്ടുണ്ട്. | |
| 6 | തനത് വരവ് രജിസ്റ്ററുകൾ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച തിയതികൾ ഏതെല്ലാം. | തനത് വരവ് രജിസ്റ്ററുകൾ തുടർന്നുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളിൽ സമർപ്പിച്ച് പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. | കൃത്യമായ ഇടവേളകളിൽ തനത് വരുമാനം സംബന്ധിച്ച രജിസ്റ്റർ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. |
| B. വസ്തുനികുതി.(വാസ/വാസേതര കെട്ടിട നികുതികൾ ഉൾപ്പടെ) | | | |
| 1 | ബജറ്റിലെ പ്രതീക്ഷിത വസ്തു നികുതി വരവ് ,ILGMS (വാർഷികധനകാര്യപത്രിക) വരവ്,സഞ്ചയ പ്രകാരമുള്ള വരവ് എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ടോ.?<br>ഇല്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുക | പൊരുത്തപ്പെടുന്നുണ്ട് | വസ്തു നികുതി വരവ് പ്രതീക്ഷിത വരവുമായി പൊരുത്തപ്പെടുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ നികുതി പിരിവ് തൃപ്തികരമാണ് |
| 2 | 1-4-2023-ലെ പരിഷ്ക്കരിച്ച വസ്തുനികുതി നിരക്കുകൾ നടപ്പിക്കിയിട്ടുണ്ടോ.? ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദീകരിക്കുക? | ഉണ്ട്. നിലവിലുള്ള കെട്ടിടങ്ങൾക്ക് നികുതി നിരക്കുകൾ പരിഷ്കരിച്ച് ആയത് ഈടാക്കി വരുന്നുണ്ട്. എന്നാൽ പുതുതായി നമ്പർ നൽകുന്ന കെട്ടിടങ്ങൾക്ക് പഴയ നിരക്കിലാണ് നികുതി ഈടാക്കുന്നത്. സഞ്ചയ സോഫ്റ്റ്വെയറിൽ ആയത് സംബന്ധിച്ച Updation വന്നിട്ടില്ല. പരിഷ്കരിച്ച നികുതി നിലവിൽ വരുന്ന മുറയ്ക്ക് ആയത് അടവാക്കുന്നതാണ് എന്ന സമ്മത പത്രം കെട്ടിട ഉടമകളിൽ നിന്നും വാങ്ങുന്നുണ്ട്. | |
| 3 | 1-4-2022-ലെ ആകെ കെട്ടിട നികുതി ഡിമാൻഡ് എത്രയായിരുന്നുവെന്നും<br>പരിഷ്ക്കരിച്ച വസ്തുനികുതി നിരക്കുകൾ | A.പരിഷ്ക്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിന് ആകുന്നതിന് മുമ്പുള്ള ഡിമാൻഡ് തുക- 6642304 | .പരിഷ്ക്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രകാരമുള്ള മുഴവൻ തുകയും പിരിച്ചെടുത്ത് ആയത് തനത് ഫണ്ടിൽ |

| | | | |
|---|---|---|---|
| | പ്രാബല്യത്തിലായപ്പോഴുള്ള ഡിമാൻഡ് എത്രയായിരുന്നെന്നും വ്യക്തമാക്കുക? | B.പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിൽ ആയപ്പോഴുള്ള ഡിമാൻഡ് തുക - 7335001 | മുതൽക്കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. |
| 4 | സർക്കാർ നിശ്ചയിച്ച നികുതി നിരക്കുകൾ അടിസ്ഥാനപ്പെടുത്തി തദ്ദേശസ്ഥാപനം വിജ്ഞാപനത്തിലൂടെ ഓരോ കെട്ടിടത്തിനും അടിസ്ഥാന നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ തിയതി,തീരുമാനം നമ്പർ. | സർക്കാർ നിശ്ചയിച്ച നികുതി നിരക്കുകൾ അടിസ്ഥാനപ്പെടുത്തി തദ്ദേശ സ്ഥാപനം വിജ്ഞാപനത്തിലൂടെ ഓരോ കെട്ടിടത്തിനും അടിസ്ഥാന നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 18-04-2023 ലെ 1 (2) തീരുമാനം | സർക്കാർ നിശ്ചയിച്ച നികുതി നിരക്കുകൾ അടിസ്ഥാനപ്പെടുത്തി തദ്ദേശ സ്ഥാപനം വിജ്ഞാപനത്തിലൂടെ ഓരോ കെട്ടിടത്തിനും അടിസ്ഥാന നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. |
| 5 | ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തികരിച്ച് ഡാറ്റാ ലോക്ക് ചെയ്തിട്ടുണ്ടോ.? | ഉണ്ട് | ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തികരിച്ച് ഡാറ്റാ ലോക്ക് ചെയ്തിട്ടുണ്ട് |
| 6 | തദ്ദേശസ്ഥാപനം 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും ചട്ടങ്ങൾ ) ചട്ടം 7 പ്രകാരം മേഖലാ വിഭജനം നടത്തി വിവരം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ തിയതി ,തീരുമാന നമ്പർ. | പുതിയതായി മേഖലാ വിഭജനം നടത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തിട്ടുണ്ട്. തീരുമാനം ആയിട്ടില്ല | മേഖലാ വിഭജനം സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് . തുടർ നടപടി വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |
| 7 | റോഡ് മാപ്പ് പ്രസിദ്ധീകരിച്ചതിന്റെയും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ടാക്സ് നിർണയിക്കുന്നതിന്റെ നടപടിക്രമങ്ങൾ സ്വീകരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കുക | റോഡ് മാപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വിവിധ മേഖലകളായി തിരിച്ച് ആണ് നിലവിൽ നികുതി നിർണ്ണയിക്കുന്നത് | മേഖലാ വിഭജനവുമായി ബന്ധപ്പെട്ട മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ ഓരോ ഗ്രാമപഞ്ചായത്തും അടിസ്ഥാന വസ്തു നികുതിയിന്മേൽ വരുത്തേണ്ട ഇളവുകൾക്കും വർദ്ധനവുകൾക്കുമായി ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം മുഴുവൻ പ്രഥമ മേഖലകൾ ദ്വിതീയ മേഖലകൾ , തൃതീയ മേഖലകൾ എന്നിങ്ങനെ തരം തിരിക്കേണ്ടതും മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. മേഖലാ വിഭജനവുമായി ബന്ധപ്പെട്ട മാപ്പ് തയ്യാറാക്കി അറിയിക്കേണ്ടതാണ്. |
| 8 | തദ്ദേശസ്ഥാപനത്തിന്റെ | സർക്കാർ നിർദ്ദേശ പ്രകാരം | നികുതി ചോർച്ച കണ്ടെത്താൻ |

| | | | |
|---|---|---|---|
| | അനുമതിയില്ലാതെയും,അനുമതി വാങ്ങിയശേഷവും കൂടുതൽ വിസ്തീർണം വർദ്ധിപ്പിച്ച് ഉണ്ടാകുന്ന കെട്ടിടങ്ങളുടെ നികുതി ചോർച്ച കണ്ടെത്തിയ ഫീൽഡ് തല അന്വേഷണവിവരങ്ങൾ. | 9 B ഫോറം മുഖേന വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതും ഫീൽഡ്തല അന്വേഷണ റിപ്പോർട്ടിനായി താത്കാലിക ജീവനക്കാരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതുമാണ്. സർക്കാരിൽ നിന്നും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ലാത്തതിനാൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്. | ഫീൽഡ് തല അന്വേഷണം കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്. |
| 9 | എല്ലാ വാണിജ്യാവശ്യകെട്ടിടങ്ങൾക്കും സർക്കാർ വിജ്ഞാപനപ്രകാരമുള്ള നികുതി ചുമത്തിയിട്ടുണ്ടോ.? ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുക? | ഉണ്ട് | എല്ലാ വാണിജ്യാവശ്യകെട്ടിടങ്ങൾക്കും സർക്കാർ വിജ്ഞാപനപ്രകാരമുള്ള നികുതി ചുമത്തിയിട്ടുണ്ട് |
| 10 | A.അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ യഥാവിധി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളത് ഹാജരാക്കുക.<br>B.അപ്രകാരമുള്ള കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കുന്നുണ്ടോ.? വിശദാംശങ്ങൾ ലഭ്യമാക്കുക (തൻവർഷം) | UA നമ്പറിംഗ് രജിസ്റ്റർ ഹാജരാക്കുന്നു. | രജിസ്റ്റർ ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. |
| 11 | തദ്ദേശ സ്ഥാപന പരിധിയിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ മൊബൈൽ ടവറുകളിൽ നിന്നും 02.02.2022 ലെ RD3/94/2020/ത.സ്വ.ഭ.വ സർക്കുലർ പ്രകാരമുള്ള നികുതി കുടിശ്ശികയില്ലാതെ ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ.. | പഞ്ചായത്ത് പരിധിയിലെ എല്ലാ മൊബൈൽ ടവറുകളിൽ നിന്നും സർക്കുലർ പ്രകാരമുള്ള നികുതി കുടിശ്ശിക ഇല്ലാതെ ഈടാക്കിയിട്ടുണ്ട്. | മൊബൈൽ ടവറുകളിൽ നിന്നും സർക്കുലർ പ്രകാരമുള്ള നികുതി കുടിശ്ശിക ഇല്ലാതെ ഈടാക്കിയിട്ടുണ്ട്. |
| 12 | തദ്ദേശ സ്ഥാപനം നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവനഉപനികുതി (കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ) ചട്ടം 26 പ്രകാരം ചുമത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുക? പ്രസ്തുത നികുതിയിനത്തിൽ കുടിശ്ശികയില്ല എന്ന് ഉറപ്പ് വരുത്താറുണ്ടോ? വിശദാംശങ്ങൾ ലഭ്യമാക്കുക? | തദ്ദേശ സ്ഥാപനം നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി ചുമത്തിയിട്ടില്ല | 2011 ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26,27,28 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ |

| | | | |
|---|---|---|---|
| | | | സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം , ജലവിതരണം തെരുവു വിളക്കുകൾ, ഡ്രെയിനേജ് എന്നിങ്ങനെയുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. തനത് വരുമാനം വർധിപ്പിക്കുന്നതിന് സേവന ഉപനികുതിയുടെ സാധ്യത പരിശോധിക്കാവുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ടി വിഷയത്തിലേക്ക് ക്ഷണിക്കുന്നു. |
| 13 | കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവനഉപനികുതിയും സർചാർജും ചട്ടങ്ങൾ ചട്ടം 31 പ്രകാരം വസ്തുനികുതിയിന്മേൽ സർചാർജ് ചുമത്തേണ്ട സാഹചര്യം നിലവിലുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുക | ഇല്ല | |
| 14 | നികുതിയിളവ് നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ടോ.? | 2021-22 വരെയുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.<br>നികുതിയിളവ് നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാണ്. | നികുതിയിളവ് നൽകുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക രജിസ്റ്ററുകൾ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി സൂക്ഷിക്കേണ്ടതാണ്. |
| 15 | A.തദ്ദേശസ്ഥാപന പരിധിയിലെ സർക്കാർ/കേന്ദ്ര സർക്കാർ കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുണ്ടോ?<br>B.കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർവ്വീസ് ചാർജ് (കേരള പഞ്ചായത്ത് രാജ് സേവനഉപനികുതിയും സർചാർജ് ചട്ടങ്ങൾ ചട്ടം 30 പ്രകാരം )ഈടാക്കുന്നുണ്ടോ.? വിശദാംശങ്ങൾ ലഭ്യമാക്കുക | A. ഇല്ല<br>B. ഇല്ല | സർക്കാർ/കേന്ദ്ര സർക്കാർ കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതാണ്. |
| 16 | പുതിയ സേവനനികുതി മാർഗ്ഗങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ.? | ഇല്ല | |
| 17 | ILGMS-ൽ ക്യാൻസൽ ചെയ്ത എല്ലാ രസീതുകളും സഞ്ചയയിൽ ക്യാൻസൽ ചെയ്തതായി ഉറപ്പുവരുത്തിട്ടുണ്ടോ.? | ഉണ്ട് | |
| 18 | എല്ലാ മാനുവൽ രസീതുകളും സഞ്ചയയിൽ രേഖപ്പെടുത്തിയതായി | ഉണ്ട് | |

| | | | |
|---|---|---|---|
| | സെക്രട്ടറി ഉറപ്പുവരുത്തിയിട്ടുണ്ടോ.? | | |
| 19 | തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ കെട്ടിടങ്ങളും ഓരോ വർഷവും സെക്രട്ടറിയോ ,സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സാമ്പത്തിക വർഷാവസാനത്തിന് മുമ്പ് പരിശോധിച്ച് സഞ്ചയയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ.? | ഉണ്ട് | |
| C. | തൊഴിൽ നികുതി | | |
| 1. | തദ്ദേശസ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ,അർദ്ധ സർക്കാർ,പൊതുമേഖല സ്ഥാപനങ്ങൾ ,മറ്റ് സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ.? | തദ്ദേശ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ , അർദ്ധ സർക്കാർ , പൊതുമേഖല സ്ഥാപനങ്ങൾ മറ്റ് സ്ഥാപനങ്ങളുടെയും രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. വാർഡ് തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല | നികുതി പിരിവ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വാർഡ് അടിസ്ഥാനത്തിൽ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതാണ്. |
| 2 | അപ്രകാരമുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി,(സ്ഥാപന തൊഴിൽ നികുതി ഉൾപ്പടെ) ഡിമാൻഡ് ചെയ്തുകൊണ്ടുള്ള ഡിമാൻഡ് നോട്ടീസുകൾ സമയബന്ധിതമായി നൽകിയിട്ടുണ്ടോ.? | ഉണ്ട് | ഡിമാൻഡ് നോട്ടീസുകൾ സമയബന്ധിതമായി നൽകിയിട്ടുണ്ട് |
| 3 | A.തൻവർഷം തൊഴിൽ നികുതിയിൽ കുടിശ്ശിക ലഭ്യമാകാനുണ്ടോ.?<br><br>B.ഉണ്ടെങ്കിൽ തുക എത്ര.? | തൊഴിൽ നികുതി കുടിശ്ശിക ഇല്ല | |
| 4 | A.സ്വകാര്യ സ്ഥാപനങ്ങൾ,അഭിഭാഷകർ,സ്വകാര്യ ഡോക്ടർമാർ പ്രൊഫഷണലുകൾ,ഹെവി വാഹന ഉടമകൾ,റേഷൻ വ്യാപാരികൾ,സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുക<br><br>(B) മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് 60 ദിവസത്തിലധികം പ്രവൃത്തി നിർവ്വഹിച്ച കരാറുകാർ തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുക<br><br>C. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ റേഷൻ | A. ഉണ്ട്. രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്നു.<br>B. മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് 60 ദിവസത്തിലധികം പ്രവൃത്തി നിർവ്വഹിച്ച കരാറുകാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല<br>C. ഇല്ല | B. കരാറുകാരുടെ പട്ടിക ലഭ്യമാക്കുന്നതിന് അസി. എഞ്ചിനീയർ എൽ.എസ്.ജി.ഡി യ്ക്കും അക്രഡിറ്റഡ് എഞ്ചിനീയർ എം.എൻ.ആർ.ഇ.ജി.എസിനും കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറി നം. 36നുള്ള മറുപടിയായി അറിയിച്ചിട്ടുണ്ട്. നികുതി ഒടുക്കാൻ ബാധ്യസ്ഥരായ കരാറുകാരിൽ നിന്നും നികുതി ഈടാക്കി പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.<br><br>C. ഗ്രാമ പഞ്ചായത്ത് പരിധിയിൽ |

| | | | |
|---|---|---|---|
| | കടകളിൽ നിന്നും തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നുണ്ടോ? | | ആകെ 18 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട് എന്ന വിവരം ഓഡിറ്റ് എൻക്വയറി നം. 18 നുള്ള മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നം .കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 5 | തൊഴിൽ നികുതി പത്രികയിലെ രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പുവരുത്തിയിട്ടുണ്ടോ.? | ഉണ്ട് | |
| 6. | വ്യാപാര സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷയിലെ വിവരങ്ങളുമായി ജീവനക്കാരുടെ എണ്ണം പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കുന്നുണ്ടോ.? | ഉണ്ട് | വ്യാപാര സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷയിലെ വിവരങ്ങളുമായി ജീവനക്കാരുടെ എണ്ണം പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കുന്നുണ്ട് |
| 7 | വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററിലേയും തൊഴിൽ നികുതി ഡിമാൻഡ്-കളക്ഷൻ-ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ടോ.? | ഉണ്ട് | വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററിലേയും തൊഴിൽ നികുതി ഡിമാൻഡ്-കളക്ഷൻ-ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട് |
| 8 | തൊഴിൽ നികുതി കുടിശ്ശികയുണ്ടെങ്കിൽ ഈടാക്കാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി സ്വീകരിച്ച നടപടികൾ | കുടിശ്ശിക ഇല്ല | വാർഷിക ധനകാര്യ പത്രിക പ്രകാരം ഗ്രാമ പഞ്ചായത്തിന് തൊഴിൽ നികുതി ഇനത്തിൽ കുടിശ്ശിക ഇല്ല. എന്നാൽ 2021-22 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരം Receivables For Profession Tax - Institutions എന്ന ഇനത്തിൽ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ലെങ്കിലും 2022-23 സാമ്പത്തിക വർഷത്തെ റസീപ്റ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂൾ പ്രകാരം 9710 രൂപ Receivables For Profession Tax - |

| | | | |
|---|---|---|---|
| | | | Institutions (Arrears ) എന്ന ഇനത്തിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശിക സംബന്ധിച്ച കൃത്യമായ കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്. |
| 9 | വാർഡ് തല ട്രയിഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടോ.? | ഉണ്ട് | വാർഡ് തല ട്രയിഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടുണ്ട് |
| D. | വിനോദ നികുതി | | |
| 1 | തദ്ദേശ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന സിനിമാ തിയേറ്ററുകളുടെ വിവരം ലഭ്യമാക്കുക. | ഹരിശ്രീ തിയേറ്റർ, വെട്ടുറോഡ് കണിയാപുരം | |
| 2 | അമ്യൂസ്മെൻ്റ് പാർക്ക്,ടർഫ് കോർട്ട്,ഇൻഡോർ ക്ലബ് ./സ്റ്റേഡിയം,നീന്തൽക്കുളങ്ങൾ,കേബിൾ ,ടി.വി നെറ്റ് വർക്ക്,ഹൌസ് ബോട്ടുകൾ,പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യത ധനകാര്യസ്റ്റൻഡിംഗ് കമ്മിറ്റിയോ,ഭരണസമിതിയോ ശുപാർശ ചെയ്തിട്ടുണ്ടോ.? വിശദാംശങ്ങൾ ലഭ്യമാക്കുക | ഇല്ല | വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് ശിപാർശ സമർപ്പിക്കാവുന്നതാണ്. |
| E | നികുതിയേതര വരവുകൾ | | |
| 1 | ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടോ.? | ഉണ്ട് | ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ട് |
| 2 | കുളങ്ങൾ,മാർക്കറ്റുകൾ,ഫലവൃക്ഷങ്ങൾ എന്നിവ കൃത്യസമയത്ത് ലേലം ചെയ്ത് നൽകി മുഴുവൻ തുകയും വരവായി സ്വീകരിച്ചിട്ടുണ്ടോ? | കൃത്യ സമയത്ത് ലേലം ചെയ്ത് നൽകിയിട്ടുണ്ട്. | ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 15 കുളങ്ങൾ ഉണ്ടെങ്കിലും ആയത് ലേലം ചെയ്ത് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 42). കുളങ്ങൾ ലേലം ചെയ്ത് നൽകി വരവ് തുക തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. |

## 1-12 ഭരണ സമിതി തീരുമാനത്തിന്മേൽ തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തെ സകർമ മിനിട്സ് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ കമ്മിറ്റി തീരുമാനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിവരം അറിയിക്കാൻ ഓഡിറ്റ് എൻക്വയറി നം. 44 വഴി ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു. ഭരണ സമിതി തീരുമാനങ്ങളിന്മേൽ തുടർ നടപടി സ്വീകരിക്കുകയും പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

| തീയതി | അജണ്ട, തീരുമാനം നം. | തീരുമാനം | ഗ്രാമ പഞ്ചായത്തിന്റെ മറുപടി |
|---|---|---|---|
| 21-04-2022 | 13, 3 | വിവിധ വാർഡുകളിലെ തടി ലേലം സംബന്ധിച്ച് സോഷ്യൽ | വാല്യുവേഷൻ ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | ഫോറസ്റ്റ് ഉദ്യോഗസ്ഥർ വന്ന് സ്ഥലപരിശോധന നടത്തിയെങ്കിലും, നാളിതുവരെയും അവർ വാല്യൂവേഷൻ അയച്ചു നൽകിയിട്ടില്ലാത്തത് സെക്രട്ടറി പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയത് പരിഗണിച്ച് വാല്യൂവേഷൻ ലഭ്യമാക്കുന്നതിന് ഓർമ്മക്കുറിപ്പ് അയക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഐകകണ്ഠേന തീരുമാനിച്ചു. | കത്ത് നൽകിയിട്ടുണ്ട് |
| 14-7-2022 | 8,1 | അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലെ അണ്ടൂർക്കോണം ഗവ. എൽ.പി.എസ്സിലെ പഴയ ജീർണ്ണിച്ച കെട്ടിടം പൊളിച്ചു നീക്കുന്നതിന് ലേലം വിളി കേട്ട ശ്രീ.നസീമുദ്ദീന് കർശന ഉപാധികളോടെയും, അസി.എൻജിനീയർ, എൽ.എസ്.ജി.ഡി സാങ്കേതിക വിഭാഗം, ഹെഡ്മിസ്ട്രസ് അണ്ടൂർക്കോണം എൽ.പി.എസ്. എന്നിവരുടെ മേൽനോട്ടത്തിൽ പണി ചെയ്യുവാൻ ഓഫീസിൽ നിന്നും അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ ടിയാൻ അനധികൃതമായി മണ്ണ് ഖനനം നടത്തിയിരിക്കുന്നു എന്നത് ഫോൺ മുഖാന്തിരം ഉള്ള പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തിയ സെക്രട്ടറിക്ക് ബോദ്ധ്യമായിരിക്കുന്നു. ടിയാനെതിരെ ഉള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന്, പ്രസ്തുത സ്ഥലം പരിശോധിച്ച് അനധികൃത ഖനനം മൂലം ഉള്ള നഷ്ടം കണക്കാക്കി നൽകണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അസി.എൻജിനീയർ, എൽ.എസ്.ജി.ഡി സാങ്കേതിക വിഭാഗം വാല്യേഷൻ നൽകിയിരിക്കുന്നു. പിഴ കൂടാതെ ആകെ 1,04,736/- ആണ് നൽകിയിരിക്കുന്ന തുക. പ്രസ്തുത സാഹചര്യത്തിൽ ഈ വിഷയം ചർച്ച ചെയ്ത് എൽ.എസ്.ജി.ഡി സാങ്കേതിക വിഭാഗം ലഭ്യമാക്കിയ വാല്യേഷൻ പ്രകാരമുള്ള തുകയായ 1,04,736/- രൂപയും പിഴ തുകയായി 5000/- രൂപയും ശ്രീ.നസീമുദ്ദീൻ എന്ന ആളിൽനിന്നും ഈടാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി ഐകകണ്ഠേന തീരുമാനിച്ചു. | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറോട് പുന പരിശോധന നടത്താൻ ആവശ്യപ്പെട്ടെങ്കിലും ലഭിച്ചിട്ടില്ല |
| 28/01/23 | 6,1 | അണ്ടൂർക്കോണം എൽ.പി.എസ്സിലെ പഴയ കെട്ടിടം പൊളിച്ചുമാറ്റൽ പ്രവൃത്തി ചെയ്ത ശ്രീ. നസീമുദ്ദീന് 14/07/2022 തീയതിയിലെ പഞ്ചായത്ത് യോഗം നം. 22 ലെ തീരുമാനം നം. 8(1) പ്രകാരം അനധികൃത ഖനനത്തിലൂടെ പഞ്ചായത്തിനും, അണ്ടൂർക്കോണം എൽ.പി.എസ്സിനും വരുത്തിയ നഷ്ടത്തിന് പുറമേ (1,04,736 രൂപ) പിഴയായ 5000/- രൂപയും ഉൾപ്പെടെ ആകെ 1,09,736/- രൂപ ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിരുന്നു. അപ്രകാരം നഷ്ടം നികത്തുന്നതിന് നോട്ടീസ് നൽകിരുന്നതിന് ടിയാൻ, 16.08.2022 തീയതിയിൽ 400241/BAUV01/GPO/2022/4506 നമ്പരായി ലഭ്യമാക്കിയ മറുപടി പഞ്ചായത്ത് കമ്മിറ്റിയിൽ വായിച്ച് ചർച്ച ചെയ്തു. ലേലം സംബന്ധിച്ച തർക്കങ്ങൾ മൂലം ഉണ്ടായ വ്യക്തി വൈരാഗ്യം തീർക്കുന്നതിനാണ് തനിക്കെതിരെ പരാതി നൽകിയത് എന്നും, സ്കൂൾകെട്ടിടം പൊളിച്ചുമാറ്റുന്ന പ്രവർത്തി ചെയ്തതിൽ തനിക്ക് നഷ്ടം സംഭവിച്ചു എന്നും, എ.ഇ, എൽ.എസ്.ജി.ഡി നൽകിയ റിപ്പോർട്ടിൽ പറയും പ്രകാരം താൻ മണ്ണ് ഖനനം നടത്തിയിട്ടില്ല എന്നും മറുപടി നൽകിയിരിക്കുന്നു. മറുപടി പരിഗണിച്ച് അനധികൃത ഖനനം നടത്തിയത് സംബന്ധിച്ച് എ.ഇ , എൽ.എസ്.ജി.ഡി നൽകിയ റിപ്പോർട്ട് പുന പരിശോധിക്കുന്നതിന് പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകുന്നതിനും | |

| | | | |
|---|---|---|---|
| | | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ട് പരിഗണിച്ച് തുടർനടപടി സ്വീകരിക്കുന്നതിനും അംഗീകരിച്ച് തീരുമാനിച്ചു. | |
| 07/10/23 | 4, 1 | പഞ്ചായത്തിലെ വിവിധ വാർഡുകളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന ഫോറസ്റ്റ് വിഭാഗത്തിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമായ മരങ്ങൾ ലേലം ചെയ്യുന്നതിന് ലേല നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയേ ചുമതലപ്പെടുത്തി തീരുമാനിച്ചു. | ഫോറസ്റ്റിന്റെ വാല്യുവേഷൻ ലഭിച്ചിട്ടില്ല. |
| 19/11/22 | 6,1 | അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ 3,10,14 വാർഡുകളിലാണ് ഷോപ്പിംഗ് കോംപ്ലക്സുകൾ സ്ഥിതി ചെയ്യുന്നത്. നിലവിൽ കൊയ്ത്തൂർക്കോണം വാർഡിലെ രണ്ട് കടമുറികൾ മാത്രമാണ് വാടക ഒടുക്കുന്നത്.<br><br>കോവിഡ് കാലഘട്ടത്തോടെ കടമുറികൾ ഉപയോഗിച്ചിരുന്നവർ ഒഴിഞ്ഞ് പോകുകയാണ് ഉണ്ടായത്. മിക്കവാറും കടമുറികൾ ജീർണ്ണാവസ്ഥയിലും, മഴയത്ത് ചോർന്ന് ഒലിക്കുന്നതുമാണ്. ഉപയോഗ ശൂന്യമല്ലാത്ത കടമുറികൾ പുനരുദ്ധരിക്കുന്നതിന് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. കടമുറികളിൽ ചിലത് പാഴ്വസ്തുക്കൾ കൂട്ടിയിട്ടിരിക്കുകയാണ്. പഞ്ചായത്ത് റിസോഴ്സ് പേഴ്സന്റെ പഞ്ചായത്ത് തല പ്രവർത്തനങ്ങൾക്കായി ഒരു മുറി ഉപയോഗിക്കാൻ അനുവദിച്ചിട്ടുണ്ട്.<br><br>ടി സാഹചര്യത്തിൽ 3 ഷോപ്പിംഗ് കോംപ്ലക്സുകളിലും നേരിട്ട് പരിശോധന നടത്തുന്നതിനും റിപ്പോർട്ട് നൽകുന്നതിനും വികസന സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ, ജൂനിയർ സൂപ്രണ്ട്, എ3 സെക്ഷനിലെ ക്ലാർക്ക് എന്നിവരെ ചുമതലപ്പെടുത്തി. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കാൻ തീരുമാനിച്ചു. | മെയിന്റനൻസ് പ്രോജക്ട് വച്ചിട്ടുണ്ട്. 2023-24 ൽ മെയിന്റനൻസ് നടത്താൻ തീരുമാനിച്ചു. കണിയാപുരം മാർക്കറ്റിലെ 5 മുറി പുനരുദ്ധരിച്ച് ലേലത്തിൽ പോയി. ബാക്കി വരും വർഷങ്ങളിൽ മെയിന്റനൻസ് നടത്തി ലേലം ചെയ്യുന്നതാണ്. |
| 28/01/23 | 5,1 | 18.01.2023 തീയതിയിൽ നിശ്ചയിച്ചിരുന്നതായ തടി ലേലത്തിന് ആരും പങ്കെടുത്തിട്ടില്ല. 2 തവണയായി ആരും പങ്കെടുക്കാതെ മാറ്റി വയ്ക്കപ്പെട്ട ലേലത്തിന് ഇനി ക്വട്ടേഷന് ക്ഷണിച്ച് വിറ്റ് കൈയ്യൊഴിക്കുന്നതിനും, വാർഡ് 12 ലെ പൊതുശ്മശാനം നിർമ്മാണം നടന്നുവരവെ അവിടെ പണി ചെയ്യുന്നതിന് ഏതാനും മരങ്ങൾ മുറിച്ചു നീക്കണമെന്നുള്ളതിനാൽ ആയതും മേൽ പരാമർശിച്ച പുനർലേലത്തോടൊപ്പം ലേലം നിശ്ചയിച്ചിരുന്നു എങ്കിലും ടി ലേലത്തിലും ആരും പങ്കെടുക്കാത്തതിനാൽ അവ പുനർലേലം ചെയ്യുന്നതിനും അനുമതിക്കായി സെക്രട്ടറി സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് കമ്മിറ്റി ചർച്ചചെയ്തു. രണ്ട് തവണയും ആരും പങ്കെടുക്കാത്ത തടി ക്വട്ടേഷൻ ക്ഷണിച്ച് വിറ്റൊഴിക്കുന്നതിനും , ഒരുതവണ ലേലം ചെയ്ത തടി പുനർലേലം ചെയ്യുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | ലേലം ചെയ്തിട്ടും ആരും എടുത്തില്ല |

## 1-13 കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല

സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് 1-6-2022 ലെ സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ)നം.117/2022/LSGD പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിൽ പ്രസ്തുത നിർദ്ദേശ പ്രകാരമുള്ള രജിസ്റ്റർ തയ്യാറാക്കി പരിപാലിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 33 ന് 2022-23 സാമ്പത്തിക വർഷത്തിലെ നികുതി കുടിശ്ശിക സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാണെന്നും ആയത് പ്രകാരമുള്ള കുടിശ്ശിക പ്രസ്തുത സാമ്പത്തിക വർഷം മുഴുവനായും പിരിച്ചെടുത്തിട്ടുണ്ടെന്നും ആയതിനാൽ പ്രത്യേക രജിസ്റ്റർ പരിപാലിച്ചിട്ടില്ല എന്നുമാണ് ലഭിച്ച മറുപടി. വസ്തു നികുതിയുടെ കുടിശ്ശികയുടെ അടിസ്ഥാനത്തിൽ മാത്രമുള്ള

മറുപടിയാണ് നൽകിയിരിക്കുന്നത്. തനത് വരുമാനത്തിലെ കുടിശ്ശിക സംബന്ധമായ രജിസ്റ്റർ പരിപാലിക്കാത്തതിന് ടി മറുപടി തൃപ്തികരമല്ല. ഗ്രാമപഞ്ചായത്തിന്റെ ബാലൻസ്ഷീറ്റ് പ്രകാരം ചുവടെ ചേർക്കുന്ന കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.

| ക്രമ നം. | ഇനം | കുടിശ്ശിക |
|---|---|---|
| 431400102 | Rent Receivables From Buildings(Arrears) | 76299 |
| 431400106 | Receivables Towards Market Receipts(Arrears) | 10000 |
| 431100104 | Receivables For Property Tax On Non-Residential Buildings (Arrears) | 171262 |
| 431100103 | Receivables For Property Tax On Non-Residential Buildings (Current) | 45415 |

ടി കുടിശ്ശിക സംബന്ധിച്ച വിശദാംശം കുടിശ്ശിക രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. കേരള പഞ്ചായത്ത്രാജ് നിയമം , 1994 വകുപ്പ് 243 (1) പ്രകാരം കിട്ടാനുള്ള നികുതി, മറ്റ് സംഖ്യകൾ പിരിച്ചെടുക്കുന്നതിനുള്ള കാലയളവ് 3 വർഷമാണ്. ടി കാലയളവിനുള്ളിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കാത്ത പക്ഷം പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് നഷ്ടമാകുമെന്നതിനാൽ തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ അടിയന്തിര പ്രാധാന്യം നൽകി തയ്യാറാക്കി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കേണ്ടതാണ്.

## 1-14 വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ പരിശോധിച്ചതിൽ വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു

### 1-14-1 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വസ്തു നികുതി ഇനത്തിൽ ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കിയിട്ടുണ്ട്. കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ഉടമസ്ഥന്റെ പേരും വിലാസവും |
|---|---|
| 8/173/<br>8/525/ | അബ്ദുൾ സലാം<br>മരങ്ങ്യാവിള വീട്, പാച്ചിറ, പള്ളിപ്പുറം,695316 |
| 10/594/A<br>10/804/ | അമ്പിളിവിജയചന്ദ്രൻ, കീട്ടറവിളാകം, കുന്നിനകം, കണിയാപുരം, 695301,,9544641037 |
| 14/821<br>14/361 | തുളസീധരൻ നായർ,<br>കോണത്തുവീട്, തട്ടാൻവിളാകം, കണിയാപുരം, 695301,,7034603268 |
| 16/220<br>16/613 | ഷീബ,<br>തെക്കേക്കരിവീട്, കണ്ടൽ, പള്ളിപ്പുറം,695316, 8606160586 |
| 7/530<br>7/92 A | ഷഹബാനത്ത്,<br>ഫിദ ഫാത്തിമ മൻസിൽ പറമ്പിൽപാലം, അണ്ടൂർക്കോണം, 695584 |

ഒരാളിന്റെ ഉടമസ്ഥതയിലുള്ളതും 60m$^2$ വരെ വിസ്തീർണ്ണമുള്ളതുമായ ഒന്നിലധികം കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കിയതുമായി ബന്ധപ്പെട്ട് സ്ഥല പരിശോധന നടത്തി തുടർ നടപടി സ്വീകരിക്കുന്നതാണ് എന്നാണ് ഇത്

സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 47 ന് ലഭിച്ച മറുപടി . അനർഹരെ വസ്തു നികുതി ഇളവിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിച്ച് അറിയിക്കേണ്ടതാണ്

## 1-14-2 വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിപാലിക്കുന്നില്ല.

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ സാമ്പത്തിക വർഷവും വസ്തുനികുതി ഇളവിനായി സാക്ഷ്യപത്രം സമർപ്പിക്കുമ്പോൾ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ മേൽ ഉത്തരവ് പ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നുണ്ടെങ്കിൽ അവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 47 ന് സഞ്ചയ സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ ലഭ്യമാണെന്നാണ് നൽകിയ മറുപടി. ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. രജിസ്റ്റർ തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-14-3 റസിഡൻഷ്യൽ ഹോം സ്റ്റേകൾക്കുള്ള നികുതി നിശ്ചയിച്ചിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ റസിഡൻഷ്യൽ ഹോംസ്റ്റേകൾക്കുള്ള വസ്തു നികുതി നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ.ഉ(അ)നം. 53/2020/lsgd Dated 8.9.2020 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേകൾക്കുള്ള നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 47 ന് അത്തരത്തിൽ നിരക്ക് നിശ്ചയിച്ചിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. റസിഡൻഷ്യൽ ഹോംസ്റ്റേകൾക്ക് സർക്കാർ വിജ്ഞാപന പ്രകാരമുള്ള നിരക്ക് നിശ്ചയിച്ച് പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വാടക ഇനത്തിലെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷത്തെ വാടക രജിസ്റ്റർ പ്രകാരം വാടക ഇനത്തിലെ ഡിമാന്റ്- കളക്ഷൻ- ബാലൻസ് തുക 0 ആണ്. വാടക രജിസ്റ്ററിൽ 2022-23 സാമ്പത്തിക വർഷം കെട്ടിടം വാടകയ്ക്ക് എടുത്തവർ വാടക നൽകിയതായി യാതൊരു രേഖപ്പെടുത്തലുമില്ല. കെട്ടിടങ്ങളിൽ മെയിന്റനൻസ് വർക്ക് നടന്നിരുന്നതിനാൽ പ്രവർത്തിച്ചിരുന്നില്ല എന്നാണ് ഇതിന് കാരണമായി അറിയിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ Rent Receivables From Buildings(Current) എന്ന ഹെഡിൽ 13432 രൂപയുടെ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഡിമാന്റ് 0 എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കെ തനത് വർഷം വാടക ഇനത്തിൽ 13432 രൂപ ലഭിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 46 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക രജിസ്റ്റർ കാലികമാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മെയിന്റനൻസ് നടത്തി വന്നിരുന്ന കെട്ടിടങ്ങൾ പ്രവർത്തി പൂർത്തീകരിച്ച് വാടകയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 ഗ്രാമ പഞ്ചായത്തിന്റെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികളുമായി സഹകരിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സ.ഉ.(കൈ) നം. 84/2022/ ത.സ്വ.ഭ.വ തീ. 19-04-2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സംസ്ഥാന ടൂറിസം വകുപ്പുമായി ചേർന്നുള്ള ' ഡെസ്റ്റിനേഷൻ ചലഞ്ച്' പദ്ധതികൾ കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനും കേരളത്തിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഒരു ടൂറിസം കേന്ദ്രമെങ്കിലും വികസിപ്പിക്കാനുള്ള പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് സർക്കുലർ നം. ഡി.എ1/287/2022- തസ്വഭവ തീ. 17/04/2023 പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിവരവും ഇത്തരം ടൂറിസം കേന്ദ്രങ്ങളിൽ നിന്നും വരുമാനം ഉറപ്പ് വരുത്തുന്നതിന് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതി സംബന്ധമായ മുഴുവൻ വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 42 ന് മൈതാനി വാർഡിലെ കരിച്ചറ കടവ് ടൂറിസം ഡെസ്റ്റിനേഷൻ ചലഞ്ചിൽ തെരഞ്ഞെടുത്തതായി അറിയിച്ചിട്ടുണ്ട്.തിരുവനന്തപുരം - വർക്കല ജലപാത വികസിപ്പിക്കുന്നതിന്റെ ഭാഗമായി ബോട്ട് സർവ്വീസിന് ഒരു

പോയിന്റായി ലഭിക്കാൻ പ്രവർത്തനം നടന്നു വരുന്നു എന്നും ഇതിന്റെ ഭാഗമായി ടൂറിസ്റ്റുകൾക്ക് ആലപ്പുഴ ബോട്ട് സവാരി പോലുള്ള പ്രവർത്തനങ്ങൾക്കായി ശ്രമിച്ചു വരുന്നെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി ടി വിനോദ സഞ്ചാര പദ്ധതിയിൽ നിന്നുള്ള വരുമാനം തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

2022-23 വർഷത്തെ ലൈസൻസ് രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-17-1 മുഴുവൻ വളർത്ത് നായ്ക്കൾക്കും ലൈസൻസ് അനുവദിച്ച് നൽകേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ ആകെ 1111 നായ്ക്കളുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2022-23 സാമ്പത്തിക വർഷം ആകെ 109 നായ്ക്കളെ വളർത്തുന്നതിന് മാത്രമാണ് ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത് (രജിസ്റ്റർ പ്രകാരം). വളർത്തു നായ്ക്കൾക്ക് ലൈസൻസ് അനുവദിച്ച് നൽകുന്നതിൽ സംഭവിച്ച കുറവിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 49 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ടിലെ പട്ടിക 3 ,ക്രമ നം. 27 പ്രകാരം വളർത്തു നായ്ക്കൾക്ക് ലൈസൻസ് അനുവദിച്ച് നൽകുക ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടിട്ടുള്ള വിഷയമാണ്. മുഴുവൻ വളർത്ത് നായ്ക്കൾക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-17-2 റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആകെ 18 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട് എന്ന വിവരം ഓഡിറ്റ് എൻക്വയറി നം. 36 നുള്ള മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ , തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019 ലെ (സി.എ,സ്) എ9-764/2019-ാം നം. കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-17-3 വാണിജ്യ കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് ഉറപ്പ് വരുത്തേണ്ടതാണ്

സഞ്ചയ പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും 2022-23 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ച് നൽകിയ വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ അന്തരം നിലനിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 2012 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 88 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 4 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 34 |
| 5 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 11 |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 51 |
| | ആകെ | 2200 |

451 പേർക്കാണ് 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച്

നൽകിയിട്ടുള്ളത് . 8 പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും 1 ട്യൂട്ടോറിയൽ സ്ഥാപനത്തിനും ഇതോടൊപ്പം ലൈസൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. ലൈസൻസ് നൽകിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിലൊഴികെ മറ്റ് കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് (ലൈസൻസ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ ഒഴികെ) ഫീൽഡ് തല അന്വേഷണം നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 49 ന് മറുപടി നൽകിയിട്ടില്ല. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് ഫീൽഡ് തല അന്വേഷണം നടത്തി ഉറപ്പ് വരുത്തുകയും പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

## 1-18 സാമൂഹ്യ ക്ഷേമ പെൻഷൻ - പെൻഷണറുടെ മരണശേഷവും ബാങ്കിൽ തുക നിക്ഷേപിച്ചു

സേവന സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം, വിവിധ സാമൂഹ്യ ക്ഷേമ പെൻഷൻ തുകകകളുടെ വിതരണം പെൻഷണറുടെ മരണശേഷവും ബാങ്കിൽ തുക നിക്ഷേപിച്ചതായി കാണുന്നു. പെൻഷനറുടെ മരണശേഷവും ബാങ്കിലേക്ക് തുക കൈമാറിയ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | പേര്<br>ആധാർ നമ്പർ | പെൻഷൻ | പ്രതിമാസ പെൻഷൻ തുക | മരണം നടന്ന തീയതി | അവസാനമായി വിതരണം നടത്തിയ മാസം | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | സുമതി അമ്മ ബി<br>2579 6971 0720 | കർഷക തൊഴിലാളി പെൻഷൻ | 1600 | 14.12.2021 | ജൂൺ 2023 | ആക്ടീവ് |
| 2 | ചെല്ലമ്മ<br>2327 6798 3328 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1600 | 09.01.2022 | ജൂൺ 2023 | ആക്ടീവ് |
| 3 | സുബൈദ ബീവി<br>4526 4008 7227 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 1600 | 17.01.2022 | ജൂൺ 2023 | ആക്ടീവ് |
| 4 | ശ്രീകണ്ഠൻ നായർ ജി ആർ<br>2378 5106 3566 | ക്ഷേമനിധി ബോർഡ് പെൻഷൻ | 1600 | 17.12.2021 | | ആക്ടീവ് |
| 5 | കരുണാകരൻ എൻ<br>4736 9235 4248 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1600 | 23.01.2022 | ജൂൺ 2023 | ആക്ടീവ് |
| 6 | സലിയുമ്മാൾ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1600 | 10.02.2022 | ജൂൺ 2023 | ആക്ടീവ് |
| 7 | ഭാഗീരഥി അമ്മ | കർഷക തൊഴിലാളി പെൻഷൻ | 1600 | 18.02.2022 | ജൂൺ 2023 | ആക്ടീവ് |
| 8 | വിജയമ്മാൾ<br>524813432683 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1600 | 17.04.2022 | ജൂൺ 2023 | ആക്ടീവ് |
| 9 | ചന്ദ്രശേഖരൻ നായർ<br>996616318431 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1600 | 05.05.2022 | ജൂൺ 2023 | ആക്ടീവ് |

| | | | | | | |
|---|---|---|---|---|---|---|
| 10 | തങ്കമ്മ കെ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1600 | 23.05.2022 | ജൂൺ 2023 | ആക്ടീവ് |
| 11 | മുഹമ്മദ് നൈഫ് 373443186200 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം | 1600 | 21.5.2022 | ജൂൺ 2023 | ആക്ടീവ് |
| 12 | വി ഭവാനി 808940305075 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1600 | 17.06.2022 | ജൂൺ 2023 | ആക്ടീവ് |
| 13 | സാവിത്രി 304919627630 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 1600 | 13.08.2022 | ജൂൺ 2023 | ആക്ടീവ് |
| 14 | സത്യഭാമ എ 387187679420 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 1600 | 28.08.2022 | ജൂൺ 2023 | ആക്ടീവ് |
| 15 | ശശിധരൻ നായർ 848882316726 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1600 | 23.07.2022 | ജൂൺ 2023 | ആക്ടീവ് |
| 16 | ശാരദ അമ്മ 316713192746 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1600 | 30.08.2022 | ജൂൺ 2023 | ആക്ടീവ് |
| 17 | അബ്ദുൽ വാഹിദ് എ 296073507283 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1600 | 26.08.2022 | ജൂൺ 2023 | ആക്ടീവ് |
| 18 | ശശി ഇ. 917749322093 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1600 | 15.09.2022 | ജൂൺ 2023 | ആക്ടീവ് |
| 19 | ഗോപാലകൃഷ്ണൻ നായർ വി 555052846042 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1400 | 28.09.2022 | ജൂൺ 2023 | ആക്ടീവ് |

അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 27/15.09.2023 ) മറുപടിയായി വിഷയം ശ്രദ്ധയിൽപ്പെടാതെ പോയതാണെന്നും തുടർ നടപടികൾ സ്വീകരിക്കുന്നതായും അറിയിച്ചു.സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അർഹരായവർക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കേണ്ടതും, മരണ മടഞ്ഞവരുടെ പെൻഷൻ അക്കൗണ്ടുകൾ അടിയന്തിരമായി 'സസ്പെന്റ് ' ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-19 കരിച്ചാറ ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - നാളിതുവരെയായും മരുന്നുകൾ ലഭ്യമായിട്ടില്ല

പദ്ധതി നമ്പർ: 31

പദ്ധതിയുടെ പേര്: കരിച്ചാറ ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക: 2,00,000

ചെലവ് തുക: 2,00,000

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ(ഹോമിയോ)

ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്

ബിൽ നമ്പർ: 1/06.01.2023, 155/15.12.2022 (യു.ടി.ആർ)

മേൽ വിവരിച്ച പദ്ധതിയിൽ മരുന്നുകളുടെ വിലയായ 2,00,000/- രൂപ മുൻകൂറായി 'ഹോംകോ'യ്ക്ക് നൽകിയിട്ടും നാളിതുവരെയായും മരുന്നുകൾ ലഭ്യമായിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം. 11/13.09.2023) . മരുന്നുകൾ ഉടൻ ലഭ്യമാകുന്നതിനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് ഓഡിറ്റിന് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്. ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ അടിയന്തിര ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-20 പാലിന് സബ്സിഡി (സംയോജിത പ്രോജക്ട്) - അപേക്ഷകളിലേയും ഗുണഭോക്തൃ പട്ടികകളിലേയും പേരുകളിൽ വ്യത്യാസം വരുന്നു.

പദ്ധതി നമ്പർ: 46 (സ്പിൽ ഓവർ)

പദ്ധതിയുടെ പേര്: ക്ഷീര സമൃദ്ധി - പാലിന് സബ്സിഡി (സംയോജിത പ്രോജക്ട്)

അടങ്കൽ തുക:1,30,852/-

ചെലവ് തുക: 19,679/-

ഫണ്ടിനം: വികസന ഫണ്ട്

നിർവഹണ ഉദ്യോഗസ്ഥൻ – ഡയറിഫാം ഇൻസ്ട്രക്ടർ

അപേക്ഷകളിലേയും ഗുണഭോക്തൃ പട്ടികകളിലേയും പേരുകൾ വ്യത്യാസം വരുന്നു.

1. അബ്ദുൾ മജീദ് അക്കൗണ്ട് നമ്പർ 5513101000153
2. അനിതാ ഭായി റ്റി അക്കൗണ്ട് നമ്പർ 67200123868

ശ്രീ മുഹമ്മദ് ബഷീറിന്റെ പിതാവിന്റെ പേരായ അബ്ദുൾ മജീദിന്റെ പേര് സാംഖ്യ സോഫ്റ്റ് വെയറിൽ ചേർത്തപ്പോൾ മാറി പോയതെന്നാണ് ഇതിന് വിശദീകരണമായി (ഓഡിറ്റ് അന്വേഷണം നം.15/14.09.2023) നൽകിയത്. പേരുകൾ ശരിയായി രേഖപ്പെടുത്തി പരിശോധിക്കാതിരുന്നത് പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ച്ചയാണ്. ഗുണഭോക്തൃ പട്ടികയിലെ പേരുകൾ, അക്കൗണ്ട് നമ്പരുകൾ കൃത്യമായി രേഖപ്പെടുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

അനിത കുമാരി ടി എന്ന വ്യക്തിയുടെ പേരാണ് അനിതാ ഭായ് ടി എന്ന് രേഖപ്പെടുത്തി ആനുകൂല്യം നൽകിയെന്ന് അറിയിച്ചത്. ഈ രണ്ട് പേരുകളും ഒരാളുടേത് തന്നെയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഇങ്ങനെ പേരുകൾ മാറി പട്ടികയിൽ കടന്നു വരാതിരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വാർഡ് മെംബറിൽ നിന്ന് ഗുണഭോക്തൃ ലിസ്റ്റിലെ പേരിൽ ഉൾപ്പെട്ട വ്യക്തിയും അനുബന്ധരേഖകളിലെ പേരിലെ വ്യക്തിയും ഒരാളാണെന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

## 1-21 തെറ്റായ സ്പെസിഫിക്കേൻ നൽകി അധിക തുക അനുവദിച്ചു- 3,143/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ 199/22-23, പള്ളിപ്പുറം എൽ.പി.എസിൽ ഷീറ്റ് റൂഫിംഗ് പ്രവർത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ പറയുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ നം, പേര് | 199/22-23, പള്ളിപ്പുറം എൽ.പി.എസിൽ ഷീറ്റ് റൂഫിംഗ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ഉദയൻ |
| എം ബുക്ക് നം | ഇ എം ബുക്ക്,Order No. LSGD/CELSGD/EST-TS- 110856/2022, 1,00,000/- |
| ക്വാട്ട് ചെയ്ത തുക | 7.2 % Below, Cost Index 35.59% |
| ഫണ്ട് | Dev Fund (General) |

| | |
|---|---|
| ബിൽ നം | 482/28.3.2023, 78,861/- |

ടി പ്രോജക്റ്റിൽ റൂഫിംഗ് പ്രവർത്തികൾക്കായി OD 50.10.1 Steel Work In Built Up Section.... എന്ന നിരക്കാണ് (Rs.189.89/kg) നൽകിയിരിക്കുന്നത്. എന്നാൽ പഞ്ചായത്തിൽ നടത്തിയിട്ടുള്ള GI പൈപ്പുകൾ ഉപയോഗിച്ചുള്ള മറ്റ് സമാനമായ റൂഫിംഗ് പ്രവൃത്തികളിൽ DAR 10.16.1 എന്ന നിരക്കാണ് (168.81/kg) നൽകിയിരിക്കുന്നത്. ഇത്തരത്തിൽ ഉയർന്ന നിരക്ക് നൽകാനുള്ള കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.-16 , തീയതി : 14.9.2023) ലഭ്യമാക്കിയ മറുപടിയിൽ, DAR 10.16.1. Specification നൽകുന്നത് ഹെവി ലോഡ് വരുന്നിടത്തും, Ms Section ഉപയോഗിച്ചുള്ള പ്രവർത്തികൾക്കുമാണ് എന്നും, ഇവിടെ സ്കൂൾ റൂഫ് നിർമ്മാണ പ്രവർത്തിയായിനാൽ ഭാരക്കുറവും, ഈട് നിൽക്കുന്നതിനുമായാണ് ടി പ്രവർത്തിയിൽ GI പൈപ്പുകൾ ഉപയോഗിച്ചത് എന്നും അതിനാലാണ് ഈ പ്രവർത്തിക്ക് Observed Data ആയ 50.10.1 ഉപയോഗിച്ചത് എന്നും വിശദീകരിച്ചിട്ടുണ്ട്.

സാധാരണയായി റൂഫിംഗ്, അനുബന്ധ പ്രവർത്തികൾക്ക് വിപണിയിൽ ലഭ്യമായതും ഈട് നിൽക്കുന്നതുമായ GI പൈപ്പുകളാണ് ഉപയോഗിക്കുന്നത്. GI പൈപ്പുകളിൽ സിങ്ക് കോട്ടിംഗ് ഉള്ളതിനാൽ ആയവ തുരുമ്പ് പിടിക്കുന്നതിനുള്ള സാധ്യത കുറവാണ്. ആയവ ഉപയോഗിച്ചുള്ള പ്രവർത്തികൾക്ക് DAR 10.16.1. Specification ആണ് നൽകി വരുന്നത്. ഈ പഞ്ചായത്തിൽ 2022-23 വർഷത്തിൽ നടപ്പിലാക്കിയിട്ടുള്ള GI പൈപ്പ് ഉപയോഗിച്ചിട്ടുള്ള വിവിധ റൂഫിംഗ് പ്രവർത്തികളിൽ DAR 10.16.1. Specification ആണ് നൽകിയിട്ടുള്ളത് എന്ന് കാണാവുന്നതാണ്. ഉദാഹരണമായി പ്രോജക്റ്റ് നം 200/22-23, അറിവിടം കേന്ദ്രം നവീകരണം, പ്രോജക്റ്റ് നം. 55/22, അഗ്രോ സെന്റർ നിർമ്മാണം എന്നിവയിൽ DAR 10.16.1. Specification ഉപയോഗിക്കുകയും GI പൈപ്പ് ഉപയോഗിച്ച് പ്രവൃത്തി നിർവ്വഹിച്ചതായും കാണാൻ കഴിയുന്നതാണ്. പ്രോജക്റ്റ് നം. 200/22-23, അറിവിടം കേന്ദ്രം നവീകരണം പ്രവർത്തി സ്ഥലത്ത് സംയുക്ത പരിശോധന നടത്തുകയും ടി പ്രവർത്തിയിൽ GI പൈപ്പുകളാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുള്ളതുമാണ്. ആയതിനാൽ മറുപടിയിൽ പറഞ്ഞിരിക്കുന്നതരത്തിൽ DAR 10.16.1. Specification ഉപയോഗിക്കുമ്പോൾ Ms Steel ഉപയോഗിക്കണം എന്നുള്ള വാദം അംഗീകരിക്കുവാൻ കഴിയുന്നതല്ല. ടി മറുപടി അംഗീകരിക്കുന്നില്ല.

നൽകിയ തുക 160.671 Kg X 189.89/kg = 30,509.82.

നൽകാവുന്ന തുക 160.671 Kg X 168.81/kg = 27,122.87

അധികം നൽകിയ തുക = 3,387/-

ടെൻഡർ കുറവ് കഴിഞ്ഞുള്ള തുക (3387 ന്റെ 7.2 % കുറവ്) = 3,143/-

**മേൽ സാഹചര്യത്തിൽ** 3,143/- രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു.

ടി വിഷയത്തിൽ കൂടുതൽ മറുപടി ലഭ്യമാക്കാനുണ്ടെങ്കിൽ ആയത് ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക തിരികെ അടവാക്കേണ്ടതാണ്.

## 1-22 റൂഫിംഗ് പ്രവർത്തികൾ തെറ്റായ സ്പെസിഫിക്കേഷൻ നൽകി - 9,804/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

പ്രോജക്റ്റ് നം 200/22-23, അറിവിടം കേന്ദ്രം നവീകരണം

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം 200/22-23, അറിവിടം കേന്ദ്രം നവീകരണം എന്ന പ്രോജക്റ്റിൽ റൂഫ് നിർമ്മാണത്തിലേക്കായി GI പൈപ്പുകൾ ഉപയോഗിച്ച് Post സ്ഥാപിക്കുന്ന പ്രവർത്തിക്ക് DAR 10.16.1 പ്രകാരമുള്ള നിരക്കാണ് (168.81/kg) നൽകിയിരിക്കുന്നത്.

പ്രോജക്റ്റ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ നം, പേര് | പ്രോജക്റ്റ് നം 200/22-23, അറിവിടം കേന്ദ്രം നവീകരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ഷിജു |
| എം ബുക്ക് നം | ഇ എം ബുക്ക്,Order No. LSGD/CELSGD/EST-TS-85790/2022, 4,20,500/- |
| ക്വാട്ട് ചെയ്ത തുക | എസ്റ്റിമേറ്റ് റേറ്റ് |
| ഫണ്ട് | Dev Fund (General) |
| ബിൽ നം | 487/28.3.22, 375651/- |

ജി.ഐ പൈപ്പുകൾ തറയിൽ സ്ഥാപിക്കുക, അതിനു മുകളിൽ റൂഫിംഗിനാവശ്യമായ Purlin, Rafter ഉടങ്ങിയവ

ഉപയോഗിച്ച് Structure നിർമ്മിക്കുക എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തികൾക്ക് പൊതുവായാണ് ഈ എസ്റ്റിമേറ്റിൽ DAR 10.16.1 എന്ന ഇനം നൽകിയിരിക്കുന്നത്. GI പൈപ്പുകൾ ഉപയോഗിച്ച് തൂണുകൾ നിർമ്മിച്ച് കോൺക്രീറ്റ് ഉപയോഗിച്ച് ടി തൂണുകൾ തറയിൽ ഉറപ്പിച്ചതിനു ശേഷം അതിൽ മേൽക്കൂര നിർമ്മാണം നടത്തി ഷീറ്റ് ഇട്ടിട്ടിട്ടുണ്ട്. ആയത് 16.9.2023ൽ നടത്തിയ സ്ഥലപരിശോധനാ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതും ,അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാകുന്നു. മേൽ പറഞ്ഞ റൂഫിംഗ് പ്രവൃത്തിയിൽ ജി.ഐ പൈപ്പുകൾ ഉപയോഗിച്ച് പില്ലറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്കും DAR 10.16.1 Steel Work In Built Up Tubular (Round, Square Or Rectangular Hollow Tubes Etc.).... പ്രകാരമുള്ള നിരക്കാണ് (168.81/kg) നൽകിയിട്ടുള്ളത്. DAR 10.16.1 ഇനം Tie Beam, Rafter,members.welding By Electric Plant എന്നിവ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് നൽകുന്ന നിരക്കാണ്. തറയിൽ ജി.ഐ പൈപ്പുകൾ സ്ഥാപിക്കുന്ന ജോലികൾക്ക് DAR 10.1 നിരക്ക് (101.29/kg) നൽകിയാൽ മതിയാകുന്നതാണ്. ഇപ്രകാരം പൈപ്പുകൾ തറയിൽ ഉറപ്പിച്ച് 1:3:6 അനുപാതത്തിൽ കോൺക്രീറ്റ് ചെയ്യുതിന് എംബുക്ക് പ്രകാരം തുക (0.535 M3) അനുവദിച്ചിട്ടുള്ളതാകുന്നു. സമാന MATERIALമായ പ്രവൃത്തികളിൽ DAR 10.1 നിരക്കാണ് ജി.ഐ പൈപ്പുകൾ സ്ഥാപിക്കുന്ന ജോലികൾക്ക് നൽകിയിട്ടുള്ളത്. (ഉദാ. പ്രോജക്റ്റ് നം. 55/22, അഗ്രോ സെന്റർ നിർമ്മാണം ).

ആയതിനാൽ തറയിൽ ജി.ഐ പൈപ്പുകൾ സ്ഥാപിക്കുന്ന ജോലികൾക്ക് ഇത്തരത്തിൽ ഉയർന്ന നിരക്ക് നൽകാനുള്ള കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു (ഓഡിറ്റ് എൻക്വയറി നം.38, തീയതി : 18.9.2023).ആയതിന് ലഭ്യമാക്കിയ മറുപടിയിൽ DAR 10.1 എന്ന ഐറ്റം Tees, Angle, Channel എന്നിവക്ക് വേണ്ടി ഉള്ളതാണെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ അതിന്റെ ഡാറ്റാ പരിശോധിച്ചാൽ Details Of Cost For One Qunital Steel = 1.00q എന്ന് പറഞ്ഞിട്ടുണ്ട്. കൂടാതെ പഞ്ചായത്തിലെ തന്നെ വിവിധ പ്രവർത്തികൾക്ക് ഇതേ ഡാറ്റാ ഇതേ ആവശ്യത്തിന് ഉപയോഗിച്ചിട്ടുള്ളതായും കാണാം. ആയതിനാൽ ടി മറുപടി അംഗീകരിക്കുന്നില്ല.

അനുവദിച്ച തുക 145.18 Kg X Rs. 168.82/kg = 24509.29

അനുവദിക്കാവുന്ന തുക 145.18 Kg X Rs. 101.29/kg = 14705.28

അധികം നൽകിയ തുക = 9,804/-

**മേൽ സാഹചര്യത്തിൽ 9,804/- രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു.**

ടി വിഷയത്തിൽ കൂടുതൽ മറുപടി ലഭ്യമാക്കാനുണ്ടെങ്കിൽ ആയത് ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക തിരികെ അടവാക്കേണ്ടതാണ്.

## 1-23 റോഡ് കോൺക്രീറ്റിൽ ഫോം വർക്ക് ഉൾപ്പെടുന്ന നിരക്ക് നൽകി- 12,694/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

പ്രോജക്റ്റ് നം 104/22-23, ഹരിത നഗർ റോഡ് നവീകരണം

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ റോഡ് കോൺക്രീറ്റ് പ്രവർത്തിയാണ് ഈ പ്രോജക്റ്റിൽ നിർവ്വഹിച്ചിരിക്കുന്നത്. ടി പ്രവർത്തിയിൽ, ഇരു വശവും ഉള്ള മതിലിനോട് ചേർത്ത് ഫോം വർക്ക് ഉൾപ്പെടുത്താതെ റോഡ് കോൺക്രീറ്റ് ചെയ്യുതായി കാണുന്നു. ടി റോഡ് നിർമ്മാണത്തിൽ ഫോം വർക്ക് ഉൾപ്പടുത്തിയിട്ടില്ല എന്നുള്ള വിവരം 16.9.2023 ൽ നടത്തിയ സ്ഥലപരിശോധനാ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതും ആയത് അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാകുന്നു. എസ്റ്റിമേറ്റ് പ്രകാരം (Spec 75.8.1 ) 38.205 M3 അളവിൽ കോൺക്രീറ്റ് റോഡ് 8306.23/$m^3$ രൂപ നിരക്കിൽ ചെയ്യുതിന് ആകെ 3,17,339.52/- രൂപ അനുവദിച്ചിട്ടുണ്ട്.

പ്രോജക്റ്റ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ നം, പേര് | പ്രോജക്റ്റ് നം. 104/22-23, ഹരിത നഗർ റോഡ് നവീകരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ഷിജു |
| എം ബുക്ക് നം | ഇ എം ബുക്ക്, Order No. LSGD/CELSGD/EST-TS-107254/2022, 4,50,000/- |
| ക്വാട്ട് ചെയ്യ തുക | 3,76,987/-, Cost Index 35.59% |
| ഫണ്ട് | CFC- 1,00,000, MF(R) – 350000 |
| ബിൽ നം. | 355/27.2.2023, 3,44,845/-<br>354/27.2.23, 1,00,000 |

ടി പ്രവൃത്തിയിൽ റോഡ് കോൺക്രീറ്റിന് നൽകിയ നിരക്കിൽ ഫോം വർക്ക് ഉൾപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ ടി നിരക്ക് നൽകാനുള്ള കാരണം എന്നിവ വ്യക്തമാക്കുന്നതിനായി 18.9.2023 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.38

നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ Spec 75.8.1 അപ്രൂവ്ഡ് OD ആണെന്നും അതിൽ ഫോം വർക്ക് നിരക്ക് ഉൾപ്പെട്ടിട്ടില്ല എന്നുമാണ്. ടി പ്രവർത്തിയുടെ ഡാറ്റാ മറുപടിയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. Spec 75.8.1 പ്രകാരമുള്ള നിരക്കിൽ ഫോംവർക്കിന് 4% തുക കൂടി ഉൾപ്പെടുന്നുണ്ട്. മറ്റെല്ലാ നിരക്കുകൾക്കു ശേഷം Other Charges എന്ന ഇനമായാണ് ഇത് ഉൾപ്പെടുത്തിയിരിക്കുന്നത്. ടി പ്രവൃത്തിയിൽ ഫോം വർക്ക് ഉൾപ്പെടുത്തേണ്ട ആവശ്യമില്ലായിരുന്നുവെങ്കിൽ, ആയതിന്റെ നിരക്ക് കുറച്ചുള്ള തുക കരാറുകാരന് നൽകിയിൽ മതിയാകുമായിരുന്നു. ഇത്തരത്തിൽ ഫോം വർക്ക് ഒഴിവാക്കിയ തുക അനുവദിക്കാത്തതിനാൽ, കരാറുകാരന് അധികം തുക നൽകിയിട്ടുണ്ട്.

ടി പ്രവർത്തിയിൽ അനുവദിച്ച തുക = 3,17,339.52

അനുവദിക്കാവുന്ന തുക (3,17,339.52 ന്റെ 4 % കുറച്ചുള്ള തുക) = 12,694/-

**മേൽ സാഹചര്യത്തിൽ 12,694/- രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു.**

ടി വിഷയത്തിൽ കൂടുതൽ മറുപടി ലഭ്യമാക്കാനുണ്ടെങ്കിൽ ആയത് ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക തിരികെ അടവാക്കേണ്ടതാണ്.

## 1-24 മെച്ചപ്പെട്ട വിറകടുപ്പ്-പ്രോജക്ട് നിർവ്വഹണം രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തടസപ്പെടുത്തുന്നു- 2,70,000/- രൂപ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ 184/22-23, മെച്ചപ്പെട്ട വിറകടുപ്പ് എന്ന പ്രോജക്റ്റിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ പറയുന്നു. 5000/- രൂപ വിലവരുന്ന വിറകടുപ്പിന് 4500/- രൂപ പഞ്ചായത്തും 500/- രൂപ ഗുണഭോക്താവും വഹിക്കുന്ന രീതിയിലാണ് പ്രോജക്റ്റ് രൂപകൽപന ചെയ്തിരിക്കുന്നത്.

| | |
|---|---|
| പ്രോജക്റ്റ് പേര്, നം | 184/22-23, മെച്ചപ്പെട്ട വിറകടുപ്പ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ഫണ്ട് | എസ്.സി.പി ഫണ്ട് |
| അടങ്കൽ | 3,00,000 |
| ചെലവ് | 3,00,000 |
| ബിൽ നം | 300/14.2.23, 72,000, 302/14.2.2023, 36,000, 301/14.2.23, 8,000, 303/14.2.23, 4,000, 457/25.3.23, 49,500, 458/25.3.23, 5,500, 287/9.2.23, 1,12,500, 288/9.2.23, 12,500, |

ടി പ്രോജക്റ്റിൽ വിറകടുപ്പ് നിർമ്മാണ പ്രവർത്തി നിർവ്വഹിക്കുന്നവരുടെ അംഗീകൃത ലിസ്റ്റും മോഡലും അനർട്ട് ലഭ്യമാക്കുന്നതാണെന്ന് മാർഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട് അനർട്ട് അംഗീകരിച്ചവരുടെ പട്ടിക ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും വില പ്രതിപാദിച്ചിട്ടില്ല.

അപ്രകാരം അടുപ്പുകളുടെ മോഡൽ , വില എന്നിവ സംബന്ധിക്കുന്ന രേഖകൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (ഓഡിറ്റ് എൻക്വയറി നം.- 17, തീയതി : 14.9.2023). ആയതിന് ലഭ്യമാക്കിയ മറുപടിയിൽ അടുപ്പുകളുടെ മോഡൽ, വില എന്നിവ സംബന്ധിക്കുന്ന രേഖകൾ സമർപ്പിക്കുന്നുവെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമായാൽ മാത്രമെ ഏതെല്ലാം നിരക്കിൽ വിറകടുപ്പ് ലഭ്യമാകു എന്നും ഗുണഭോക്തൃ വിഹിതം ഈടാക്കിയത് ശരിയായ അനുപാതത്തിലാണോ എന്നും എന്ന് അറിയാൻ സാധിക്കുകയുള്ളൂ. ആവശ്യമായ രേഖകളുടെ അഭാവത്തിൽ ടി ഇനത്തിൽ ചെലവായ 2,70,000/- രൂപ (30,000- ഗുണ. വിഹിതം) ഓഡിറ്റ് തടസപ്പെടുത്തുന്നു. വ്യക്തമായ മറുപടി ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-25 അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/2011/ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/2009/ത.സ്വ.ഭ.വ, തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. 20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി.അതിൻ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിട്ടുണ്ടങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം, തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിൽ അതിന്റെ വിശദവിവരം, ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നതിന്റെ വിവരം, മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ

പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് 2022-23 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു എന്ന് വിശദമാക്കുന്നതിനും കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനം സംബന്ധിച്ച മാന്വലിലെ അഞ്ചാം അധ്യായത്തിൽ ഉപയോഗശൂന്യമായ ആസ്തികൾ സമയബന്ധിതമായി കൈയൊഴിയുന്നതിനും, ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവ നടത്തിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും, അസറ്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കുന്നതിനുമായി 14.9.2023 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-18 നൽകിയിരുന്നുവെങ്കിലും ആയതിന് ലഭ്യമാക്കിയ മറുപടിയിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി നിലവിൽ ഉണ്ടെന്നും, ആന്വൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ലെന്നും അസറ്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 അംഗൻ വാടി പ്രവർത്തന അവലോകനം

| ക്രമ നമ്പർ | | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 4 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 4 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 2 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 2 |
| 5 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 26 |
| 6 | റോഡിന് സമീപത്ത് അല്ലാത്തവ | 2 |
| 7 | കളിസ്ഥലം ഇല്ലാത്തവ | 2 |
| 8 | ശുചിയായ ചുറ്റുപാട് ഇല്ലാത്തവ | - |
| 9 | മൂന്നു മുറിയെങ്കിലും ഇല്ലാത്തവ | - |
| 10 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 24 |
| 11 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 23 |
| 12 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 26 |
| 13 | വൈദ്യുതി ഇല്ലാത്തവ | - |
| 14 | Baby Weighing Machine/ Salter Scale/ Platform Weighing Scale | ഉണ്ട് |
| 15 | സൂപ്പർവൈസറുടെ ഫോൺനമ്പറോടുകൂടിയ നെയിം ബോർഡ് ഇല്ലാത്തവ | നെയിം ബോർഡ് ഉണ്ട്. സൂപ്പർവൈസറുടെ ഫോൺനമ്പർ ഇല്ല |
| ഉ16 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 30 |
| 17 | പ്രഥമ ശുശ്രൂഷ കിറ്റ്, മരുന്നു കിറ്റ് എന്നിവ ഇല്ലാത്തവ | - |
| 18 | ക്ലോക്ക്, ബെൽ, ഫോൺ, ഫാൻ, അലമാര, ഫയൽ റാക്ക് എന്നിവ ഇല്ലാത്തവ | - |

| | | |
|---|---|---|
| 19 | പാചകവാതക സൗകര്യം ഇല്ലാത്തവ | - |
| 20 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | - |
| 21 | ആവശ്യത്തിനു കളിക്കോപ്പുകൾ ഇല്ലാത്തവ (Both Indoor And Outdoor) | Indoor-0 Outdoor-23 |
| 22 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | 11 |
| 23 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | - |
| 24 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | - |
| 25 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | - |
| 26 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | - |
| 27 | പരാതിപ്പെട്ടി ഇല്ലാത്തവ | 30 |

സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.3.3.I പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ് മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തു തല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപവത്കരിക്കേണ്ടതുണ്ട്.ടി കോ ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ 2022-23 കാലയളവിൽ മീറ്റിംഗ് കൂടിയിട്ടില്ലാത്തതാകുന്നു.ALMSC അംഗനവാടികളിൽ കാര്യക്ഷമമായി നടന്നുവരുന്നുവെന്നും, ജലസംഭരണി ക്ലോറിനേഷൻ, കിണർ വൃത്തിയാക്കൽ എന്നിവ സമാസമയം നടക്കുന്നതായും മാസ, വാർഷിക പുരോഗതി റിപ്പോർട്ട് തയ്യാറാക്കുന്നുണ്ടെന്നും, ന്യൂടിമിക്സ് പരിശോധന കൃത്യമായി നടത്താറുണ്ടെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

## 1-27 അംഗൻവാടികൾക്ക് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

21.5.2022, തീയതിയിലെ സാമൂഹ്യ നീതി വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ 19-ാം നം. അംഗനവാടിയിലെ ടോയിലറ്റ് മെയിന്റനൻസ് നടത്തണമെന്നും, കിണർ ഉപയോഗ യോഗ്യമാക്കണമെന്നും, 2-ാം നം. അംഗനവാടിയിൽ ബാത്ത് റൂം ഇല്ലാത്ത വിഷയവും, 14-ാം നം. അംഗനവാടിക്ക് ചുറ്റു മതിൽ നിർമ്മിക്കണമെന്നും, 18-ാം നം. അംഗനവാടിയിലേക്ക് ചാഞ്ഞ് നിൽക്കുന്ന മരം മുറിക്കണമെന്നും കുട്ടികൾക്ക് ഭീഷണിയായതിനാൽ അവിടത്തെ കിണറിന് ഇരുമ്പ് മൂടി നിർമ്മിക്കണമെന്നും 28.6.2022 തീയതിയിലെ മീറ്റിംഗിൽ അംഗനവാടികൾക്ക് സോക്ക് പിറ്റ് നിർമ്മിക്കണമെന്നും, 7-ാം നം അംഗനവാടിയുടെ വാതിൽ ജനൽ എന്നിവ ജീർണ്ണാവസ്ഥയിലായതിനാൽ ആയത് മാറ്റി സ്ഥാപിക്കണമെന്നും, 22.12.2022 തീയതിയിലെ മീറ്റിംഗിൽ 14,7,19 എന്നീ അംഗനവാടികളിലെ മേൽ ഉന്നയിച്ച ആവശ്യങ്ങൾ ആവർത്തിക്കുകയും ചെയ്തതായി മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അംഗനവാടികളുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി മേൽ ഉന്നയിച്ച ആവശ്യങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ടോ എന്നും ആയതിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 39 , തീയതി : 18.9.2023) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാകുന്നു. കുട്ടികളുടെ സുരക്ഷ അതീവ പ്രാധാന്യമയതിനാൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു. വിഷയത്തിൻമേൽ വിശദമറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-28 രേഖകളും വിശദീകരണവും ലഭ്യമാക്കിയില്ല- തുക തടസപ്പെടുത്തുന്നു- 2,72,000 രൂപ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ 145/22-23, വയോജനങ്ങൾക്ക് കട്ടിൽ വിതരണം എന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് പേര്, നം | 145/22-23, വയോജനങ്ങൾക്ക് കട്ടിൽ വിതരണം |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ICDS Supervisor |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| അടങ്കൽ | 720000 |
| ചെലവ് | 272000 |
| ബിൽ നം | 446/24.3.2023 , 39000/-<br>480/28.3.2023, 97000/-<br>476/28.3.2023, 136000/- |

ടി പ്രോജക്ടിലേക്കായി ICDS/PNCD/B-390/21(4), 16.12.2022 ൽ ടെൻഡർ ക്ഷണിക്കുകയും ചുവടെ പറയുന്ന സ്ഥാപനങ്ങൾ വിവിധ നിരക്കുകൾ ക്വാട്ട് ചെയ്തതായും കാണുന്നു.

| സ്ഥാപനം | നിരക്ക് (നികുതി ഉൾപ്പെടെ ) | വാറന്റി (വർഷം) |
|---|---|---|
| ഫെതർ ലൈൻ ഫർണിച്ചർ | 4120 | - |
| ടൈ ടെക്ക് ട്രേഡേഴ്സ് | 3395 | 5 |
| ബ്രാൻഡ്സ് ഇൻറീരിയേഴ്സ് | 2881.36 (18 % നികുതി ഒഴികെ) | - |
| ആർട്ട് കോ ലിമിറ്റഡ് | 4290 | - |
| കെ.പി ഫർണിച്ചർ | 3032 | - |
| ഒളിംമ്പിയ ഇൻറീരിയർ എൻറർപ്രൈസസ് | 3250 | 2 |
| ജാസ് ഇൻറീരിയേഴ്സ് | 2950 | 1 |
| മുണ്ടി കുന്നേൽ ഇൻഡസ്ട്രീസ് | 3950 | - |
| അഭി ഇൻഡസ്ട്രീസ് | 3540 | - |

ബ്രാൻഡ്സ് ഇൻറീരിയേഴ്സ് എന്ന സ്ഥാപനം ഒഴികെ എല്ലാവരും നികുതി ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ബ്രാൻഡ്സ് ഇൻറീരിയേഴ്സ് എന്ന സ്ഥാപനത്തെ 8.2.2023 തീയതിയിലെ 2(1) നം ഭരണ സമിതി തീരുമാന പ്രകാരം തിരഞ്ഞെടുത്തിട്ടുണ്ട്.

<u>അപാകതകൾ</u>

1. ബ്രാൻഡ്സ് ഇൻറീരിയേഴ്സ് എന്ന സ്ഥാപനം നികുതി ഒഴികെയാണ് 2881.36 രൂപ ക്വാട്ട് ചെയ്തിട്ടുള്ളത്. നികുതികൾ ഉൾപ്പടെ ഒരു കട്ടിലിന് 3400/- രൂപ വരുന്നതാണ്. അപ്രകാരം ടി സ്ഥാപനത്തെക്കാൾ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ നാല് സ്ഥാപനങ്ങൾ ഉണ്ടായിരിക്കെ അവയെ സ്ഥാപനങ്ങളെ ഒഴിവാക്കി ബ്രാൻഡ്സ് ഇൻറീരിയേഴ്സ് നെ തിരഞ്ഞെടുക്കാനുള്ള കാരണം

2. കട്ടിലിന്റെ സാമ്പിൾ ഹാജരാക്കി ഗുണമേൻമ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുക

3. ഏതെല്ലാം സ്ഥാപനങ്ങൾ ഗുണമേൻമ പരിശോധനയിൽ ഹാജരായിട്ടുണ്ട്.

4. ടെൻഡറിൽ പങ്കെടുത്തവർക്ക് സാമ്പിൾ ഹാജരാക്കുന്നതിന് അറിയിപ്പ് നൽകിയ കത്ത് ലഭ്യമാക്കുക.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 20, തീയതി : 14.9.2023) ലഭ്യമാക്കിയ മറുപടിയിൽ കെ.പി ഫർണിച്ചർ, ബ്രാൻഡ്സ് ഇൻറീരിയേഴ്സ്, ജാസ് ഇൻറീരിയേഴ്സ് എന്നിവർ സാമ്പിൾ പരിശോധനക്ക് ഹാജരായിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗുണമേൻമ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്തതും, ടെൻഡറിൽ പങ്കെടുത്തവർക്ക് സാമ്പിൾ ഹാജരാക്കുന്നതിന് അറിയിപ്പ് നൽകിയ കത്തായി, പുതിയതായി കത്ത് തയ്യാറാക്കി മറുപടിയോടൊപ്പം നൽകിയിട്ടുള്ളതും, ഫോൺ മുഖാന്തിരമാണ് അറിയിപ്പ് നൽകിയതെന്നും അറിയിച്ചിട്ടുള്ളതുമാകുന്നു. ടെൻഡറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയവർ യോഗ്യരാണെങ്കിൽ കരാർ നൽകണമെന്ന സ്റ്റോർ പർച്ചേസ് വ്യവസ്ഥകൾ നിലനിൽക്കെ മാനദണ്ഡങ്ങൾ പാലിക്കാതെ മറ്റ് നാല് സ്ഥാപനങ്ങളെ ഒഴിവാക്കി അഞ്ചാമതായി ക്വാട്ട് ചെയ്ത സ്ഥാപനത്തെ തിരഞ്ഞെടുത്തത് ചട്ട ലംഘനമായി ഓഡിറ്റ് വിലയിരുത്തുന്നു. ബ്രാൻഡ്സ് ഇൻറീരിയേഴ്സ് എന്ന സ്ഥാപനത്തെ 8.2.2023 തീയതിയിലെ 2(1) നം ഭരണ സമിതി തീരുമാന പ്രകാരം തിരഞ്ഞെടുത്തിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയ മിനിറ്റ്സ് ഹാജരാക്കിയിട്ടുണ്ടെങ്കിലും ടി മിനിറ്റ്സിൽ ഏതെല്ലാം സ്ഥാപനങ്ങൾ സാമ്പിൾ ഹാജരാക്കിയെന്നോ, ഏതെല്ലാം കാര്യങ്ങളിലാണ് പരിശോധന നടത്തിയതെന്നോ, ഗുണനിലവാരം നിശ്ചയിച്ചിക്കുന്ന മാനദണ്ഡങ്ങൾ ഏതെന്ന് വ്യക്തമാക്കിയിട്ടില്ലാത്തതും, തടി ഉൽപ്പന്നത്തിന്റെ ഗുണനിലവാരവും, തടിയുടെ ഇനവും പരിശോധിക്കുന്നതിന് സാങ്കേതിക യോഗ്യതയുള്ള ആൾക്കാർ ടി കമ്മിറ്റിൽ ഉൾപ്പെട്ടില്ലാത്തതും ആകുന്നു. ബ്രാൻഡ്സ് ഇൻറീരിയേഴ്സ് എന്ന

സ്ഥാപനം വാറന്റി നൽകുന്നുമില്ല. ആയതിനാൽ ടി റിപ്പോർട്ട് അംഗീകരിക്കുന്നതിന് സാധിക്കുന്നതല്ല. മേൽ സാഹചര്യത്തിൽ ടി ഇനത്തിലെ ചെലവായ 2,72,000/- രൂപ ഓഡിറ്റ് തുക തടസപ്പെടുത്തുന്നു.വ്യക്തമായ മറുപടി ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-29 സ്ത്രീ പദവി പഠനം-പെൺ അടയാളം-പ്രോജക്ടിന്റെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ 98/22-23, സ്ത്രീ പദവി പഠനം-പെൺ അടയാളം എന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് പേര്, നം | 98/22-23, സ്ത്രീ പദവി പഠനം-പെൺ അടയാളം |
| നിർവ്വഹണോദ്യോഗസ്ഥൻ | ICDS Supervisor |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| അടങ്കൽ | 39800 |
| ചെലവ് | 15582 |
| ബിൽ നം | 330/20.2.23-10700<br>347/23.2.23-3752<br>360/9.2.23-1130 |

തദ്ദേശ സ്ഥാപനങ്ങളെ ലിംഗ പദവി സൌഹൃദമാക്കുന്നതിനും സ്ത്രീകളുടെ അവസ്ഥയും പ്രശ്നങ്ങളും ആവശ്യങ്ങളും മനസിലാക്കുന്നതിനും വേണ്ടി രൂപീകരിച്ച പ്രോജക്ടാണിത്. ടി പ്രോജക്ടിൽ വിവരശേഖരണത്തിനായി ശ്രീമതി. രമ്യ, പുഷ്പലത എന്നിവർക്ക് 5350/- രൂപ വീതം നൽകിയിട്ടുണ്ട്. ടി വിവരശേഖരണം സംബന്ധിച്ച വിവരങ്ങളും, ആയത് എന്ത് ആവശ്യത്തിന് വേണ്ടി ഉപയോഗിച്ചു , പ്രോജക്ടിൽ നടപ്പിലാക്കിയ മറ്റ് പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 20, തീയതി : 14.9.2023) ലഭ്യമാക്കിയ മറുപടിയിൽ ഭരണസമിതി തീരുമാനത്തെതുടർന്നാണ് മേൽ പറഞ്ഞവരെ തിരഞ്ഞെടുത്തത് എന്നാണ്. എന്നാൽ അവർ ശേഖരിച്ച വിവരങ്ങളെക്കുറിച്ചോ, ടി പ്രോജക്ടിന് അവ എപ്രകാരം ഉപയോഗപ്പെടുത്തിയോ എന്നത് സംബന്ധിച്ച വിവരങ്ങൾ ഒന്നും മറുപടിയിൽ പറഞ്ഞിട്ടില്ല. ടി പ്രോജക്ടിന്റെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-30 ടെൻഡറിൽ രേഖപ്പെടുത്തിയതിലും അധികം തുക അനുവദിച്ചു- 1,797/- രൂപ തിരികെ അടവാക്കേണ്ടതാണ്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ 37/22-23, ഓട്ടിസം സെന്ററിലെ പഠന സൌകര്യം മെച്ചപ്പെടുത്തൽ എന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് പേര്, നം | 37/22-23, ഓട്ടിസം സെന്ററിലെ പഠന സൌകര്യം മെച്ചപ്പെടുത്തൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ICDS Supervisor |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| അടങ്കൽ | 161800 |
| ചെലവ് | 132508 |
| ബിൽ നം | 3/4.6.2022, 132508/- |

ടി പ്രോജക്ടിലേക്കായി ICDS/PNCD/B-390/21(3), 7.1.2022 ൽ ടെൻഡർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ Forge Fitness Center, Naruvamoodu എന്ന സ്ഥാപനത്തിന് കരാർ നൽകുകയും (4.2.2022 തീയതിയിലെ 2(1) തീരുമാനം) ചെയ്തിട്ടുണ്ട്.ടി സ്ഥാപനം ക്വാട്ട് ചെയ്തതുക 1,26,508/- രൂപയാണ്.

ടി പ്രോജക്ടിലെ താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം.- 20,

തീയതി : 14.9.2023 നൽകിയിരുന്നു.

1. സ്ഥാപനം ക്വാട്ട് ചെയ്തതുക 1,26,508/- രൂപയായിരിക്കെ കൂടുതൽ തുക അനുവദിക്കാനുള്ള കാരണം.

2. താരതമ്യ പട്ടികയിൽ Puzzles എന്ന ഇനത്തിന് Forge Fitness Center നിരക്ക് ക്വാട്ട് ചെയ്തതായി കാണുന്നില്ല. എന്നാൽ സ്ഥാപനം സമർപ്പിച്ച ബില്ലിൽ ( ഇൻവോയിസ് നം. FFW14AND18/30.3.2022) Puzzles എന്ന ഇനത്തിന് ഒരെണ്ണത്തിന് 2,000/- രൂപ നിരക്കിൽ മൂന്നെണ്ണത്തിന് 6,000/- രൂപ അനുവദിച്ചിട്ടുണ്ട്. ആയതിനുള്ള കാരണം.

3. ടെൻഡറിനോടൊപ്പം സമർപ്പിച്ചിട്ടുള്ള 22.1.2022 തീയതിയിലെ നിരക്ക് രേഖപ്പെടുത്തിയ രേഖയിൽ Puzzles എന്ന ഇനത്തിന് 1,401/- രൂപയായി ക്വാട്ട് ചെയ്തിട്ടുണ്ട് എന്നിരിക്കെ ടി ഇനത്തിന് 2,000/-രൂപ അനുവദിക്കാനുള്ള കാരണം.

ടി ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ , Puzzles എന്ന ഇനത്തിന് തുക രേഖപ്പെടുത്തിക്കൊണ്ട് സ്ഥാപനം 23.1.2023 ൽ കത്ത് നൽകിയിരുന്നുവെന്നും ആയത് കണക്കിലെടുത്താണ് ടി ഇനത്തിന് 6,000/- രൂപ അനുവദിച്ചത് എന്നും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ടെൻഡറിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള രേഖയിൽ ടി ഇനത്തിന് 1,401/- രൂപയായി കാണിച്ചിട്ടുള്ളതിനാൽ രണ്ടാമത് തുക വീണ്ടും അറിയിക്കേണ്ട ആവശ്യമുള്ളതായി കാണുന്നില്ല. ആയതിനാൽ ടി മറുപടി അംഗീകരിക്കുവാൻ കഴിയുന്നതല്ല.

അനുവദിച്ച തുക 3 X 2000 = 6000

അനുവദിക്കേണ്ടിയിരുന്ന തുക 3 X 1401 = 4203

അധികം നൽകിയ തുക 1,797/- (6000 - 4203)

മേൽ സാഹചര്യത്തിൽ ഇത്തരത്തിൽ അധികം നൽകിയ തുക ഓഡിറ്റ് അംഗീകരിക്കുന്നില്ല. 1,797/- രൂപ തിരികെ അടവാക്കേണ്ടതാണ്.

## 1-31 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസ് ഉപയോഗ ശൂന്യമായി മാറുന്നു- അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 22 G 4346 നം ആംബുലൻസിന് (Maruthi Omni) ഇൻഷ്വറൻസ് പുതുക്കുന്നതിലേക്കായി Vr. 816/16.1.2023, Cheque No.124820 ( Insurance Charge To Vehicle No. KL 22 G 4346) പ്രകാരം 7,826/- രൂപ ചെലവഴിച്ചിട്ടുണ്ട്. തുടർന്ന് KL 22 G 4346 നം ആംബുലൻസിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 23/3/2022 ൽ ടി വാഹനം വെറ്ററിനറി സർജന് നൽകിയിട്ടുള്ളതായും (With Full Tank Petrol) ആയത് 14.9.2021 തീയതിയിലെ 7(1) നം തീരുമാന പ്രകാരമാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് വാഹനം 22.2.2023 മുതൽ 25.2.2023 വരെയും 27.2.2023, 2.3.2023 എന്നീ തീയതികളിൽ ആകെ ആറ് ദിവസം (Dog Vaccination Purpose) മാത്രമാണ് ഓടിയിട്ടുള്ളതെന്ന് രേഖപ്പെടുത്തി കാണുന്നു.

ചുവടെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.(ഓഡിറ്റ് എൻക്വയറി നം.- 22, തീയതി : 14.9.2023).

1. 23/3/2022 ന മുമ്പ് ടി വാഹനം ഉപയോഗിച്ചിരുന്നത് എന്ത് ആവശ്യത്തിനായിരുന്നു.

2. 23/3/2022 മുതൽ വാഹനം വെറ്ററിനറി സർജന് കൈമാറാനുള്ള കാരണം. ഭരണ സമിതി തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുക. എന്ത് ആവശ്യത്തിനായാണ് ടി വാഹനം വെറ്ററിനറി സർജന് കൈമാറിയത്.

3. വാഹനം വെറ്ററിനറി സർജന് കൈമാറുമ്പോൾ ടിയാനുമായി കരാറിൽ ഏർപ്പെടുകയോ, ആയതിന്റെ ഉപയോഗം സംബന്ധിച്ച് രേഖാമൂലം നിർദേശങ്ങൾ നൽകുകയോ ചെയ്തിട്ടുണ്ടോ. ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുക.

4. 23/3/2022 ൽ വാഹനം കൈമാറുമ്പോൾ പെട്രോൾ ടാങ്ക് മുഴുവനായി നിറച്ചിരുന്നു എന്ന് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 24.2.2023ൽ 15 ലിറ്ററും, 2.3.2023 ൽ 5 ലിറ്ററും പെട്രോൾ നിറച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ടി ചെലവുകൾക്ക് തുക അനുവദിച്ചിട്ടുണ്ടോ. വിവരങ്ങൾ ലഭ്യമാക്കുക.

5. 23/3/2022 ന ശേഷം വാഹനം നാളിതുവരെ (6 ദിവസം ഒഴികെ) ഉപയോഗിക്കുന്നതായി കാണുന്നില്ല. കാരണം.

6. 23/3/2022 ൽ വാഹനം വെറ്ററിനറി സർജന് കൈമാറുമ്പോൾ മൃഗ പരിപാലനത്തിനും, മൃഗങ്ങളെ വാഹനത്തിൽ കൊണ്ടു പോകുന്നതിനുമായി ഉള്ള ക്രമീകരണങ്ങൾ വാഹനത്തിൽ നടത്തിയിരുന്നോ. വിവരങ്ങൾ ലഭ്യമാക്കുക.

7. നിലവിൽ വാഹനത്തിന്റെ നിയന്ത്രണാധികാരി/ കസ്റ്റോഡിയന്റെ പേര് വിവരങ്ങൾ ലഭ്യമാക്കുക.

ടി വാഹനം വെറ്ററിനറി സർജന് കൈമാറുന്ന ചടങ്ങ് ഉദ്ഘാടനത്തിനായി കൊടി തോരണം, കസേര ഉടങ്ങിയവ ഒരുക്കിയതിന് ഷമീർ എന്നയാൾക്ക് വൌച്ചർ നം. 22200067/23.4.2022,ചെക്ക് നം.035244 പ്രകാരം 12,000/- രൂപയും, മൈക്ക് സെറ്റ് അനൌൺസ്മെന്റ് എന്നിവക്കായി വൌച്ചർ നം. 22200049/14.4.2022, ചെക്ക് നം.035229

പ്രകാരം 9,990/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, ടി വാഹനം എം.എൽ.എ മുഖാന്തിരമാണ് ലഭ്യമായതെന്നും, ഗ്രാമ പഞ്ചായത്ത് ഇതിൽ തുക മുടക്കിയിട്ടില്ലെന്നും, പാലിയേറ്റീവ് കെയറിൽ പുതിയ വാഹനം ലഭ്യമായപ്പോൾ ടി വാഹനം തിരികെ പഞ്ചായത്തിൽ കൈമാറി വന്നതാണെന്നും, പല അവസരങ്ങളിലും ടി വാഹനം ഉപയോഗിച്ചിട്ടുണ്ടെന്നും, ടി വാഹനം തുടർച്ചയായി ഉപയോഗിക്കാൻ കഴിയാത്തതിനാലാണ് ഇവിടെ പാർക്ക് ചെയ്തിട്ടുള്ളതെന്നും, മൈബൈൽ മൃഗസംരക്ഷണം ഫലപ്രദമാകാത്തതിനാലാണ് വാഹനം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളത് എന്നും വിശദീകരിച്ചിട്ടുണ്ട്. നിലവിൽ ടി വാഹനം നിലവിൽ പഞ്ചായത്ത് കോമ്പൌണ്ടിൽ ഉപയോഗ ശൂന്യമായി കിടക്കുകയാണ്. ഇത്തരത്തിൽ പഞ്ചായത്തിന്റെ ആസ്തി നശിച്ച പോകുന്നത് തെറ്റായ നടപടിയായി ഓഡിറ്റ് വിലയിരുത്തുന്നു. വാഹനം പൂർണ്ണ പ്രവർത്തന യോഗ്യമാക്കി ശരിയായ വിധത്തിൽ വിനിയോഗിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് ഓഡിറ്റ് നിർദേശിക്കുന്നു. ഭരണ സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-32 ജനകീയ ഹോട്ടൽ-നവീകരണ പ്രവൃത്തികൾ നടത്തിയിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം. 85/22-23, ജനകീയ ഹോട്ടൽ നവീകരണം എന്ന പ്രോജക്റ്റ് പ്രകാരം വികസന ഫണ്ടിൽ നിന്നും 2,48,156/- രൂപ വിനിയോഗിച്ച് ഹോട്ടൽ പ്രവർത്തനത്തിനനുയോജ്യമായ തരത്തിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് കോമ്പൌണ്ടിലെ ടി കെട്ടിടം നിലവിൽ ഉപയോഗ ശൂന്യമായ നിലയിൽ മാലിന്യങ്ങളും, കൃഷി തൈകളും കൊണ്ട് നിറഞ്ഞതായി കാണുന്നു. ടി കെട്ടിടം നിലവിൽ ഹോട്ടൽ പ്രവർത്തനത്തിന് ഉപയോഗിക്കാത്തതിന്റെ കാരണവും, ടി കെട്ടിടം ഹോട്ടൽ പ്രവർത്തനത്തിന് ഉപയോഗിച്ചിരുന്നെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായും, ടി കെട്ടിടം ഹോട്ടൽ പ്രവർത്തന ക്ഷമമാക്കുന്നതിനായുള്ള നിർദേശങ്ങൾ നിലവിൽ പരിഗണനയിൽ ഉണ്ടോ എന്നുള്ള വിവരങ്ങൾ ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം.- 22, തീയതി : 14.9.2023) നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ കുടുബശ്രീക്ക് സബ്സിഡി ലഭിക്കാത്ത സാഹചര്യത്തിൽ ഹോട്ടൽ പ്രവർത്തനം നിർത്തി വച്ചതാണെന്നും ആയതിനാലാണ് താത്കാലികമായി കൃഷി ഭവൻ ആവശ്യത്തിനു ഉപയോഗിച്ച എന്നുമാണ്. ഹോട്ടൽ പ്രവർത്തനത്തിനനുയോജ്യമായ തരത്തിൽ കിച്ചൺ, സിങ്കുകൾ, കൌണ്ടറുകൾ, ഫ്ലോർ ടൈൽ എന്നീ പ്രവൃത്തികൾ ചെയ്തശേഷം അവ ഉപയോഗിക്കാതെയിരിക്കുന്നത് ശരിയായ നടപടിയായി ഓഡിറ്റ് കാണുന്നില്ല. സർക്കാർ നിർദേശപ്രകാരം ആരംഭിച്ചിട്ടുള്ള ജനകീയ ഹോട്ടൽ പദ്ധതി തുടർന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള സാധ്യതകൾ തേടേണ്ടതാണെന്ന് ഓഡിറ്റ് നിർദേശിക്കുന്നു. ഭരണ സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-33 എം.എൻ.ആർ.ജി.എസ് പ്രവർത്തനങ്ങൾക്ക് വാങ്ങിയ തൊഴിലുപകരണങ്ങളുടെ വിനിയോഗം, ചെലവ് തുക റീക്ലപ്പ് ചെയ്തതുമായി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

വൌച്ചറുകൾ പരിശോധിച്ചതിൽ, Vr.966/25.2.2023, Cheque No.039578 പ്രകാരം RS.3,07,922/- രൂപ ചെലവഴിച്ചതായി കാണുന്നു. ടി ചെലവ് ബഹു. ഓംബുഡ്സ്മാന്റെ നിർദേശപ്രകാരം MNREGS തൊഴിലാളികൾക്ക് മേൽ നം വൌച്ചർ പ്രകാരം തൊഴിലുപകരണങ്ങൾ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. ടി വാങ്ങലുമായി ബന്ധപ്പെട്ട വിവരങ്ങൾ, വാങ്ങിയ സാധനങ്ങളുടെ വിനിയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായും, തനത് ഫണ്ടിൽ നിന്നും ചെലവായ തുക തിരികെ റീക്ലപ്പ് ചെയ്തതിന്റെ വിവരങ്ങളും ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം.- 22, തീയതി : 14.9.2023) നൽകുകയും ആയതിന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിലുറപ്പുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുന്നതാണെന്നും, ഫണ്ട് ലഭിക്കുന്ന മുറക്ക് തുക റീക്ലപ്പ് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക റീക്ലപ്പ് ചെയ്ത വിവരം അറിയിക്കേണ്ടതും, സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-34 രേഖകൾ ഹാജരാക്കിയില്ല-ചെലവ് തടസപ്പെടുത്തുന്നു- 60,43,300/- രൂപ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയിട്ടുള്ള ചുവടെ പറയുന്ന പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ചുവടെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 15.9.2023 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 25, , 18.9.2023 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 40 എന്നിവ നൽകിയിരുന്നു.ആയതിന് ലഭ്യമാക്കിയ മറുപടിയും പ്രോജക്റ്റ് തിരിച്ച് ചുവടെ ചേർക്കുന്നു.

1. 48/22, വ്യക്തിഗത ടോയിലറ്റ് നിർമ്മാണം

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 48/22, വ്യക്തിഗത ടോയിലറ്റ് നിർമ്മാണം |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

| | |
|---|---|
| ഫണ്ട് | CFC-112000, സംസ്ഥാനാവിഷ്കൃത ഫണ്ട്-418000 |
| അടങ്കൽ | 23,38,000 |
| ചെലവ് | 5,30,000 (സുലേഖ പ്രകാരം) |
| ബിൽ നം | 55/10.10.22, 112000, 87/14.11.22, 95000, 373/9.3.23, 32000, 221/18.1.23, 84000 |

അപാകത

ഗുണഭോക്തൃ പട്ടിക, പ്രോജക്റ്റ് രൂപീകരണ ഫോം, അനുബന്ധ രേഖകൾ, ചെലവിനാസ്പദമായ ബില്ലുകൾ (3,23,000/-രൂപയുടെ ബില്ലുകളാണ് ലഭ്യമാക്കിയിട്ടുള്ളത്) എന്നിവ ലഭ്യമാക്കിയിട്ടില്ല.

മറുപടി

ഗുണഭോക്തൃ പട്ടിക ഇല്ലെന്നും, പ്രോജക്റ്റ് രൂപീകരണ ഫോം, ചെലവിനാസ്പദമായ ബില്ലുകൾ എന്നിവ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2. 33/22, ഭവന പുനരുദ്ധാരണം എസ് .സി.പി

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 33/22, ഭവന പുനരുദ്ധാരണം എസ്.സി.പി |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ഫണ്ട് | SCP-480000 |
| അടങ്കൽ | 4,80,000 |
| ചെലവ് | 4,80,000 |
| ബിൽ നം | 76/28.10.22, 50,000, 81/1.11.22, 80,000, 138/9.12.22, 30,000, 223/18.1.23, 1,00,000, 224/18.1.23, 80,000, 254/31.1.23, 20,000, 282/8.2.23, 50,000, 403/17.3.23, 15,000, 454/25.3.23, 50,000, 504/29.3.23, 5,000 |

അപാകത

ഗുണഭോക്തൃ പട്ടിക, പ്രോജക്റ്റ് രൂപീകരണ ഫോം, അനുബന്ധ രേഖകൾ , ഗുണഭോക്താവായ ശ്രീമതി അംബികയുടെ അപേക്ഷ ഉൾപ്പെടുന്ന ഫയൽ, ചന്ദ്രിക, ബിന്ദു, പ്രഭാകരൻ എന്നിവരുടെ കെട്ടിടത്തിന്റെ കാലപ്പഴക്കം സംബന്ധിച്ച രേഖകൾ, ടി ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തീകരിച്ചത് സംബന്ധിക്കുന്ന എൻജിനീയറിംഗ് വിഭാഗത്തിന്റെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

മറുപടി

ഗുണഭോക്തൃ പട്ടിക ഇല്ലെന്നും, പ്രോജക്റ്റ് രൂപീകരണ ഫോം, ചെലവിനാസ്പദമായ ബില്ലുകൾ എന്നിവ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ചന്ദ്രിക, ബിന്ദു, പ്രഭാകരൻ എന്നിവരുടെ കെട്ടിടത്തിന് 8 വർഷം കാലപ്പഴക്കം ഇല്ലെന്നും ഇവരുടെ വീട് VEO യുടെ നേരിട്ടുള്ള പരിശോധനയിൽ പുനരുദ്ധാരണം ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാലുമാണ് ആനുകൂല്യം നൽകിയത് എന്നും മറുപടി നൽകിയിട്ടുണ്ട്. ശ്രീമതി. അംബിക യുടെ അപേക്ഷ ഉൾപ്പെടുന്ന ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. എൻജിനീയറിംഗ് വിഭാഗത്തിന്റെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

3. 177/22, കംപോസ്റ്റ് പിറ്റ് നിർമ്മാണം - MNREGS പ്രവർത്തിയുമായി സംയോജിപ്പിച്ച് വാർഡ് 16 മുതൽ 17 വരെ

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 177/22, കംപോസ്റ്റ് പിറ്റ് നിർമ്മാണം- MNREGS പ്രവർത്തിയുമായി സംയോജിപ്പിച്ച് വാർഡ് 16 മുതൽ 17 വരെ |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ഫണ്ട് | കേന്ദ്രാവിഷ്ക ഫണ്ട്- 5,00,000<br>മറ്റുള്ളവ - 5,00,000 |
| അടങ്കൽ | 10,00,000 |
| ചെലവ് | 1,58,300 |
| ബിൽ നം | 346/23.2.23, 8,800, 471/27.3.23, 1,20,000 |

ടി പ്രവർത്തിയിൽ 1,20,000/- രൂപ Inet And Royal Reflection, 8,800/- രൂപ Finix Interiors എന്നീ സ്ഥാപനങ്ങൾക്കുമാണ് നൽകിയിരിക്കുന്നത്. ഭരണ സമിതിയുടെ 3/12/2022ലെ 1(3) നം. തീരുമാന പ്രകാരം ടി പ്രവർത്തി വനിതകളുടെ ഒരു ഗ്രൂപ്പിനെ കൊണ്ട് പഞ്ചായത്തിനു കീഴിലെ സ്ഥാപനങ്ങളിലും, വീടുകളിലും,

ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഇഷ്ടിക, താബൂക്ക്, എ.എ.സി ബ്ലോക്ക് എന്നിവ ഉപയോഗിച്ച് കംപോസ്റ്റ് പിറ്റ് നിർമ്മിക്കുന്നതിനും ഇതിനായി വകയിരുത്തിയിരിക്കുന്ന തുക ഓവർസിയറുടെ വാല്യേഷന്റെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ ഗ്രൂപ്പിന്റ അക്കൌണ്ടിലേക്ക് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

അപാകത

ഗുണഭോക്തൃ പട്ടിക ലഭ്യമാക്കുക, പ്രോജക്റ്റ് രൂപീകരണ ഫോം, അനുബന്ധ രേഖകൾ, ഏതെല്ലാം ഗ്രൂപ്പിനാണ് തുക അനുവദിച്ചിട്ടുള്ളത്, മേൽ പറഞ്ഞ സ്ഥാപനങ്ങൾ നൽകിയ എന്ത് സേവനത്തിനാണ് തുക അനുവദിച്ചത് എന്നുള്ള വിവരം ലഭ്യമാക്കിയിട്ടില്ല.

മറുപടി

വനിതകളുടെ ഗ്രൂപ്പിനെ കൊണ്ട് നിർമ്മാണം നടത്തുവാൻ സാധിക്കാത്തതിനാലാണ് ടി പ്രവർത്തി Contract നൽകിയത് എന്നും നിലവിൽ പ്രവർത്തികൾ നടന്ന് വരികയാണെന്നും അത് പൂർത്തിയാകുന്ന മുറക്ക് എൻജിനീയറിംഗ് വിഭാഗത്തിന്റെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഭരണ സമിതി തീരുമാന പ്രകാരം പ്രവർത്തി നിർവ്വഹിക്കാത്തതിനെക്കുറിച്ചോ, കരാർ നൽകിയ നടപടിക്രമത്തിനെക്കുറിച്ചോ, കരാർ നൽകുന്നതിന് ഭരണ സമിതി അനുവാദം ഉണ്ടായിരുന്നോ എന്നതിനെപ്പറ്റിയോ മറുപടിയിൽ പരാമർശിച്ചിട്ടില്ല.

4. 134/22, ലൈഫ് ഭൂമി വാങ്ങൽ എസ് .സി

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 134/22, ലൈഫ് ഭൂമി വാങ്ങൽ എസ്.സി |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ഫണ്ട് | എസ്.സി.പി - 33,00,000 |
| അടങ്കൽ | 33,00,000 |
| ചെലവ് | 6,00,000 |
| ബിൽ നം | 198/4.1.23, 2,00,000, 410/17.3.23, 2,00,000, 280/8.2.23, 2,00,000 |

ടി പ്രോജക്റ്റിൽ ശ്രീമതി. മയൂര, ഷീജ, അനുജ എന്നിവർക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

അപാകത

ഗുണഭോക്തൃ പട്ടിക ലഭ്യമാക്കുക, പ്രോജക്റ്റ് രൂപീകരണ ഫോം, അനുബന്ധ രേഖകൾ, ടി വസ്തുക്കളുടെ കരം അടവാക്കിയ രസീത് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മറുപടി

2018 ലെ ഭൂരഹിത ഭവന രഹിത പട്ടികയിൽ നിന്നാണ് ഗുണഭോക്താക്കളെ കണ്ടെത്തിയതെന്നും ഈ ലിസ്റ്റിൽ നിന്നും 'First Come First Serve' അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയതെന്നും, ഭൂമിയുടെ കരം അടവാക്കിയ രസീത് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കരം അടവാക്കിയ രസീത് പരിശോധിച്ചാൽ മാത്രമെ ഭൂമിയുടെ ശരിയായ ഉടമസ്ഥനെക്കുറിച്ചുള്ള വിവരങ്ങൾ ഉറപ്പുവരുത്തുന്നതിന് സാധിക്കുകയുള്ളൂ.

5. 23/22, ഹരിത കർമ്മ സേന തുടർ പ്രവർത്തനങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 23/22, ഹരിത കർമ്മ സേന തുടർ പ്രവർത്തനങ്ങൾ |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ഫണ്ട് | സി.എഫ്.സി |
| അടങ്കൽ | 2,00,000 |
| ചെലവ് | 1,50,000 |
| ബിൽ നം | 372/9.3.23, 12,700, 200/4.1.23, 50,000, 102/22.11.22, 9,600, 54/10.10.22, 30,000, 48/23.9.22, 40,000, 46/23.9.22, 40,000, 39/31.8.22, 17,700 |

സുലേഖ ചെലവ് പത്രികയിൽ ആകെ ചെലവ് 1,50,000/- രൂപയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ലഭ്യമാക്കിയിട്ടുള്ള ബിൽ പ്രകാരം 2,00,000/- രൂപ ചെലവായതായി കാണുന്നു.ടി വ്യത്യാസത്തിന് കാരണവും ടി ചെലവുകൾക്ക് ആസ്പദമായ രേഖകൾ/ വൌച്ചറുകൾ പരിശോധനക്കായി ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നു.അതിനു ലഭ്യമാക്കിയ മറുപടിയിൽ, ഹരിത കർമ്മ സേനക്കായി വിവിധ തരത്തിൽ വാങ്ങൽ നടത്തിയ ഇനത്തിലാണ് ടി തുക ചെലവായതെന്നും, സാംഖ്യ സോഫ്റ്റ് വെയറിൽ ചെലവ് വന്നതായി കാണിക്കാത്തതിനാലാണ് ചെലവിലെ മേൽ വ്യത്യാസത്തിന് കാരണമെന്നും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ചെലവിനാസ്പദമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതാകുന്നു.

6. 135/22- ഭവന പുനരുദ്ധാരണം എസ് .സി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്റ്റിന്റെ പേര്, നം | 135/22- ഭവന പുനരുദ്ധാരണം എസ്.സി |
| ഫണ്ട് | വികസം ഫണ്ട്- എസ്.സി.പി |
| അടങ്കൽ | 36,00,000 |
| ചെലവ് | 36,00,000 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പ്രോജക്റ്റ് നം 135/22- ഭവന പുനരുദ്ധാരണം എസ്.സി എന്ന പ്രോജക്റ്റിൽ, ഗുണഭോക്താക്കൾ കെട്ടിടത്തിന്റെ എട്ട് വർഷമെങ്കിലും ഉള്ള കാലപ്പഴക്കം സംബന്ധിച്ച റിപ്പോർട്ട്, പ്രവർത്തിയുടെ വാല്യേഷൻ സർട്ടിഫിക്കറ്റ്, ഗുണഭോക്താക്കൾക്ക് എസ്.സി വകുപ്പിൽ നിന്നോ മറ്റ് വകുപ്പുകളിൽ നിന്നോ ടി ആനുകൂല്യം ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രം എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ, മേൽപ്പറഞ്ഞ രേഖകൾ ഉള്ളടക്കം ചെയ്തതായി കാണുന്നില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കാലപ്പഴക്കം | വാല്യൂവേഷൻ | എസ്.സി വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം |
|---|---|---|---|---|
| 1 | യമുന | - | ഇല്ല | ഇല്ല |
| 2 | രാജു | - | ഇല്ല | ഇല്ല |
| 3 | ഷൈലജ | ഇല്ല | ഇല്ല | - |
| 4 | സുലോചന | ഇല്ല | - | ഇല്ല |
| 5 | പ്രദീപ് | - | ഇല്ല | ഇല്ല |
| 6 | പ്രസന്ന കുമാരി | ഇല്ല | ഇല്ല | ഇല്ല |
| 7 | സിന്ധു | ഇല്ല | ഇല്ല | ഇല്ല |
| 8 | രാധ | - | - | ഇല്ല |
| 9 | പ്രീത | - | ഇല്ല | ഇല്ല |
| 10 | ലളിതാ കുമാരി | - | - | ഇല്ല |
| 11 | സജി | - | - | ഇല്ല |
| 12 | രാമചന്ദ്രൻ | - | - | ഇല്ല |
| 13 | ഗിരിജ | - | - | ഇല്ല |
| 14 | ശിവദ | - | - | ഇല്ല |
| 15 | വൽസല | - | - | ഇല്ല |
| 16 | സുധ | - | - | ഇല്ല |
| 17 | നിർമ്മല | - | - | ഇല്ല |
| 18 | സുനിത കുമാരി | - | ഇല്ല | ഇല്ല |
| 19 | അജിത്ത് കുമാർ | ഇല്ല | - | ഇല്ല |
| 20 | രാധ | ഇല്ല | ഇല്ല | ഇല്ല |
| 21 | കവിത | - | ഇല്ല | ഇല്ല |
| 22 | പുരുഷോത്തമൻ | - | - | ഇല്ല |
| 23 | ദീപ | 4 വർഷം പഴക്കം | - | ഇല്ല |
| 24 | ലളിത | ഇല്ല | - | ഇല്ല |
| 25 | ബിജു | ഇല്ല | - | ഇല്ല |
| 26 | വീണ | - | - | ഇല്ല |
| 27 | അനീഷ് | - | - | ഇല്ല |

| | | | | |
|---|---|---|---|---|
| 28 | പ്രിയ | ഇല്ല | - | ഇല്ല |
| 29 | മഞ്ജു | - | - | ഇല്ല |
| 30 | രമണി | - | - | ഇല്ല |
| 31 | കുമാരി | - | - | ഇല്ല |
| 32 | സുധ | - | - | ഇല്ല |
| 33 | ഓമന | ഇല്ല | - | ഇല്ല |
| 34 | ഗീത | - | - | ഇല്ല |

ടി പ്രോജക്റ്റിൽ 36 ഗുണഭോക്താക്കൾക്ക് 1,00,000/- രൂപ വീതം ആകെ 36,00,000/- രൂപയാണ് നൽകിയിരിക്കുന്നത്. ആകെ 36 ഗുണഭോക്താക്കളുടെ അപേക്ഷയിൽ 34 പേരുടെ അപേക്ഷകളും അപൂർണ്ണമാണ്. മേൽ അപാകതയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ, ഗുണഭോക്താക്കൾക്ക് എസ്.സി വകുപ്പിൽ നിന്നോ മറ്റ് വകുപ്പുകളിൽ നിന്നോ ടി ആനുകൂല്യം ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കണമെന്ന് മാർഗരേഖയിൽ പറഞ്ഞിട്ടില്ലെന്നും, നേരിട്ടുള്ള അന്വേഷണത്തിൽ ഈ പദ്ധതിൽ ഉൾപ്പെട്ട ആർക്കും തന്നെ മുമ്പ് ആനുകൂല്യം കിട്ടിയിട്ടില്ലെന്ന് ഉറപ്പ് വരുത്തിയതിനാൽ ആനുകൂല്യം നൽകി എന്ന് പറഞ്ഞിട്ടുണ്ട്. ഭവന പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് എസ്.സി വിഭാഗക്കാർക്ക് എസ്.സി വകുപ്പിൽ നിന്നും നേരിട്ടും, കൂടാതെ ബ്ലോക്ക് പഞ്ചായത്ത് മുഖാന്തിരവും ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. ആയതിനാൽ ഒരേ ഗുണഭോക്താക്കൾക്ക് ആവർത്തിച്ച് ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്നുള്ള വിവരം പരിശോധിച്ച് ഇരട്ടിപ്പ് തടയുന്നതിനും, അതു വഴി യോഗ്യരായ മറ്റ് ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുമായാണ് ഇത്തരത്തിൽ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോ എന്ന് എൻക്വയറിയിൽ വിവരങ്ങൾ തേടിയത്. കൂടാതെ ഈ കാര്യം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പരിശോധിച്ച് ഉറപ്പ് വരുത്തിയതു സംബന്ധിച്ച വിവരങ്ങളോ, രേഖകളോ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുമില്ല. വീടിന്റെ കാലപ്പഴക്കം സംബന്ധിച്ചുള്ള പരാമർശത്തിന്, പഞ്ചായത്തിന്റെ രേഖകളിൽ വീടിന് എട്ട് വർഷത്തിൽ താഴെയാണ് പഴക്കമെന്നും, എന്നാൽ യഥാർഥത്തിൽ എട്ട് വർഷത്തിനു മേൽ പഴക്കമുണ്ടെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്നും ആയതിനാലാണ് ആനുകൂല്യം നൽകിയത് എന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. വീടിന്റെ പഴക്കം സംബന്ധിച്ച് പരിശോധന നടത്തി കാലപ്പഴക്കം നിർണ്ണയിക്കുന്നതിന് ക്ഷമതയുള്ള ഉദ്യോഗസ്ഥനല്ല വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നതിനാൽ ഈ വാദം അംഗീകരിക്കുന്നതിന് സാധിക്കുന്നതല്ല. ടി ആനുകൂല്യം ലഭിക്കുന്നതിന് യോഗ്യരായ മറ്റ് ഗുണഭോക്താക്കൾ ഉണ്ടെന്നിരിക്കെ അവരെ ഒഴിവാക്കി ഇത്തരത്തിലുള്ളവർക്ക് ആനുകൂല്യം നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. പ്രവർത്തി പൂർത്തീകരിച്ച മൂല്യ നിർണ്ണയ സർട്ടിഫിക്കറ്റ് കൃത്യ സമയത്ത് ലഭ്യമാക്കാൻ ഓവർസിയർക്ക് സാധിച്ചിട്ടില്ലെന്നും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നേരിട്ട് പരിശോധിച്ച് പ്രവർത്തി പൂർത്തീകരിച്ചതായി ഉറപ്പ് വരുത്തിയതിനു ശേഷമാണ് തുക അനുവദിച്ചതെന്നും , മൂല്യ നിർണ്ണയ സർട്ടിഫിക്കറ്റ് ഉടൻ ലഭ്യമാക്കാമെന്ന് ഓവർസിയർ അറിയിച്ചതായും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. പ്രവർത്തി പൂർത്തീകരിച്ച് മൂല്യ നിർണ്ണയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമെ ശേഷിക്കുന്ന തുക അനുവദിക്കാൻ പാടുള്ളു എന്നിരിക്കെ ഇനി മൂല്യ നിർണ്ണയ സർട്ടിഫിക്കറ്റ് വാങ്ങി നൽകാം എന്ന് പറയുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല. കൂടാതെ മരാമത്ത് പ്രവർത്തിയുടെ മൂല്യ നിർണ്ണയം നടത്തുന്നതിന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ക്ഷമതയുള്ള ഉദ്യോഗസ്ഥനല്ലാത്തതും ആകുന്നു. ടി പ്രോജക്റ്റിൽ, ഗുണഭോക്താക്കൾക്ക് ഇതേ ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതും, കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിച്ചതും, പ്രവർത്തിയുടെ മൂല്യനിർണ്ണയം നടത്തിയതും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നേരിട്ടാണ് എന്ന് മറുപടിയിൽ പ്രതിപാദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കാരണങ്ങളാൽ ഈ മറുപടി അംഗീകരിക്കുവാൻ സാധിക്കുന്നതല്ല.

ഇതോടൊപ്പം 131/22 -ബൾബ് നിർമ്മാണം, 132/22-അരിമാവ് യൂണിറ്റ്, 211/22- സ്വയം തൊഴിൽ ഗ്രൂപ്പ് വനിത എന്നീ പ്രോജക്ട് ഫയലുകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ലാത്തതാകുന്നു. (ഓഡിറ്റ് റിക്വസിഷൻ നം 1/15.9.2023).

131/22 - ബൾബ് നിർമ്മാണം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്റ്റിന്റെ പേര്, നം | 131/22 -ബൾബ് നിർമ്മാണം |
| ഫണ്ട് | വികസനം ഫണ്ട് |
| അടങ്കൽ | 2,00,000 |
| ചെലവ് | 2,00,000 |
| ബിൽ നം. | 199/3.1.23, 1,00,000<br>240/23.1.23, 1,00,000 |

132/22- അരിമാവ് യൂണിറ്റ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ132/22-അരിമാവ് യൂണിറ്റ് |
| പ്രോജക്റ്റിന്റെ പേര്, നം | 132/22-അരിമാവ് യൂണിറ്റ് |
| ഫണ്ട് | വികസം ഫണ്ട് |
| അടങ്കൽ | 1,00,000 |
| ചെലവ് | 1,00,000 |
| ബിൽ നം. | 511/29.3.23, 1,00,000 |

211/22- സ്വയം തൊഴിൽ ഗ്രൂപ്പ് വനിത

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്റ്റിന്റെ പേര്, നം | 211/22- സ്വയം തൊഴിൽ ഗ്രൂപ്പ് വനിത |
| ഫണ്ട് | വികസം ഫണ്ട് |
| അടങ്കൽ | 3,75,000 |
| ചെലവ് | 3,75,000 |
| ബിൽ നം. | 510/29.3.23, 3,75,000 |

ഓഡിറ്റിന് ആവശ്യമായ രേഖകളുടെയും, അനുബന്ധ വിവരങ്ങളുടേയും വ്യക്തമായ മറുപടിയുടേയും അഭാവത്തിൽ ടി പ്രോജക്റ്റുകളിലെ ചുവടെ പറയുന്ന ചെലവ് തുകകൾ ഓഡിറ്റ് തടസപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്റ്റ് നം , പേര് | തുക |
|---|---|---|
| 1 | 48/22, വ്യക്തിഗത ടോയിലറ്റ് നിർമ്മാണം | 5,30,000 |
| 2 | 33/22, ഭവന പുനരുദ്ധാരണം എസ്.സി.പി | 4,80,000 |
| 3 | 177/22, കംപോസ്റ്റ് പിറ്റ് നിർമ്മാണം( MNREGS പ്രവർത്തിയുമായി സംയോജിപ്പിച്ച് വാർഡ് 16 മുതൽ 17 വരെ) | 1,58,300 |
| 4 | 134/22, ലൈഫ് ഭൂമി വാങ്ങൽ എസ്.സി | 6,00,000 |
| 5 | 23/22, ഹരിത കർമ്മ സേന തുടർ പ്രവർത്തനങ്ങൾ | 2,00,000 |
| 6 | 135/22- ഭവന പുനരുദ്ധാരണം എസ്.സി | 34,00,000 (രണ്ട് അപേക്ഷകൾ പൂർണ്ണമാണ് 3600000-200000) |
| 7 | 131/22 -ബൾബ് നിർമ്മാണം | 2,00,000 |
| 8 | 132/22-അരിമാവ് യൂണിറ്റ് | 1,00,000 |
| 9 | 211/22- സ്വയം തൊഴിൽ ഗ്രൂപ്പ് വനിത | 3,75,000 |
| | ആകെ | 60,43,300/- രൂപ |

ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-35 വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനവശേഷിക്കുന്നു.

2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകളുടെ വിനിയോഗ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽ നിന്ന് ലഭിക്കാനവശേഷിക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് | തുക | ഫണ്ടിനം, ബിൽ നം./ തീയതി | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | 176/23- ജില്ലാ ആസൂത്രണ സമിതി കെട്ടിട നിർമ്മാണം | 3,50,000 | തനത്, | ജില്ലാ ആസൂത്രണ സമിതി |
| 2 | 73/23, എസ്എസ് കെ വിഹിതം | 500000 | വി.ഫ.(ജനറൽ) 32/31.08.2022 | എസ്എസ് കെ |

| | | | | |
|---|---|---|---|---|
| 3 | 89/23, പി.എം.എ.വൈ(ജനറൽ)- പഞ്ചായത്ത് വിഹിതം | 3,00,000 | വി.ഫ.(ജനറൽ) 65/20.10.2022 | ബ്ളോക്ക് പഞ്ചായത്ത് |
| 4 | 74/23, എസ്എസ് കെ വിഹിതം (എസ്.സി.) | 100000 | വി.ഫ.(ജനറൽ) 33/31.8.2022 | എസ്എസ് കെ |
| 5 | 90/23,പി.എം.എ.വൈ(ജി) (ആവാസ് പ്ളസ്) (എസ്.സി.)- പഞ്ചായത്ത് വിഹിതം | 3,15,000 | വി.ഫ.(ജനറൽ) 66/20.10.2022 | ബ്ളോക്ക് പഞ്ചായത്ത് |
| 6 | 91/23, IKM, Share | 1,00,000 | വി.ഫ.(ജനറൽ) 64/20.10.2022 | IKM |
| 7 | 92/23 – വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 1,00,000 | വി.ഫ. 192/31.1.2023 248/27.1.2023 269/6.2.2023 | KSEB |
| 8 | 43/23 - വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (SO) | 99302 | വി.ഫ. 45/19.9.2022 270/6.2.2023 | KSEB |
| 9 | 235/23- ആശ്വാസ് - ഡയാലിസിസ് രോഗികൾക്ക് സഹായം നൽകൽ | 144000 | തനത് | ജില്ലാ പഞ്ചായത്ത് |
| 10 | 231/23 – പള്ളിപ്പുറം ടേക്ക് – എ – ബ്രേക്ക്- വാട്ടർ കണക്ഷൻതുക നൽകൽ | 45725 | CFC 302/16.2.23 | വാട്ടർ അതോറിറ്റി |
| 11 | 06/23- ശ്മശാനം ആധുനിക വത്ക്കരണം | 8,00,000 | CFC 79/01.11.2022 | ജില്ലാ പഞ്ചായത്ത് |
| 12 | SO 154/23 -ആലുംമൂട് കൊയ്ത്തൂർക്കോണം മാർക്കറ്റിൽ കുഴൽകിണർ | 186832 | CFC 362/08.03.23 | ഗ്രൗണ്ട് വാട്ടർ |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.12/13.09.2023-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-36 ആശ്വാസ് പദ്ധതി - മാർഗ്ഗനിർദ്ദേശത്തിൽ നിന്ന് വിഭിന്നമായി പദ്ധതി നിർവ്വഹിച്ചു

പ്രോജക്ട് : SO 235/23 ആശ്വാസ് - ഡയാലിസിസ് പ്രോജക്ട് - ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

അടങ്കൽ : തനത് ഫണ്ട് 1,44,000/-

ചെലവ് 1,44,000/-

ബിൽ നം. 2585/23 Dt.24.03.23

വൃക്ക രോഗികൾക്ക് ഡയാലിസിസിന് സഹായം നൽകുന്നതിനായി ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന പ്രോജക്ടിനായി 6 രോഗികൾക്കുള്ള പഞ്ചായത്ത് വിഹിതം അനുവദിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/22/ത.സ്വ.ഭ.വ. ഖ.7.6.7 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മേൽ വിഷയത്തിൽ പ്രോജക്ട് ആവശ്യമെങ്കിൽ, ബ്ളോക്ക് പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ പ്രോജക്ടായി രൂപീകരിക്കുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത്. പഞ്ചായത്ത് തലത്തിൽ പ്രോജക്ട് രൂപീകരിക്കാതെ ജില്ലാ പഞ്ചായത്തിന് തുക കൈമാറുന്നതിനായി പ്രോജക്ട് രൂപീകരിച്ചതിന് കാരണം

വ്യക്തമല്ല.

2. അണ്ടൂർകോണം ഗ്രാമ പഞ്ചായത്തിൽ നിന്ന് ജില്ലാ പഞ്ചായത്തിന് കൈമാറിയ മേൽ പ്രോജക്റ്റിനായുള്ള ഗുണഭോക്താക്കളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

3. പ്രോജക്റ്റിനായി തുക വകയിരുത്തിയതിന്റെ മാനദണ്ഡം വ്യക്തമല്ല. ഓഡിറ്റ് എൻക്വയറി നമ്പർ 23/15.09.2023 – ന് മറുപടിയായി ജില്ലാ പഞ്ചായത്ത് എല്ലാ സാമ്പത്തിക പദ്ധതി ആരംഭകാലത്തും വകയിരുത്തേണ്ടതുക അറിയിക്കുന്നതിനനുസൃതമായാണ് തുക അടാവാക്കിയതെന്നും അനിവാര്യ പ്രോജക്റ്റാകയാൽ തുക വകയിരുത്താത്ത പക്ഷം പ്രോജക്റ്റുകൾക്ക് ഡിപിസി അംഗീകാരം ലഭിക്കില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്.

4. മുൻ വർഷങ്ങളിൽ ഇതേ പ്രോജക്റ്റിനായി തുക കൈമാറിയിട്ടുണ്ടെങ്കിൽ, തുകയുടെ ചെലവ് വിവരം, തുക ബാക്കി നിൽപുണ്ടെങ്കിൽ വിശദാംശം എന്നിവ ഓഡിറ്റ് എൻക്വയറി നമ്പർ 23/15.09.2023 – മുഖേന ആവശ്യപ്പെട്ടതിന് രണ്ട് ലക്ഷം രൂപ ഒടുക്കിയിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കി. തുകയുടെ ചെലവ് വിശദാംശം ജില്ലാപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.

5. ജില്ലാ പഞ്ചായത്തിന് കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്തിൽ നിന്ന് വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നല്കുന്ന പദ്ധതി നിർവഹിക്കുന്ന വേളയിൽ തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പിന്റെ 18.09.2022ലെ നം.ഡിഎ1/151/2022-ത.സ്വ.ഭ.വ. നമ്പർ സർക്കുലറിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-37 അതിദാരിദ്ര്യം പ്രോജക്റ്റ് നിർവ്വഹണം നടത്തിയിട്ടില്ല – തുടർ നടപടി അനിവാര്യം

പ്രോജക്റ്റ് നം.93/23 - അതിദരിദ്രർക്ക് കൈത്താങ്ങ്

| | വി.ഫണ്ട് | ആകെ |
|---|---|---|
| അടങ്കൽ | 1,78,000 | 1,78,000 |
| ചെലവ് | 0 | 0 |

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

11.08.2022-ലെ ജനറൽ കമ്മിറ്റി മിനിട്സിൽ, അതിദരിദ്രരുടെ ഗണത്തിൽ ഉൾപ്പെട്ട 7 അംഗങ്ങൾക്ക് (3+ഒരുകുടുംബത്തിലെ 4 പേർ) ആവശ്യമായ സേവനങ്ങൾ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിദരിദ്രർക്ക് കൈത്താങ്ങ് എന്ന വിഷയത്തിൽ രൂപീകരിച്ച മേൽ പ്രോജക്റ്റ് നടപ്പിൽ വരുത്താത്ത സാഹചര്യത്തിൽ വിഷയത്തിൽ നിർവ്വഹിച്ച തുടർ നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 35/18.09.23-ന് അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട വ്യക്തികൾക്ക് ഭക്ഷണകിറ്റ് നൽകുന്നുവെന്നും പട്ടികയിൽ ഉൾപ്പെട്ട കുടുംബത്തിന് സന്നദ്ധസേവനം വഴി വീട് പൂർത്തിയാക്കാൻ ശ്രമിക്കുന്നുവെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പതിനാലാം പദ്ധതി മാർഗ്ഗരേഖ ഖ2.3.8 പ്രകാരം ഓരോ അതിദരിദ്ര കുടുംബത്തിന്റെയും സവിശേഷ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സൂക്ഷ്മ വികസന പരിപാടികൾ തയ്യാറാക്കേണ്ടത് തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽപെടുന്നു. ഈ സൂക്ഷ്മ വികസന പരിപാടികൾ പ്രധാന പദ്ധതിയുമായി സംയോജിപ്പിച്ച് ഈ കുടുംബങ്ങൾക്ക് ഉപജീവനസുരക്ഷയും സാമൂഹിക സുരക്ഷയും ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിൻപ്രകാരം, അതിദരിദ്രരുടെ വരുമാനം, ആരോഗ്യ രക്ഷ, ജീവനോപാധികൾ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനുള്ള സൂക്ഷ്മ പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുകയും ദാരിദ്ര്യം പൂർണ്ണമായും ഇല്ലാതാക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. മാർഗ്ഗനിർദ്ദേശപ്രകാരമുള്ള സൂക്ഷ്മ വികസനപരിപാടികൾക്ക് രൂപം നൽകേണ്ടതുണ്ട്. കൂടാതെ, ലൈഫ് മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന പ്രകാരം സന്നദ്ധപ്രവർത്തനത്തിലൂടെ വീട് പൂർത്തിയാക്കുന്നതിന് (പഞ്ചായത്ത് പരിധിയിലെ ഗുണഭോക്താവാകയാൽ) പ്രത്യേക പരിഗണന നൽകി പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് വിവരം ലഭ്യമാക്കേണ്ടതാണ്. മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികൾക്ക് പതിനാലാം സബ്സിഡി മാർഗ്ഗരേഖ ഖ.7.1.2(സി)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള കൗൺസിലിംഗ്, മരുന്നുകൾ മുതലായ ആരോഗ്യരക്ഷാ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-38 വിവിധ വാങ്ങലുകൾക്ക് സ്റ്റോഴ്സ് പർച്ചേസ് ചട്ടങ്ങൾ പാലിച്ചിട്ടില്ല.

1. സ്റ്റോഴ്സ് പർച്ചേസ് മാന്വൽ ഖ.6.1 പ്രകാരം സ്റ്റോറുകൾ സമാഹരിക്കുമ്പോൾ ഒരു വർഷത്തേക്കുള്ള ആവശ്യകത കഴിയുന്നത്ര മുൻകൂട്ടി കാണേണ്ടതാണ്. ഓരോ സാമ്പത്തിക വർഷാവസാനവും അടുത്ത സാമ്പത്തിക വർഷത്തേക്ക് ആവശ്യമായ സാധനങ്ങളുടെ പട്ടിക തയ്യാറാക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു.

പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷത്തെ കമ്പ്യൂട്ടർ, ഫർണിച്ചർ എന്നിവയുമായി ബന്ധപ്പെട്ട വാങ്ങലുകൾ മേൽ നിർദ്ദേശം പാലിക്കാതെ വ്യത്യസ്ത ക്വട്ടേഷനുകൾ വഴി നിർവ്വഹിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| നം. | പ്രോജക്ട് | ഇനം | നിരക്ക് | സ്ഥാപനം |
|---|---|---|---|---|
| 1 | 149/ അറിവിടം - പഠനകേന്ദ്രത്തിന് ഫർണിച്ചർ | Jefferson Chair With Writing Pad<br>Semi Executive Table<br>Junior Ex. Table<br>Reception Table | 4824*60=289,440<br>13,593*1=13593<br>20,814*1<br>28545*1 | Rubco (നേരിട്ട്) |
| 2 | 139-കലാഗ്രാമം - കസേര,മേശ | Exec. Office Table<br>Plastic Arm Chair | 4872*3=14618.64<br>444.91*50=22245.50 | Sabari Steel Furniture, Kuthirakalam Vellanad<br>(Quotation) |
| 3 | 86/23-ആയുർവ്വേദ ആശുപത്രി റെസ്റ്റ് റൂമിലേക്ക് കസേര,ടിവി | Airport Chair 3 Seater | 10,000*3=30,000 | GEM |
| 4 | 65/23-Computer, Photostat Machine For Help Desk | Desk Top Computer HP I3 | 54954 | GEM |
| 5 | 174/23- Computer, Laptop, Printer, Projector | Desktop Computer HP I3<br>Laptop Hpi3<br>Epson Projector EB-E01 | 53995*3=1,61,985<br>45025*2=90,050<br>34,940.50 | 5,05,673 GEM- RJ Enterprises, Kadampuzha - 08-11-22 |
| | | Printer (Ink Tank Printer – Epson-M3170)<br>Epson-DS53011 -Scanner | 49,975<br>35,944<br>23,190<br>54794*2=1,09,589 | 15-12-22 GEM<br>KM Technologies Kottayam |

| | | | | |
|---|---|---|---|---|
| | | A4 Laser Printer<br>Desktop Computer HP I3 | | |
| 6 | 192/23- Computer, Printer For Veterinary Hospital | Desktop Computer HP I3 | 54739*1 | 26-12-22 GEM<br>KM Technologies Kottayam |

2. മേൽ ടേബിളിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിശദാംശങ്ങൾ പ്രകാരം, Desktop Computer HP I3 വിവിധ ക്വട്ടേഷനുകളിലായി വ്യത്യസ്ത നിരക്കുകളിലാണ് വാങ്ങിയിട്ടുള്ളത്. വാങ്ങലുകൾ നിർവ്വഹിക്കുന്ന വേളയിൽ സ്റ്റോഴ്സ് പർച്ചേസ് മാന്വൽ നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതും GEM Portal മുഖേനയുള്ള വാങ്ങലുകളിൽ വാർഷിക ആവശ്യകതാനിർണ്ണയം അടിസ്ഥാനമാക്കി നിരക്ക് കുറഞ്ഞ കാലയളവിൽ വാങ്ങലുകൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

3. ഓഡിറ്റിന്റെ പരിശോധനയ്ക്കായി ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിന്റെ പരിപാലനത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഇനം (Item) അടിസ്ഥാനത്തിൽ സ്റ്റോക്ക് എൻട്രി നിർവ്വഹിച്ചിട്ടില്ല. വാങ്ങലുകൾക്കനുസൃതമായി രേഖപ്പെടുത്തൽ വരുത്തുന്ന രീതിയാണ് പിൻതുടരുന്നത്. KFC Art.149 നിർദ്ദേശിക്കുന്ന പ്രകാരം , വാങ്ങൽ തീയതിയിലെ നീക്കിയിരിപ്പ്, ആകെ, വിതരണം, ഓരോ വിതരണത്തെയും തുടർന്നുള്ള നീക്കിയിരിപ്പ് തുടങ്ങിയവ രേഖപ്പെടുത്തി, ഏതൊരു ഇനത്തിന്റെയും സ്റ്റോക്ക് നീക്കിയിരിപ്പ് പരിശോധിക്കാനാവശ്യമായ വിധത്തിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും ഈ വിഷയത്തിൽ കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്ക്ൾ 149 മുതൽ 152 വരെയുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

2. വിവിധ പ്രോജക്ടുകളിൽ ഉൾക്കൊള്ളിച്ച് നടത്തുന്ന വാങ്ങലുകളുടെ സ്റ്റോക്കിന്റെ വിതരണ വിവരം രേഖപ്പെടുത്തിയിട്ടില്ല.

3.KFC Art.158-ൽ നിർദ്ദേശിക്കുന്ന പ്രകാരം Periodical Verification നടത്തി രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/15/09.23- ന് മറുപടിയായി സ്റ്റോക്ക് പരിപാലനം കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ അപാകതകൾ പരിഹരിച്ച് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-39 അറിവിടം - പഠനകേന്ദ്രം - നൂതന പ്രോജക്ടിന് പ്രത്യേക അനുമതി വാങ്ങിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 149/ അറിവിടം - പഠനകേന്ദ്രത്തിന് ഫർണിച്ചർ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ഫണ്ടിനം | വികസന ഫണ്ട് |
| അടങ്കൽ | 5,12,000/- |
| ചെലവ് | 5,11,780/- |
| ബിൽ നം. | 422/20.03.2023 |

2022-23 സാമ്പത്തിക വർഷം 'അറിവിടം' പഠനകേന്ദ്രത്തിനായി ഫർണിച്ചർ വാങ്ങുന്നതിനായി പ്രോജക്ട് രൂപീകരിച്ച് Rubco-ൽ നിന്ന് 5,11,780/- രൂപയുടെ ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. അറിവിടം പഠന കേന്ദ്രം രൂപീകരിച്ചതിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 29-ന് ലഭ്യമാക്കിയ മറുപടിയിൽ വിവിധ പരിശീലന ക്ളാസുകൾ (ASAP

പരിശീലനം, കുടുംബശ്രീ, വ്യവസായ വകുപ്പിന്റെ പരിശീലനം മുതലായവ) സംഘടിപ്പിക്കുന്നതിനായി നൂതന പ്രോജക്ട് എന്ന രീതിയിൽ ആരംഭിച്ചതാണ് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി മാർഗ്ഗരേഖ ഖ.3.8.5 നിർദ്ദേശിക്കുന്ന പ്രകാരമുള്ള വിദഗ്ധ സമിതിയുടെ അംഗീകാരം ലഭിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ഖ.3.8.5 -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടി സ്വീകരിച്ച് വിശദാംശം ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് ഉപകാരപ്പെടുന്ന പഠനകേന്ദ്രത്തിന്റെ- പ്രവർത്തന ലക്ഷ്യം, ഫണ്ട്, പ്രവർത്തന രീതി ഇവയെല്ലാം ഉൾക്കൊള്ളുന്ന ബൈലോ രൂപീകരിച്ചിട്ടില്ല. (എൻക്വയറി നമ്പർ - 29-ന് ലഭ്യമാക്കിയ മറുപടി) ബൈലോ രൂപീകരിച്ച് അംഗീകാരം നേടി, പദ്ധതി ശരിയായ വിധത്തിൽ, സർക്കാർ അംഗീകാരത്തോടെ നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്.

അറിവിടം പഠനകേന്ദ്രത്തിനായി വാങ്ങിയ ഫർണിച്ചറുകളുടെ വിശദാംശം സെന്ററിന്റെ സബ്സ്റ്റോക്ക് രജിസ്റ്ററിലും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പ്രോജക്ട് രൂപീകരണ ഫോം ഖ.34 പ്രകാരം 10,000/- രൂപ വിലയുള്ള 20 മേശയും 4000/- രൂപ വിലയുള്ള 125 കസേരയും വാങ്ങുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. എന്നാൽ Jefferson Chair With Writing Pad, Semi Executive Table, Junior Ex. Table, Reception Table, Podium, Shelf എന്നിവയുടെ വാങ്ങലുകളാണ് നിർവ്വഹിച്ചിട്ടുള്ളത്. എൻക്വയറി നമ്പർ - 29-ന് , പരിശീലന പ്രവർത്തനങ്ങൾക്കനുസൃതമായ വാങ്ങലുകളാണ് നടത്തിയിട്ടുള്ളതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. മറുപടിയിൽ നിന്നും പദ്ധതി ലക്ഷ്യത്തിനനുസൃതമായല്ല പ്രോജക്ട് രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാകുന്നു. ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-40 പച്ചക്കറി തൈ, വിത്ത് വിതരണം- പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | നം. 158<br>പച്ചക്കറി തൈ വിതരണം |
| ഫണ്ടിനം | വികസന ഫണ്ട് |
| അടങ്കൽ | 414507 |
| ചെലവ് | 412000 |
| ബിൽ നം. | 70/26.10.22 - 2,00,000<br>326/21.02.23 - 2,12,000 |

അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡിലും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 800/- രൂപ വിലയുള്ള വിത്ത് പായ്ക്കറ്റുകളുടെ 265 യൂണിറ്റും 80,000 പച്ചക്കറി തൈകളും വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 42 കൃഷി ഗ്രൂപ്പുകൾക്ക് തൈകളും വിത്ത് പായ്ക്കറ്റുകളും വിതരണം ചെയ്തതിൽ ചുവടെ ചേർക്കുന്ന ഗ്രൂപ്പുകൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| ഗ്രൂപ്പിന്റെ പേര് | വാർഡ് | വിത്ത് പായ്ക്കറ്റ് | തൈകൾ |
|---|---|---|---|
| ലക്ഷ്മി | 16 | 6 | 1500 |
| ദുർഗ്ഗ | 16 | 6 | 1500 |
| ധനശ്രീ | ലഭ്യമല്ല | 6 | 2275 |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 09/ 12.09.2023-ന് ലഭ്യമാക്കിയ മറുപടിയിൽ ഭരണസമിതിയുടെ സാധൂകരണം വാങ്ങി നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ ഖ.12.3-ലെ നിർദ്ദേശപ്രകാരം നിർവ്വഹിക്കേണ്ടതാണ്.

2. 21.10.2022-ലെ ഇൻവോയിസ് നം.X-556/22-23 പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ വിതരണം ചെയ്ത 80,000 പച്ചക്കറി തൈകളുടെ (2,00,000 രൂപ) വിശദാംശം (ഇനം, എണ്ണം) വിതരണ ബില്ല് , വിതരണ രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 09/12.09.2023-ന് ലഭ്യമാക്കിയ മറുപടിയിൽ വെണ്ട, മുളക്, വഴുതന, കത്തിരി, പയർ എന്നീ ഇനങ്ങളാണ് വിതരണം ചെയ്തതെന്ന് അറിയിച്ചിട്ടുണ്ട്. വിതരണ ബില്ലിലും രജിസ്റ്ററിലും വിശദാംശം രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3. 08.02.2023-ലെ ഇൻവോയിസ് നം.X-1312/22-23 പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ വിതരണം ചെയ്ത 800 രൂപ നിരക്കിലെ 265 യൂണിറ്റ് പച്ചക്കറി വിത്തുകളുടെ വിശദാംശം (യൂണിറ്റിൽ ഉൾപ്പെട്ട വിത്തിനങ്ങൾ,

എണ്ണം) രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 09/12.09.2023-ന് ലഭ്യമാക്കിയ മറുപടിയിൽ 10 ഇനം ഹൈബ്രിഡ് വിത്തുകളാണ് ഉൾപ്പെടുത്തിയിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. ഒരു യൂണിറ്റിൽ ഉൾക്കൊള്ളുന്ന ഓരോ വിത്തിനത്തിന്റെയും എണ്ണം, ഇനം എന്നീ വിശദാംശങ്ങളെല്ലാം ഉൾക്കൊള്ളിച്ച് പരിശോധനാവിധേയമാക്കി മാത്രം വാങ്ങലുകൾ നിർവ്വഹിക്കാനും വിശദാംശം വിതരണ രജിസ്റ്ററിൽ ഉൾക്കൊള്ളിക്കാനും ശ്രദ്ധിക്കേണ്ടതാണ്. വാങ്ങലുകളുടെ വിശദാംശം, വിതരണ വിവരങ്ങൾ എന്നിവ ശരിയായ വിധത്തിൽ രേഖപ്പെടുത്തുന്നതിൽ കൃഷി അസിസ്റ്റന്റുമാർ ശ്രദ്ധ പുലർത്തേണ്ടതാണ്.

4. 12-ാം വാർഡിൽ ഉൾപ്പെട്ട ഗംഗ ഗ്രൂപ്പിന് 2 തവണയായി 800 രൂപ നിരക്കിലെ 12 യൂണിറ്റ് (9600 രൂപയുടെ) വിത്ത് പാക്കറ്റുകളും 3000 പച്ചക്കറി തൈകളും (7500 രൂപയുടെ) വിതരണം ചെയ്തിട്ടുണ്ട് എൻക്വയറി നമ്പർ 09/12.09.2023-ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രൂപ്പിന്റെ പ്രസിഡന്റും സെക്രട്ടറിയും പ്രത്യേകമായി കൈപ്പറ്റിയതിനാലാണ് ഇത്തരത്തിൽ സംഭവിച്ചതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. വിത്ത് തൈ എന്നിവയുടെ വിതരണ ശേഷം കൃഷി അസിസ്റ്റന്റുമാർ സ്ഥല പരിശോധനനടത്തി കൃഷി വിവരം സംബന്ധിച്ച റിപ്പോർട്ട് യഥാസമയം തയ്യാറാക്കി സൂക്ഷിച്ചിരുന്നുവെങ്കിൽ ഇത്തരം അപാകത ഒഴിവാക്കാവുന്നതായിരുന്നു. മാത്രമല്ല, ഓഡിറ്റ് എൻക്വയറി നമ്പർ 09/12.09.2023-ന് ലഭ്യമാക്കിയ മറുപടിയിൽ പച്ചക്കറിതൈകൾ 21.10.22-നും വിത്തുകൾ 08.02.23-നും വിതരണം നടത്തിയതായാണ് അറിയിച്ചിട്ടുള്ളത്. തുടർ വർഷങ്ങളിൽ ഇത്തരം അപാകത ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

5. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഖ.14-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള മോണിറ്ററിംഗ് കമ്മിറ്റി മിനിട്സ്, റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതുണ്ട്.

## 1-41 ജലസേചന പമ്പ് സെറ്റ് വിതരണം - സ്ഥല പരിശോധന റിപ്പോർട്ട്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | പ്രോജ.നം. S0222/23 -ജലസേചന പമ്പ് സെറ്റ് വിതരണം. |
| ഫണ്ടിനം | വികസന ഫണ്ട് |
| അടങ്കൽ | 100000 |
| ചെലവ് | 98520 |
| ബിൽ നം. | 328/21.02.23 – 50565<br>399/17.03.23 – 36055<br>486/28.3.23 - 11900 |

കുറഞ്ഞത് 20 സെന്റ് സ്ഥലത്ത് കൃഷി ചെയ്യുന്ന കർഷകർക്ക് ജലസേചനത്തിന് പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന് 50% സബ്സിഡി അനുവദിക്കുന്നതിനായി രൂപീകരിച്ച പ്രോജക്ട് പ്രകാരം 15 കർഷകർക്ക്, പമ്പ് സെറ്റ് വാങ്ങിയതു സംബന്ധിച്ച ബിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. കുറഞ്ഞത്, 20 സെന്റ് സ്ഥലത്ത് കൃഷി ചെയ്യുന്നുവെന്നത് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി ശുപാർശ ചെയ്തതിന്റെ വിശദാംശം പ്രോജക്ട് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. കൂടാതെ, കർഷകർ വാങ്ങിയ പമ്പ്സെറ്റ് സ്ഥാപിച്ചതിന്റെയും കൃഷിക്ക് ഉപയോഗപ്പെടുത്തുന്നതിന്റെയും വിശദാംശം പരിശോധിച്ച് പ്രോജക്ട് പൂർത്തീകരണ റിപ്പോർട്ട്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവയും ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.30/16.09.23) പദ്ധതി നിർവ്വഹണ സമയത്തുണ്ടായിരുന്ന 2 കൃഷി അസിസ്റ്റന്റുമാർ സ്ഥലം മാറിപോകുകയും ഒരാൾ വിരമിക്കുകയും ചെയ്തതിനാൽ, നിലവിലെ കൃഷി അസിസ്റ്റന്റുമാരെ ഉപയോഗിച്ച് നിർവ്വഹണ പുരോഗതി വിലയിരുത്തി മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആവശ്യമായ തുടർനടപടി സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ ആവശ്യമായ ഫീൽഡ് പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം ആനുകൂല്യം അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-42 രജിസ്റ്ററുകൾ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ള വിത്തുകൾ, വിവിധ തൈകൾ എന്നിവയുടെ വിതരണ വിവരം, ഗുണഭോക്തൃ വിഹിതം ഈടാക്കിയത് എന്നിവ ശരിയായ രീതിയിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പൂർണ്ണമായും പരിശോധന വിധേയമാക്കാൻ സാധിച്ചിട്ടില്ല. അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2022-23 സാമ്പത്തിക വർഷം വിതരണം ചെയ്ത വിവിധ തൈകളുടെ വിതരണ വിവരം ഇടകലർത്തി രേഖപ്പെടുത്തി സൂക്ഷിച്ചിരിക്കുന്നു.

2. വിവിധ പ്രോജക്ടിൽ ഉൾപ്പെട്ട വിവിധ ഇനങ്ങളുടെ ഗുണഭോക്തൃ വിഹിതം ഈടാക്കിയത് ഇടകലർത്തി രേഖപ്പെടുത്തി സൂക്ഷിച്ചിരിക്കുന്നു.

2. വിതരണ രജിസ്റ്ററിൽ ഗുണഭോക്താക്കൾ ഉൾപ്പെട്ട ഗുണഭോക്തൃ ലിസ്റ്റിന്റെ ക്രമ നമ്പറോ / ഗുണഭോക്തൃ ലിസ്റ്റുമായി പരിശോധനയ്ക്കാവശ്യമായ വിവരമോ രേഖപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 09/12.09.2023-ന് മറുപടിയായി അപാകത പരിഹരിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല).

3. വിവിധ ഇനങ്ങളുടെ വിതരണ തീയതി രേഖപ്പെടുത്തിയിട്ടില്ല.

4. വിവിധ തീയതികളിലായി നടത്തിയ വിവിധ ഇനങ്ങളുടെ വിതരണം ഒരുമിച്ച് രേഖപ്പെടുത്തി സൂക്ഷിച്ചിരിക്കുന്നു. (ഉദാ. പ്രോജക്ട് നം.158-ന്റെ ഭാഗമായി പച്ചക്കറിതൈകൾ 21.10.22-നും വിത്തുകൾ 08.02.23-നും വിതരണം ചെയ്തത്). രജിസ്റ്ററുകൾ വ്യക്തതയോടെ, അപാകതകൾ പരിഹരിച്ച് രേഖപ്പെടുത്തലുകൾ വരുത്തി ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-43 അണ്ടൂർക്കോണം സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നുകൾ വാങ്ങൽ - മരുന്നുകൾ ലഭ്യമാകാൻ വൈകി

പദ്ധതി നമ്പർ:84
പദ്ധതിയുടെ പേര്: - അണ്ടൂർക്കോണം സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നുകൾ വാങ്ങൽ
അടങ്കൽ തുക:1,75,000/-
ചെലവ് തുക:1,75,000/-
ഫണ്ടിനം: വികസന ഫണ്ട്
ബിൽ നമ്പർ: 06/27.09.2022, 50/26.09.2022 (എ.സി.ആർ)
മരുന്നുകളുടെ വിലയായ 1,75,000/- രൂപ 26.09.2022 ൽ നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരം 12.04.2023 ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

| ബിൽ നമ്പർ | തീയതി | തുക |
|---|---|---|
| സി 19008/2022-23 | 26.10.2022 | 38,572 |
| സി 23719/2022-23 | 15.12.2022 | 44,500 |
| സി 34946/2022-23 | 27.02.2023 | 44,500 |
| സി 136/2023-24 | 12.04.2023 | 47,428 |
| | ആകെ | 1,75,000 |

ഏഴ് മാസം വരെ വൈകി മരുന്നുകൾ ലഭ്യമാകാൻ ഇടയായതിന്റെ സാഹചര്യം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/12.09.2023) മറുപടിയായി മരുന്ന് പി.എച്ച്.സി. സെന്ററിൽ സൂക്ഷിക്കാൻ സ്ഥലമില്ലാത്തതിനാൽ വൈകി വിതരണം നടത്തിയതിന് അനുകൂലമായാണ് മറുപടി നൽകിയത്. മരുന്നുകൾ ആവശ്യത്തിന് മാത്രം വില കൊടുത്തു വാങ്ങി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മരുന്ന് വിതരണക്കാരായ 'ഇൻ ഡ്രഗ് ഹൗസ് ബാങ്ക്' മായി നിലവിൽ കരാറിൽ ഏർപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ ഭാവിയിൽ കാരാറിൽ ഏർപ്പെടേണ്ടതും മരുന്നുകൾ താമസംവിനാ ലഭ്യമാകുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമാണ്. ആരോഗ്യ സ്റ്റാൻന്റിങ് കമ്മിറ്റിയുടെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവരേണ്ടതാണ്.

## 1-44 ഗവ. ആയൂർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ഔഷധി കരാർ നിബന്ധന പാലിച്ചില്ല

പദ്ധതി നമ്പർ:7
പദ്ധതിയുടെ പേര്: ഗവ. ആയൂർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക: 4,00,000
ചെലവ് തുക: 4,00,000
ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്
ബിൽ നമ്പർ: 1/20.06.2022, 7/13.06.2022 (ഏ.സി.ആർ)
മരുന്നുകളുടെ വിലയായ 4,00,000/- രൂപ 20.06.2022 ൽ നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരം 09.11.2022 ൽ

ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

| ബിൽ നമ്പർ | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| 90263240 | 30.06.2022 | 2,79,419 | 13.07.2022 |
| 90265252 | 21.07.2022 | 45,158 | 26.07.2022 |
| 90266455 | 29.07.2022 | 27,563 | 11.08.2022 |
| 90270256 | 29.08.2022 | 35,668 | 16.09.2022 |
| 90273105 | 28.09.2022 | 12,194 | 09.11.2022 |
| | ആകെ | 4,00,002 | |

പദ്ധതി നമ്പർ:8

പദ്ധതിയുടെ പേര്: ആയുർവേദ പ്രമേഹ ചികിത്സാ ക്ലിനിക് മരുന്ന് വാങ്ങൽ

അടങ്കൽ തുക: 4,00,000

ചെലവ് തുക: 4,00,000

ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്

ബിൽ നമ്പർ: 2/20.06.2022, 8/13.06.2022 (ഏ.സി.ആർ)

മരുന്നുകളുടെ വിലയായ 4,00,000/- രൂപ 20.06.2022 ൽ നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരം 09.11.2022 ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

| ബിൽ നമ്പർ | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| 90263227 | 30.06.2022 | 1,25,646 | 13.07.2022 |
| 90265244 | 21.07.2022 | 1,99,737 | 26.07.2022 |
| 90266454 | 29.07.2022 | 14,847 | 11.08.2022 |
| 90270258 | 29.08.2022 | 39,705 | 16.09.2022 |
| 90272705 | 24.09.2022 | 20,066 | 09.11.2022 |
| | ആകെ | 4,00,001 | |

പദ്ധതി നമ്പർ:10

പദ്ധതിയുടെ പേര്: വയോജനങ്ങൾക്ക് രോഗ പ്രതിരോധ ക്ലിനിക് മരുന്ന് വാങ്ങൽ

അടങ്കൽ തുക: 2,00,000

ചെലവ് തുക: 2,00,000

ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്

ബിൽ നമ്പർ: 2/20.06.2022, 9/13.06.2022 (ഏ.സി.ആർ)

മരുന്നുകളുടെ വിലയായ 2,00,000/- രൂപ 20.06.2022 ൽ നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരം 09.11.2022 ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

| ബിൽ നമ്പർ | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| 90270680 | 31.08.2022 | 1,78,664 | 16.09.2022 |
| 90273422 | 29.09.2022 | 21,336 | 09.11.2022 |
| | ആകെ | 2,00,000 | |

നിർവ്വഹ ഉദ്യോഗസ്ഥനും മരുന്ന വിതരണക്കാരായ ഔഷധി യുമായി 20.06.2022 , 26.08.2022, ൽ ഏർപ്പെട്ട കരാറിന്റെ ഒന്നാമത്തെ നിബന്ധന പ്രകാരം വില നൽകി 60 ദിവസത്തിനകം പൂർണ്ണമായും വിതരണം ചെയ്യുമെന്നും അല്ലാത്തപക്ഷം നഷ്ടോത്തരവാദിത്വം ഔഷധി വഹിക്കുമെന്നുമാണ്. മരുന്ന് വിതരണത്തിലെ കാലതാമസം ഒഴിവാക്കുവാൻ ഫോൺ മുഖേനയും, ഇ മെയിൽ വഴിയും നിരവധി തവണ നിർവ്വഹണ ഉദ്യോഗസ്ഥൻ 'ഔഷധി' യുമായി ആവശ്യപ്പെട്ടിരുന്നുവെന്നാണ് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/13.09.2023) മറുപടി നൽകിയത്. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിൽ തീയതി രേഖപ്പെടുത്താതിരുന്നത് ജില്ലാ മെഡിക്കൽ ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും ഭാവിയിൽ ഇങ്ങനെ സംഭവിക്കാതിരിക്കുനതിന് ശ്രദ്ധിക്കുമെന്നും അറിയിക്കുകയുണ്ടായി. മരുന്നുകളുടെ വില പൂർണ്ണമായും നൽകിയതിന് ശേഷവും മരുന്നുകൾ വിതരണം ചെയ്യുന്നതിലെ അലംഭാവം ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-45 ചാണകം ഉണക്കി പൊടിച്ച് ജൈവ വളമാക്കുന്ന യൂണിറ്റ് - ഗുണഭോക്തൃ പട്ടികയിൽ

ഉൾപ്പെടാത്ത വ്യക്തിക്ക് പദ്ധതി അനുവദിച്ചു.

പദ്ധതി നമ്പർ: 47 (സ്പിൽ ഓവർ)

പദ്ധതിയുടെ പേര്: ചാണകം ഉണക്കി പൊടിച്ച് ജൈവ വളമാക്കുന്ന യൂണിറ്റ്

അടങ്കൽ തുക:40,000

ചെലവ് തുക: 20,000

ഫണ്ടിനം: വികസന ഫണ്ട്

ബിൽ നമ്പർ:

ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത എ. റസീന എന്ന വ്യക്തിക്ക് (അക്കൗണ്ട് നമ്പർ 67183054787) മേൽ വിവരിച്ച പദ്ധതി അനുവദിച്ചു. ചാണകം ഉണക്കി ജൈവ വളമാക്കുന്ന യൂണിറ്റ് എന്ന പദ്ധതി ഒരു വനിത ഘടക പദ്ധതി ആയിരുന്നു. എന്നാൽ പഞ്ചായത്തിൽ നിന്നും തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ഭൂരിഭാഗം പേരും പുരുഷൻമാരായിരുന്നു. ഇങ്ങനെ വന്നതിനാൽ ഗുണഭോക്തൃ പട്ടികയിൽ ഉണ്ടായിരുന്ന അൻസർ, പിള്ള വീട് എന്നയാളുടെ ഭാര്യയായ റസീന, പിള്ള വീട് എന്ന വ്യക്തിയെ ടി പദ്ധതിയിൽ ഉൾപ്പെടുത്താൻ ഇടയായതെന്നാണ് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/14.09.2023) മറുപടി നൽകിയത്. ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര ഗൗരവം കാണിക്കാത്തതാണ് പദ്ധതിയുടെ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാതെ പോയത്.

## 1-46 വയമ്പ് പുസ്തകം പ്രവർത്തന കലണ്ടർ - സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല.

പദ്ധതി നമ്പർ: 205

പദ്ധതിയുടെ പേര്: വയമ്പ് പുസ്തകം പ്രവർത്തന കലണ്ടർ

അടങ്കൽ തുക:50,000

ചെലവ് തുക: 50,000

ഫണ്ടിനം: വികസന ഫണ്ട്

ബിൽ നമ്പർ: 22/31.03.2023

മേൽ പദ്ധതിയിൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല. കലണ്ടറുകളും, പഠന സഹായികളും കൈപ്പറ്റുന്ന സ്കൂളുകളിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ പേരു വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പേപ്പറിൽ അപൂർണ്ണമായി വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/11.09.20230) 3 സ്കൂളുകൾ മാത്രമാണ് പ്രവർത്തന റിപ്പോർട്ട് നൽകിയത്. പ്രിന്റ് ചെയ്ത് ബാക്കി വന്ന പഠന സഹായികൾ സ്കൂളിൽ രേഖാമൂലം സൂക്ഷിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിലും, തുടർ പ്രവർത്തനത്തിലും നിർവ്വഹണ ഉദ്യോഗസ്ഥൻ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടിയിരുന്നു.

## 1-47 മുറ്റത്തൊരു മീൻ തോട്ടം - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ നിലനിൽക്കുന്നു.

പ്രോജ. 182/23 – മുറ്റത്തൊരു മീൻ തോട്ടം

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഫിഷറീസ് ഇൻസ്പെക്ടർ

| | വികസന ഫണ്ട് | ഗു. വിഹിതം (നേരിട്ട്) | ആകെ |
|---|---|---|---|
| അടങ്കൽ | 32000 | 48000 | 80,000 |
| ചെലവ് | 32000 | നേരിട്ട് | 80,000 |

ബിൽ നം.251/30.01.2023

2022-23 സാമ്പത്തിക വർഷം ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മുറ്റത്തൊരു മീൻതോട്ടം പ്രോജക്റ്റിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാക്രമം പാലിക്കാതെ ആനുകൂല്യം നൽകിയിരിക്കുന്നു. വിശദാംശം .

| ക്രമ നം | പേര് | മേൽവിലാസം | വാർഡ് | മുൻഗണനാക്രമം |
|---|---|---|---|---|
| 1 | സിന്ധു ബി നായർ | സിന്ധുഭവൻ, പള്ളിച്ചവീട് | പള്ളിച്ചവീട് | 5 |

| | | | | |
|---|---|---|---|---|
| 2 | നിഷാ സുരേഷ് | പണയിൽ വീട് | വലിയവീട് | 2 |
| 3 | അസീന ബീവി | കിഴക്കതിൽ വീട് | പള്ളിപ്പുറം | 2 |
| 4 | ഫാമി എം.എസ്. | ചിറ്റുപറമ്പിൽ വീട് | കണ്ടൽ | 2 |

ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാക്രമം പാലിക്കാതെ ആനുകൂല്യം നൽകേണ്ടി വരുന്ന സാഹചര്യങ്ങളിൽ മതിയായ വിശദീകരണം ഫയലിൽ ഉൾപ്പെടുത്തേണ്ടതാണ്.

2. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അംഗീകാരം നൽകുന്നതിന് മുൻപ് അപേക്ഷകന്റെ സ്ഥലം നേരിട്ട് പരിശോധിച്ച്, ഫീൽഡ് തല പരിശോധ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3. പദ്ധതി പൂർത്തീകരണ ശേഷം ഗുണഭോക്താക്കളുടെ സ്ഥലം നേരിട്ട് പരിശോധന നടത്തി പദ്ധതി പൂർത്തീകരണ റിപ്പോർട്ട് / പദ്ധതി നിർവ്വഹണം സാധൂകരിക്കുന്ന രേഖ ലഭ്യമാക്കിയിട്ടില്ല.

4. പദ്ധതിക്ക് നൽകിയ അപേക്ഷയിലെ ഗുണഭോക്താവിന്റെ പേരും ഗുണഭോക്തൃലിസ്റ്റിലെ പേരും പൊരുത്തപ്പെടുന്നില്ല. ഗുണഭോക്തൃ ലിസ്റ്റ് 29-ാം നമ്പരായി ഉൾപ്പെടുത്തിയിട്ടുള്ളത് നിഷാ സുരേഷ് എന്നും അപേക്ഷാ ഫോറത്തിലെ പേര് നിഷ ആർ. എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

5. ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 36 ഗുണഭോക്താക്കളുള്ള പ്രോജക്റ്റിൽ 4 പേർക്ക് മാത്രം തുക വകയിരുത്തി പ്രോജക്റ്റ് നിർവ്വഹണം നടത്തിയിരിക്കുന്നു.

6. പദ്ധതി നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പതിനാലാം സബ്സിഡി/ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി നിർവ്വഹണം നടത്തുന്നതിനും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-48 ബാങ്കിൽ നിന്നും പിൻവലിക്കുന്ന തുകകൾ അതാത് ദിവസത്ത ബാങ്ക് ബുക്കിൽ പ്രതിഫലിക്കുന്നില്ല

ഐ.എൽ.ജി.എം.എസിലെ ബാങ്ക് പാസ്സ് ബുക്കും അക്കൗണ്ട് നം. (799013000000307) സബ്ട്രഷറി, കഴക്കൂട്ടം ബിൽ രജിസ്റ്ററിന്റേയും പരിശോധനയിൽ കണ്ട അപാകതകളിൽ ചിലത് ചുവടെ ചേർക്കുന്നു.

2022 സെപ്റ്റംബർ മാസത്തെ വൗച്ചർ പരിശോധന യിൽ വൗച്ചർ നമ്പർ 22200393 മുതൽ 22200398 വരെ (434267+ 35559 +16500+ 30995+ 22290 + 31855) ആകെ 5,71,466/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ചെക്ക് നമ്പർ 9154989 തീയതി 01.09.2022 പ്രകാരം 30995/- രൂപയുടെ വിവരം മാത്രമാണ് ടി ദിവസത്തെ ഐ.എൽ.ജി.എം.എസ് ബാങ്ക് ബുക്കിൽ ഉള്ളത്.

വൗച്ചർ നമ്പർ 22200399 മുതൽ 22200405 വരെ (27600 + 1000 +1000 + 2750 + 8800 + 14200 +11600) ആകെ 66,950/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ചെക്ക് നമ്പർ 9154990 തീയതി 01.09.2022 പ്രകാരം 14200/- രൂപയുടെ വിവരം മാത്രമാണ് ടി ദിവസത്തെ ഐ.എൽ.ജി.എം.എസിലെ ബാങ്ക് ബുക്കിൽ ഉള്ളത്.

വൗച്ചർ നമ്പർ 22200406 മുതൽ 22200411 വരെ (76000 + 20000 +8000 + 24750 + 11000 + 6050 ) ആകെ 1,45,800/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ചെക്ക് നമ്പർ 9154990 തീയതി 03.09.2022 പ്രകാരം 6050/- രൂപയുടെ വിവരം മാത്രമാണ് ടി ദിവസത്തെ ഐ.എൽ.ജി.എം.എസിലെ ബാങ്ക് ബുക്കിൽ ഉള്ളത്..

ഇങ്ങനെ സംഭവിക്കാൻ ഇടയായ സാഹചര്യം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (48/19.09.2023) മറുപടി ലഭ്യമാക്കിയില്ല. ബാങ്കിൽ നിന്നും പിൻവലിക്കുന്ന തുകകൾ അതാത് ദിവസത്തെ ബാങ്ക് ബുക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-49 കന്നുകുട്ടി പരിപാലന പദ്ധതി - തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

പ്രോജക്റ്റ് : കന്നുകുട്ടി പരിപാലനം - 167/23
നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

| | വികസന ഫണ്ട് | ഗു. വിഹിതം (നേരിട്ട്) |
|---|---|---|

| | | |
|---|---|---|
| അടങ്കൽ | 8,62,500 | 8,62,500 |
| ചെലവ് | 8,62,500 | നേരിട്ട് |

ബിൽ നം.252/30.01.2023

അണ്ടൂർകോണം ഗ്രാമ പഞ്ചായത്ത് പരിധിയിലെ 69 ക്ഷീരകർഷകരുടെ കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നിനുള്ള പദ്ധതിക്കായി SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് തുക അടവാക്കുന്നതിനായി പ്രോജക്ട് രൂപീകരിച്ച് ചെലവ് നിർവ്വഹിച്ചിട്ടുണ്ട്. പദ്ധതിയുടെ ആകെ ചെലവിന്റെ 50% വികസനഫണ്ടും 50% ഗുണഭോക്തൃവിഹിതവും. പദ്ധതി പ്രകാരമുള്ള ചെലവ് തുക എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ പേർക്ക് കൈമാറുന്നു. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം, 2018-19 വർഷം മുതൽ അടവാക്കിയ തുകയിൽ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ വിശദാംശം എന്നിവ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 03/ 11.09.23)-ന് ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | SLBPയ്ക്കായി കൈമാറിയ തുക | ചെലവഴിച്ച തുക | SLBP യിൽ അവശേഷിക്കുന്ന തുക | പദ്ധതിയുടെ നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | 2018-19 | 5,00,000 | 426567 | 73433 | 01.01.21 -ന് പൂർത്തീകരിച്ചു. |
| 2 | 2019-20 | 5,00,000 | 443609 | 56391 | 20.11.2021-ന് പൂർത്തീകരിച്ചു. |
| 3 | 2020-21 | പദ്ധതി നടപ്പിലാക്കിയിട്ടില്ല. | | | |
| 4 | 2021-22 Proj. No.28/22 | 150000 | 149499 | 501 | തുടരുന്നു |
| 5 | 2021-22 Proj. No.26/22 | 5,00,000 | 461958 | 38042 | തുടരുന്നു |

മുൻ വർഷങ്ങളിലുൾപ്പെടെ പൂർത്തീകരിച്ച പദ്ധതികളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കുകയോ തുടർ വർഷങ്ങളിലെ പദ്ധതികളിൽ ഉൾപ്പെടുത്തി ക്രമപ്പെടുത്തുകയോ ചെയ്യുന്നതിനും പദ്ധതികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അവയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | വർഷം | മുന്നിരിപ്പ് | തൻ വർഷം | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| സ്ഥാപനം | | | ലഭിച്ച തുക | | | |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | - | 541500 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 541500 | 0 |
| | | - | 549825 | പാലിന് സബ്സിഡി | 549825 | 0 |
| | | - | 165954 | കേദാരം- സമഗ്ര നെൽകൃഷി വികസനം | 165954 | 0 |
| | | - | 30000 | അഗതി രഹിത കേരളം | 30000 | 0 |
| | | - | 470000 | ലൈഫ് ജനറൽ | 470000 | 0 |
| | | - | 100000 | ലൈഫ് - എസ്.സി | 100000 | 0 |
| ആകെ | | 0 | 1857279 | | 1857279 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | - | 541500 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 541500 | 0 |
| | | - | 60000 | പാലിന് സബ്സിഡി | 60000 | 0 |
| | | - | 557000 | ലൈഫ് ജനറൽ | 557000 | 0 |
| | | - | 1700000 | ലൈഫ് - എസ്.സി | 1700000 | 0 |
| ആകെ | | 0 | 2858500 | | 2858500 | 0 |
| മുനിസിപ്പൽ കോർപ്പറേഷൻ | 2022-23 | - | 694280 | കണിയാപുരം കെ.എസ്.ആർ.ടി.സി ബസ് ഡിപ്പോയിൽ ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം (49/23) | 694280 | 0 |
| | | - | 996465 | എൻ. എച്ച്.എൽ പള്ളിപ്പുറം , സി.ആർ.പി.എഫിന് സമീപം ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം (50/23) | 996465 | 0 |
| | | - | 158,300 | കംപോസ്റ്റ് പിറ്റ് നിർമ്മാണം (177/23) | 158300 | 0 |
| ആകെ | | | 1849045 | | 1849045 | |

| | 2021-22 B-4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | തിരിച്ചടവ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1747638 [1636 For Capital Expenditure + 1746002 For | 1857279 | 3604917 | 1857279 | 1747638 | 0 | 1747638 (1636+ 1746002) |

| | | | | | | | |
|---|---|---|---|---|---|---|---|
| | Revenue Expenditure] | | | | | | |
| ജില്ലാ പഞ്ചായത്ത് വിഹിതം | 57830 | 2858500 | 2916330 | 2858500 | 57830 | 0 | 57830 |
| മുനിസിപ്പൽ കോർപ്പറേഷൻ വിഹിതം | 1700000 (For Capital Expenditure ) | 500000 | 2200000 | 1849045 (1690745+ 158300) | 350955 | 0 | 350955 (9255+ 341700) |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക ( വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | ഗതാഗത തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (SO) | 99302 | * | 99302 |
| കെ.എസ്.ഇ.ബി | വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 100000 | * | 100000 |

| | | | | |
|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | ആല്ലംമൂട് കൊയ്ത്തൂർക്കോണം മാർക്കറ്റിൽ കുഴൽ കിണർ | 186832 | * | 186832 |
| വാട്ടർ അതോറിറ്റി | പള്ളിപ്പുറം ടേക്ക് എ ബ്രേക്കിന് വാട്ടർ കണക്ഷൻ | 45725 | * | 45725 |
| | ആകെ | 431859 | * | - |

* വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | 2021-22 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം (സുലേഖ പ്രകാരം) | ആകെ | വിനിയോഗസാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2022-23 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 2309766 | 199302 | 2509068 | - | 2509068 | 2509068 |
| വാട്ടർ അതോറിറ്റി | 2140500 | 45725 | 2186225 | - | 2186225 | 2186225 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | 0 | 186832 | 186832 | - | 186832 | 186832 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക ( RP -31 (R) പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക, RP -31 (P) പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ( B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| Secured Loan From Co-Operative Banks | (ലഭ്യമാക്കിയില്ല) | 79860 | - | - | *79860 |
| HUDCO | സ.ഉ.(കൈ)68/2018/തസ്വഭവ, തീ.18.05.2018 | 29152751 | 1680000 | 3292769 | 27,539,982 ** |

*ടി ലോൺ സംബന്ധമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കോ- ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും ലഭിച്ച ലോൺ വിശദാംശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 ന് കോ - ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും ലോൺ ലഭിച്ചിട്ടില്ല എന്നാണ് ലഭിച്ച മറുപടി. ലോൺ രജിസ്റ്ററിലും പ്രസ്തുത ലോൺ സംബന്ധമായ രേഖപ്പെടുത്തൽ ഇല്ല.

**തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക ലോൺ രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. 22195093 രൂപയാണ് ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 2,95,56,077.00 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,99,49,419.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,31,27,524.00 |
| നീക്കിയിരിപ്പ് | 4,63,77,972.00 |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 66,10,941.00 |

(ബി) പഞ്ചായത്തു ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 3143.00 | ശ്രീ.ജിന അരവിന്ദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-22 | 9804.00 | ശ്രീ.ജിന അരവിന്ദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-23 | 12694.00 | ശ്രീ.ജിന അരവിന്ദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-24 | 2,70,000.00 | ശ്രീമതി. സന്ധ്യ എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 1-28 | 2,72,000.00 | ശ്രീമതി. ഷെറീന വൈ, ഐ.സി.ഡി.എസ്, സൂപ്പർവൈസർ |
| 1-34 | 60,43,300.00 | ശ്രീ. അരുൺ നിഗ്ളി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ -1 |
| ആകെ | 66,10,941.00 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജിനു അരവിന്ദ്,അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്ത് | ഗംഗോത്രി (മഞ്ചു നിവാസ്), കോട്ടയ്ക്കപുറം, ക്ളാപ്പന പി.ഒ, കൊല്ലം-690525 |
| ശ്രീമതി. സന്ധ്യ എസ്., അസിസ്റ്റന്റ് സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്, ജില്ലാ പഞ്ചായത്ത് | സംഗീതം, പടിഞ്ഞാറ്റുമുക്ക്, ചിറ്റാറ്റുമുക്ക് പി.ഒ |
| ശ്രീമതി. ഷെറീന വൈ. , ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്ത് | ഹാപ്പി ഹോം, കുളത്തുമ്മൽ, ചായ്ക്കോട്ടുകോണം പി.ഒ – 695 122 |
| ശ്രീ. അരുൺ നിഗ്‌ളി,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കൾ -1 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കൾ -2, ആനാട് ഗ്രാമ പഞ്ചായത്ത് | അരുണോദയം, ജി.സി. നഗർ, പേരൂർക്കട |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11 /1825/2022, തീയതി 17.10.2022 | 6 | 3-1, 3-2, 3-3, 3-4, 3-5, 3-6 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11 /1825/2022, തീയതി 17.10.2022 | 3 | 2-1(ബി), 3-7(എ,ബി), 3-13 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11 /1825/2022, തീയതി 17.10.2022 | 9 | 2-2, 2-3, 3-2, 3-3, 3-6, 3-7, 3-8, 3-11, 3-12 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11 /1825/2022, തീയതി 17.10.2022 | 2 | 2-6, 3-6 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11 /1825/2022, തീയതി 17.10.2022 | 14 | 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11 /1825/2022, തീയതി 17.10.2022 | 5 | 2-1, 3-1, 3-2, 3-4, 3-6 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11 /1825/2022, തീയതി 17.10.2022 | 2 | 3-4, 3-6 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11/ 2194/19, തീയതി 07.12.2019 | 24 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/ 222/2020, തീയതി.20.10.2020 | 54 | |

| | | | |
|---|---|---|---|
| 2019-20 | കെ.എസ്.എ.റ്റി.വി.എംജി.പി.11/1725/2021, തീയതി 08.02.2022 | 35 | |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/451/22 തീയതി 11.05.2022 | 51 | |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/2140/22 തീയതി 17.02.2023 | 78 | |

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(5) dated 15-07-2023 and submitted on 01-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Andoorkonam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Andoorkonam Grama Panchayat for the year 2022-2023

Date: 09/11/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Andoorkonam Grama Panchayat for the Year 2022-2023.

**1.Major Observations**

Non disclosure of Assets except Other fixed assets in the balance sheet

Details of fixed asets of the institution other than other fixed assets
have not been included in B-11 schdule of Balance Sheet.

**2.Other Observations**

1.The Annual Financial Statements submitted for verification are not of financial year wise.
The Receipt and payment Schedule submitted through AIMS Software of Kerala State Audit Department
for preliminary verfication of Accounts of the year 2022-23 (as per Section 9 (1) of Kerala Local Fund Audit Act , 1994)
was of the period 01-03-2022 to 31-03-2023 instead of 1-04-2022 to 31-03-2023.

2. All mandatory statements are not included in the annual financial statements Notes on account under rule 62-2(e) of Kerala Panchayat Raj Accounts Rules, 2011, and annual ratios under rule 62-2(f) have not been prepared and submitted with the annual financial statements.
3. Cash flow statement-Net increase/decrease in cashflow doe snot match with the difference between the opening balance and closing balance of cash and cash equivalents. The amount recorded as "Net increase in cash and cash equivalents" In the cash flow statement, is Rs.16821895 but the amount as "Net cash generated by Operating + Investing + Financing Activities (A+B+C)" is Rs.9762115. The figures do not match.
4. The unspent grant amount does not match with the bank balance.
As per schedule B4 in the Gram Panchayat's balance sheet, the Sarva Siksha Abhiyan account shows a balance of Rs.9,196 to be spent. But the bank account opened for the said purpose (Central Bank of India-1243430665) has Rs.10,329 as balance.
5. Lapses in making timely and accurate demand entries in respect of tax revenue.

As per Rule 17(2) of the Kerala Panchayat Raj Accounts Rules, the monthly demand for each item of income to be accrued by the Grama Panchayat shall be recorded by way of journal entry. But the demand of following taxes have been entered only at the end of the financial year.

| Head code | Head | No. and Date of demand entry | Demand in Rs. |
|---|---|---|---|
| 110100101 | Property Tax on Residential Buildings | 42201405 / 31.03.2023 | 2756523 |
| 110100102 | Property Tax on Non Residential | 42201407 /31.03.2023 | 3186715 |
| 110200101 | Profession Tax - Institutions | 42201459/ 31.03.2023 | 113140 |
| 110200105 | Profession Tax - Traders | 42201458/ 31.03.2023 | 365530 |

6. Cheques uncashed for more than 3 months were not transferred to stale cheque account

On comparing annual financial statements of Gram panchayat with data available from ILGMS software, it has been noticed that the post-dated checks have been included in the reconciliation report. Details are given below.

a. In the reconciliation statement of SBI Life account (38065062631) a post-dated cheque of Rs.60000 has been included under Cheque issued but not presented to bank. (Instrument No. 126907, dated 30-09-2021)
B. Out of total 40 cheques included under Cheques issued but not presented to bank in the reconciliation statement of own Fund account, 27 of them are post-dated cheques worth Rs.325014/- .

7. No record is available regarding the treasury account having Rs. 71746 as balance.
Treasury Statement and Reconciliation Statement of Account OLD VPFA A/C- (001) included in Schedule B-17 of the Balance Sheet has not been made available for inspection. It was informed that no documents related to the OLD VPFA having Rs.71746 as balance is available either in treasury or in Gram Panchayat.
8. Details regarding cheques deposited but not cleared were not produced.
As per Bank Reconciliation Statement it has been recorded that the cheques corresponding to the following amounts have been deposited in the bank but have not been credited as on 31-03-2023.

| Sl No. | Bank Account | Account no | Cheque deposited but not cleared (Total amount) |
|---|---|---|---|
| 1 | CANARA BANK cfc e gram KAZHAKUTTAM | 2762101013052 | 5500 (cheque no. 039839 , 31-03-2023) |
| 2 | CENTRAL BANK OF INDIA-OWN FUND KANIYAPURAM | 3012297087 | 324379 |
| 3 | SBI-E PAY KAZHAKOOTTAM | 32956439953 | 2401 |

| | | | |
|---|---|---|---|
| 4 | LGTSB Sub Treasury Kazhakuttam KAZHAKKOOTTAM | 99013000000307 | 30000 |
| Total | | | 362280 |

For the audit enquiry given to provide the details of whether these amounts have been fully received by the Panchayat, the reply was provided that these amounts have been credited to the bank account in the financial year 2023-24, but the authenticity of the reply has not been ascertained as the relevant bank statement was not produced during the time of audit

9. The amount of 1,691,569 shown as balance in the balance sheet does not matches with the concerned treasury account.

The balance amount as per the bank book of treasury account number 701051400000010 of Gram Panchayat is Rs.1,691,569. But according to the bank statement obtained from BIMS software, the balance amount is Rs.0. In the reconciliation report, Rs 16,91,569 has been recorded as Directly Debited by Bank . But there is no other documents available to support such a deduction by bank.

10. The balance sheet does not include the details of all bank accounts of the gram panchayat.

The balance sheet does not include information on balances of the following bank accounts of the Gram Panchayat available from ILGMS. Neither copy of bank statement nor bank passbook in respect of these accounts was made available for inspection. Details are given below.

| Bank | Account no. |
|---|---|
| District Co-operative bank | SB LB 15 |
| Indian Overseas Bank | 216201000008180 |
| CANARA Health grant KL 280 | 110049180509 |
| CANARA QR CODE | 120024222455 |

11. Amounts paid on deposit works are not included under the respective head.

The amounts spent for the year 2022-23 on investment works as per Sulekha Expenditure Statement are not included in Schedule RP-49 of the Annual Financial Statement.

12. Deposit amounts transferred in previous years have not been adjusted till date after completion of work.

Amounts paid to Water Authority and Electricity Board in previous years as deposit (as per B-18 in Balance Sheet for FY 2021-22) have not been adjusted till date.

13. Amount given as advance payment for works done by Accredited and authorised Agencies have not been adjusted till date.

In the trial balance, an advance of Rs.130620 has been recorded under Advance to other Accredited Agencies (460500499) and an advance of Rs.797200 under Advance to other Authorized Agencies (460500399) as opening balance. No amount has been disbursed under this item this year. These amounts given as advance payment for works done by Accredited and Authorised Agencies in previous years have not been adjusted till date

14. No monthly reconciliation is done between the ledger balances and the registers associated with that head.

On inspection of various receipt registers, it has been noticed that they have not been closed monthly and reconciled with the ledger balance and certified.

15. The information in the annual financial statements is not completely consistent with the registers and other documents.

1. According to the information about the part bill provided by the engineer, 614041 rupees have been given as part bill for the financial year 2022-23. But according to the balance sheet for the year 2022-23,

603,627 rupees have been paid as part bill. Figures do not match.
2. Demand-Collection-Balance Report available from Sanchaya Software and Demand-Collection-Balance as per Annual Financial Statement do not match.
3. According to rent register, the total demand-collection-balance amounts for the financial year 2022-23 are 0. It has been informed that the reason for this was that the Building was closed for maintenance work .
But in the annual financial statement of the organization, an income of Rs.13432 has been recorded under the head Rent Receivables From Buildings (Current). The same amount is recorded as demand. The data in register doesnt match with the AFS
4. Discrepancy between DBT statement regarding pension disbursement and annual financial statement
5. As per the loan register maintained by the gram panchayat, the amount remaining to be repaid does not match the amount in the annual financial statement.

16. The cheque received by the Gram Panchayat was not cashed. further action not done.

In the reconciliation statement of own Fund Bank Account (3012297087), a post-dated cheque of Rs.36629/- (Cheque No. 288527/25-02-2022) has been included under the head Cheque deposited but not cleared. The panchayat has lost this amount as the cheque received is not cashed within the due time frame.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്